# അൻപത് സുവർണ്ണസുഭാഷിതങ്ങൾ



ഗ്രന്ഥകർത്താവ്

റവ: ഫാ. ഡാനിയേൽ അയ്യനേത്ത് M.A., Ph.L., S.T.L.

മുൻ പ്രിൻസിപ്പൽ & മലയാളം പ്രൊഫസ്സർ

# അൻപത് സുവർണ്ണ സുഭാഷിതങ്ങൾ

*Compliments from the Author*

ഗ്രന്ഥകർത്താവ്

റവ: ഫാ. ഡാനിയേൽ അയ്യനേത്ത് M.A., Ph.L., S.T.L.

മുൻ പ്രിൻസിപ്പൽ & മലയാളം പ്രൊഫസ്സർ

**ANPATHU SUVARNNA SUBHASHITHANGAL**
*(Malayalam)*

*Author*
**Rev. Prof. D. AYYANETH M.A., Ph.L., S.T.L..**
Former Principal & Professor of Malayalam

*First Publication*
2000 AD

*Printed at*
Kerala State Audio-Visual and Reprographic Centre

*Distributors*
Ignatius Centre, Pattam, Trivandrum
Bethany Book Stall, Thiruvalla

*Price* : Rs. 35.00

# മുഖവുര

അനേകം വർഷത്തെ നീണ്ട ചിന്തയുടേയും പരന്ന വായനയുടേയും മനനത്തിന്റേയും ഫലമാണ് ഈ ഗ്രന്ഥം.

"അൻപത് സുവർണ്ണ സുഭാഷിതം" എന്നതിന്റെ അർത്ഥം വിശദമാക്കുന്നതിന് ആദ്യമായി അല്പം വ്യാകരണകാര്യം പറയേണ്ടിയിരിക്കുന്നു. അവസാനത്തെ വാക്കുതൊട്ട് ആരംഭിക്കാം. സുഭാഷിതം എന്ന പദം വിഗ്രഹിക്കുമ്പോൾ സു + ഭാഷിതം എന്ന് കിട്ടും. സു = സുഷ്ടുവായ, ഭംഗിയുള്ള എന്നൊക്കെ അർത്ഥം. ഈ അക്ഷരം ഒരു ഉപസർഗ്ഗമാണ്. (വാക്കിന്റെ മുമ്പിൽ ചേർക്കുന്ന അക്ഷരം) മിക്കപ്പോഴും വാക്കിനെ വിശേഷിപ്പിക്കുന്നതായിരിക്കും. ഉദാഹരണങ്ങൾ സുദിനം = നല്ല ദിനം (സുഷ്ടുവായ), സുമതി, സു + മതി = നല്ല മനസ്സുള്ള ആൾ. ഈ ഉപസർഗ്ഗത്തിന് നേരേ വിപരീതമായ ഒന്നാണ് കു. കുൽസിതമായ = മോശമായ, ഹീനമായ. ഇതാ, രണ്ടിനും ഒരുമിച്ചുള്ള ഒരു ഉദാഹരണമായ പദ്യശകലം.

"സുചേഷ്ടിതം കൊണ്ട് ജഗൽ പ്രസിദ്ധൻ
കുചേലനെന്നൊരു ഭൂമിദേവൻ"

സൽപ്രവൃത്തികൊണ്ട് (സുചേഷ്ടിതം) പ്രസിദ്ധനായ ബ്രാഹ്മണൻ, മുഷിഞ്ഞ (മോശമായ) വസ്ത്രം ധരിച്ചവനായിരുന്നതിനാൽ കുചേലനെന്ന് അറിയപ്പെട്ടു.

ഭാഷിതം = പറയപ്പെട്ടത്, പറച്ചിൽ, ചൊല്ല്, ഭാഷണം, വാക്യം എന്നൊക്കെ അർത്ഥം. സൂക്തം (സു + ഉക്തം = നന്നായി പറയപ്പെട്ടത്) (ഉക്തം = പറയപ്പെട്ടത്) എന്നതും, സൂക്തി എന്നതും അർത്ഥത്തിൽ സുഭാഷിതത്തോട് യോജിക്കും.

ഉള്ളിൽ ആശയങ്ങൾ കുത്തിനിറച്ച വാക്യമാണ് സുഭാഷിതം. പഴഞ്ചൊല്ലിനോട് ഇതിന് അല്പം സാദൃശ്യമുണ്ട്. എന്നാൽ കാര്യമായ ഒരു വ്യത്യാസം ഇതാണ്. പഴഞ്ചൊല്ലുകൾ ആരൊക്കെ എപ്പോൾ പറഞ്ഞെന്ന് ആർക്കും അറിഞ്ഞുകൂടാ. എന്നാൽ സുഭാഷിതങ്ങൾ പലതും ആരുടേതെന്ന് കണ്ടുപിടിക്കാൻ സാധിച്ചെന്നുവരും. സംസ്കൃ

ത്തിൽ അനേകം പ്രാചീന സുഭാഷിത ഗ്രന്ഥങ്ങളുണ്ട്. സുഭാഷിത ദരത്നകോശം, ശാർങ്ധര പദ്ധതി, സൂക്തി മുക്താവലി, ഭർത്തൃഹരി യുടെ സുഭാഷിതങ്ങൾ മുതലായവ. മലയാളത്തിൽ ചുരുക്കം ചിലതു ണ്ട്. കെ.സി. കേശവപിള്ളയുടെ സുഭാഷിത രത്നാകരം, ഉള്ളൂരിന്റെ ദീപാവലി മുതലായവ.

അർത്ഥസമ്പുഷ്ടമായ ചൊല്ല്, നന്മയിലേയ്ക്ക് നയിക്കുന്ന വചനം എന്നൊക്കെ സുഭാഷിതത്തിന് നിർവചനം നൽകാം.

ഇനിയും 'സുവർണ്ണ' എന്ന പദത്തിലേയ്ക്ക് കടക്കാം. സ്വർണ ത്തോട് ബന്ധപ്പെടുത്തിയുള്ള ഒരർത്ഥം ഇതിനുണ്ട്. സുവർണ്ണാവസരം എന്നതിന് ഇംഗ്ലീഷിൽ `Golden Opportunity` എന്നാണല്ലോ പറയു ന്നത്. സ്വർണ്ണത്തിന്റെ തിളക്കവും വിലയുമുള്ള സദ് വചനങ്ങളാണ് സുവർണ്ണ സുഭാഷിതങ്ങൾ.

ഈ ഗ്രന്ഥത്തിൽ ഒന്നാം ഭാഗത്തുള്ള ഇരുപത്തൊന്ന് സുഭാഷി തങ്ങൾ വിജ്ഞാനത്തിന്റെയും വിശുദ്ധിയുടേയും പൂർണ്ണതയായ ലോകരക്ഷകൻ യേശുക്രിസ്തു ഉപദേശിച്ച തിരുവചനങ്ങളാണ്. ആദ്യത്തെ നാലെണ്ണം ദൈവികചൈതന്യം നിറഞ്ഞുനിന്ന കന്യകാ മറിയം പറഞ്ഞവയാണ്.

യേശുവിന്റെ തിരുവചനങ്ങളിൽ 'അഷ്ടസൗഭാഗ്യങ്ങൾ' എല്ലാം ദൈനംദിന ജീവിതത്തോട് ബന്ധപ്പെടുത്തി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ഗിരിപ്രഭാഷണത്തിലെ മറ്റു ചില വാക്യങ്ങളും ഉൾക്കൊ ള്ളിച്ചിരിക്കുന്നു. പലപ്പോഴായി നൽകപ്പെട്ട വേറെചില ഉപദേശങ്ങളും ചേരുന്നതാണ് ഈ ഇരുപത്തൊന്ന് സുഭാഷിതങ്ങൾ.

രണ്ടാം ഭാഗത്ത് പൊതുവിഷയങ്ങൾ ആസ്പദമാക്കിയുള്ള വിഭി ന്നയിനം സൂക്തികളാണ്. ഏതാനും പഴഞ്ചൊല്ലുകൾ, ഒന്നുരണ്ടു 'ന്യായങ്ങൾ', മഹാകവികളുടെ ചില പദ്യശകലങ്ങൾ, സുഭാഷിതഗ്ര ന്ഥങ്ങളിൽനിന്നെടുത്തിട്ടുള്ള ഏതാനും വാക്യങ്ങൾ, ഐതിഹ്യ ത്തോട് ബന്ധപ്പെട്ട ഒരു കഥ എന്നിവ ഉൾപ്പെടുന്നു. ചിന്തയ്ക്കും മൗനമന്ദഹാസത്തിനും ഉതകുന്ന വിശദീകരണങ്ങളാണ് നൽകിയി ട്ടുള്ളത്.

"ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം മഹത്വപ്പെടട്ടെ." ഈ സുഭാഷിതം ഗ്രന്ഥകാരൻ സദാ ഉരുവിടുന്ന ഒരവസരമാണിത്. അതിനെക്കുറിച്ച് പറഞ്ഞെങ്കിലേ ഈ ഗ്രന്ഥം രചിച്ചതിന്റെ ലക്ഷ്യം മനസ്സിലാകുകയുള്ളു.

സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും ജൂബിലികൾ വരാറുണ്ട്. ഇരുപത്തഞ്ച് വർഷത്തേത് രജതജൂബിലി (Silver Jubilee), അൻപതാമത്തേത് സുവർണ്ണ അഥവാ കനക ജൂബിലി (Golden Jubilee). ഒരു വ്യക്തിയുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം അൻപത് വർഷം ഒരു ദീർഘമായ കാലഘട്ടമാണ്. പലതിനോടും ബന്ധപ്പെട്ടാണ് വ്യക്തികളുടെ ജീവിതത്തിൽ ജൂബിലികൾ കടന്നുവരുന്നത്. അതിവിശിഷ്ടമായ വൈദികശുശ്രൂഷയുടെ (Priest-hood) സുവർണ്ണ ജൂബിലിയാണ് ഈ ഗ്രന്ഥകാരന്റെ ജീവിതത്തിൽ ഇപ്പോൾ കടന്നുവരുന്നത്. മഹാജൂബിലിയുടെ ഈ വർഷത്തിലെ ഓഗസ്റ്റ് 24ന് ഈ ചെറിയ സുവർണ്ണജൂബിലിയും കടന്നുവരുന്നു.

സിലോണിലെ (ശ്രീലങ്ക) കാൻഡി പേപ്പൽ സെമിനാരിയിൽ എട്ടു വർഷത്തെ പഠനം പൂർത്തിയാക്കി അവിടെവച്ചുതന്നെ വൈദിക പട്ടാഭിഷേകം സ്വീകരിച്ചു. ഇപ്പോൾ നാൽപത്തൊൻപത് വർഷം പൂർത്തിയായി അൻപതാം വർഷത്തിലേയ്ക്കു കടക്കുന്നു. ഈ അരനൂറ്റാണ്ടു കാലത്തെ ജീവിതത്തിലും വ്യാപാരങ്ങളിലും മാത്രമല്ല, ജീവിതത്തിന്റെ ആരംഭം മുതൽ ഇതുവരെയുള്ള കാലഘട്ടം മുഴുവനിലും സർവ്വശക്തനും കരുണാസമ്പൂർണ്ണനുമായ ദൈവത്തിന്റെ കരുത്തേറിയ കരങ്ങൾ എന്നെ നയിച്ചിരുന്നു. ഇപ്പോഴും നയിക്കുന്നു. വാത്സല്യനിധിയായ ആ പരമപിതാവിന് എന്റെ ഹൃദയവും ശിരസ്സും ഒപ്പം അർപ്പിക്കുന്നു.

ഈ അരനൂറ്റാണ്ടുകാലത്തെ വൈദികശുശ്രൂഷയിൽ വിവിധ മണ്ഡലങ്ങളിൽ (വിശേഷിച്ച്, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, പ്രേഷിതരംഗം) സേവനം അനുഷ്ഠിക്കാൻ ദൈവാനുഗ്രഹം ലഭിച്ചതിൽ ഞാൻ സംതൃപ്തനും സന്തുഷ്ടനുമാണ്. ഇതിന്റെ ഒരു ലഘുചരിത്രം ബയോഡേറ്റായിൽ (Bio-data) കാണാം. അതിനാൽ ഇവിടെ കുടുതൽ വിവരിക്കുന്നില്ല.

ഈ ഗ്രന്ഥത്തിന്റെ ഒരു സവിശേഷത ഇതിന് അവതാരകനും, ആശംസകരും, അനുവാചകർ തന്നെയാണെന്നതാണ്. ഈ ഗ്രന്ഥത്തിൽനിന്ന് ആർക്കെങ്കിലും എന്തെങ്കിലും സ്വാംശീകരിക്കാൻ ലഭിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി. ആത്മസുഹൃത്തും ഗുരുകല്പനുമായ പ്രൊഫ. പി.സി. ദേവസ്യ MA; D. Lit. എഴുതിയതും അനുബന്ധങ്ങളിൽ ആദ്യം ചേർത്തിരിക്കുന്നതുമായ ലഘുതുലികാചിത്രം വിലപ്പെട്ടതായി കരുതുന്നു. ആ മഹാകവിയ്ക്ക് എന്റെ സ്നേഹം നിറഞ്ഞ നന്ദി. ഇതിന്റെ കൈയെഴുത്തുപ്രതി തയ്യാറാക്കിയ റെജി തച്ചക്കോടിനും മുദ്രണം ഭംഗിയായി നിർവഹിച്ച കെ.എസ്.എ.വി.ആർ. സി.ക്കും കൃതജ്ഞത അർപ്പിക്കുന്നു.

സ്നേഹവായ്പ്പോടെ പ്രാർത്ഥനാപുരസ്സരം മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കായി ഈ 'സുവർണ്ണജൂബിലി ഹൃസ്വഗ്രന്ഥം' ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു.

റവ. പ്രൊഫ. ഡി. അയ്യനേത്ത് M.A., Ph.L., S.T.L.
ചാപ്ലിൻ (Chaplain)
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ, അഞ്ചൽ

2000 ജൂലൈ 15

# വിഷയവിവരം

## ഒന്നാം ഭാഗം

1 "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ." ........ 11
2. "ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു... താഴ്മയുള്ളവരെ ഉയർത്തി" ........ 13
3. "അങ്ങയുടെ ഇഷ്ടം നടക്കട്ടെ" ........ 14
4. "അവർക്ക് വീഞ്ഞില്ല" ........ 16
5. "ആത്മാവിൽ ദരിദ്രർ സൗഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവരുടേതാണ്" ........ 18
6. "വിലപിക്കുന്നവർ സൗഭാഗ്യവാന്മാർ, അവർക്കാശ്വാസം ലഭിക്കും" ........ 20
7. "സൗമ്യതയുള്ളവർ സൗഭാഗ്യവാന്മാർ, ഭൂമി അവർക്ക് അവകാശമായി കിട്ടും" ........ 21
8. "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ സൗഭാഗ്യവാന്മാർ, അവർ സംതൃപ്തരാകും" ........ 22
9. "കരുണയുള്ളവർ സൗഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും" ........ 24
10. "ഹൃദയശുദ്ധിയുള്ളവർ സൗഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" ........ 26
11. "സമാധാനം സ്ഥാപിക്കുന്നവർ സൗഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" ........ 28
12. "നീതിക്കുവേണ്ടി പീഡ അനുഭവിക്കുന്നവർ സൗഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" ........ 29
13. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്.... നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെമുമ്പിൽ പ്രകാശിക്കട്ടെ..." ........ 30
14. "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്" ........ 31
15. "വിധിക്കപ്പെടാതിരിക്കുവാൻവേണ്ടി നിങ്ങൾ വിധിക്കരുത്" ........ 32
16. "ശത്രുക്കളെ സ്നേഹിക്കുക" ........ 34
17 "വൃക്ഷം നന്നെങ്കിൽ ഫലവും നന്ന്" ........ 36
18. "മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി മാത്രം പുണ്യകർമ്മങ്ങൾ ചെയ്യരുത്" ........ 37
19. "എനിക്ക് തെറ്റിപ്പോയി" ........ 38
20 "നീയും പോയി അപ്രകാരം ചെയ്യുക" ........ 40
21. "ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, ശേഖരിക്കുന്നുമില്ല" ........ 42

22. "സദാ ജാഗരൂകരായിരിക്കുവിൻ,
ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല" ........ 44
23. "ഞാൻ വന്നത് നിങ്ങൾക്കു ജീവൻ നൽകുവാനാണ്
അത് സമൃദ്ധമായി നൽകുവാനാണ്" ........ 46
24. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ" ........ 48
25. "ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടമായാൽ
എന്തു പ്രയോജനം?" ........ 49

## രണ്ടാം ഭാഗം

26. "താൻ പാതി ദൈവംപാതി" ........ 52
27. "തിന്മ പ്രവൃത്തിക്കാതിരുന്നാൽ
തിന്മ വന്നുഭവിക്കുകയില്ല" ........ 53
28. "ആപത്തിൽ അടിപതറരുത്" ........ 54
29. "കരത്തിൻ ഭൂഷണം ദാനം, ഭരം താൻ വൈരമോതിരം" ........ 55
30. "അമ്മായിയമ്മ പൊട്ടിച്ചത് മൺചട്ടി,
മരുമകൾ പൊട്ടിച്ചത് പൊൻചട്ടി" ........ 56
31. "നരമൃഗവും മൃഗവും സമാനം താൻ" ........ 57
32. "പറഞ്ഞിടാ വാക്കിനെ മാറ്റി മാന്യൻ" ........ 59
33. "പണം സാത്താന്റെ കാഷ്ഠം" ........ 61
34. "വൃദ്ധനാകുന്നില്ലാരും ഉത്തമാംഗം നരച്ചാലും" ........ 63
35. "സ്ത്രീധനം – സ്ത്രീയെന്ന ധനം" ........ 65
36. "വികാരങ്ങൾ വിവേകപൂർവ്വം നിയന്ത്രിക്കണം" ........ 67
37. "അകൃത്യം ചെയ്വതിനായ് തുനിയുന്ന ദശാന്തരേ,
അരുതെന്നൊരുശബ്ദം ഉള്ളിൽ നിന്നുളവായ്വരും" ........ 70
38. "ബുദ്ധിമാന്റെ നാവ് ഹൃദയത്തിലും ഭോഷന്റെ ഹൃദയം നാവിലുമാണ്" 71
39. "അന്ധ പംഗു ന്യായം" ........ 73
40. "സത്യം വദ, ധർമ്മം ചര" ........ 74
41. "അസൂയ അസ്ഥികളെ ക്ഷീണിപ്പിക്കുന്നു" ........ 77
42. "മനുഷ്യനെ കൊല്ലിയെ കണ്ടു" ........ 78
43. "കോപമാകുന്നത് വിത്തെന്നറിയണം,
പാവമാകുന്ന മരാമരത്തിനെടോ" ........ 80
44. "സുഖത്തിലുണ്ടാം സഖിമാരനേകം" ........ 82
45. അവന്റെ പുഞ്ചിരിയിൽ കഠാരി ഒളിഞ്ഞിരിപ്പുണ്ട്. ........ 84
46. "വിദ്യാവിഹീനഃപശുഃ" ........ 85
47. "സുഖവും ദു:ഖവും ജീവിതത്തിൽ സമ്മിശ്രമായി വരും" ........ 88
48. "ദുസ്സംഗം ഉപേക്ഷിച്ചാലും, സൽസ്സംഗം സ്വീകരിച്ചാലും" ........ 89
49. "ഗുണികൾ ഊഴിയിൽ നീണ്ടുവാഴാ" ........ 91
50. "ശവപ്പറമ്പിൽ എല്ലാവരും സമൻമാർ" ........ 93
അനുബന്ധങ്ങൾ (തൂലികാചിത്രങ്ങൾ, കവിതകൾ) ........ 96
വിവാഹപ്രശ്നം (ഒരു ഹാസ്യപ്രഹസനം) ........ 104

# അൻപത് സുവർണ്ണ സുഭാഷിതങ്ങൾ

## ഒന്നാം ഭാഗം

1 **"ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ."**

പൊതുവെ, വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം ഏറ്റം ഹൃദ്യവും, ഹൃദയസ്പർശിയുമായ ഒരു ഗ്രന്ഥമാണെന്ന് പറയപ്പെടുന്നു. ഒരു അമേരിക്കൻ സുപ്രസിദ്ധ നോവലിസ്റ്റായ ടെയിലർ കോൾഡ്വെൽ എഴുതിയ `My dear Physician` (എന്റെ പ്രിയപ്പെട്ട വൈദ്യൻ) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിലെ പല വിവരണങ്ങളും എനിക്ക് സദാ കുളിർമ്മയും മഹത്തായ ചിന്തയും പ്രദാനം ചെയ്യുന്നുണ്ട്."

പണ്ഡിതനും ഗവേഷകനും വൈദ്യനുമായിരുന്ന ലൂക്കോസ്, പൗലോസ് ശ്ലീഹായുടെ പ്രിയപ്പെട്ട ശിഷ്യനും ആയിരുന്നല്ലോ. മറ്റു രണ്ട് സമാന്തര സുവിശേഷകരുടെ ഗ്രന്ഥങ്ങളിൽ കാണാത്ത പല വിശിഷ്ടമായ വിവരണങ്ങളും വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിലുണ്ട്. അപ്രകാരമുള്ള ഒരു സംഭവവിവരണമാണ്, വിശുദ്ധ കന്യകാമറിയം എലിസബേത്തിനെ സന്ദർശിക്കുവാൻ പോയത്. ഗബ്രിയേൽ ദൂതന്റെ ദർശനത്തിൽക്കൂടി തനിക്ക് ലഭിക്കുവാൻ പോകുന്ന സൗഭാഗ്യത്തെക്കുറിച്ച് അറിഞ്ഞതിന് ഒന്നുരണ്ടു മാസങ്ങൾക്ക് ശേഷമായിരിക്കാം ഈ കൂടിക്കാഴ്ച നടക്കുന്നത്. പരസ്പരദർശനം ലഭിച്ചയുടൻ മാതാപിതാക്കളും, ഗർഭസ്ഥ ശിശുക്കളും അത്യധികം സന്തോഷിക്കുന്നതായി വിവരിച്ചിരിക്കുന്നു. മറിയത്തിന്റെ ഉദരത്തിലെ ശിശു

വിനെ തിരിച്ചറിഞ്ഞ മറ്റേ ശിശു സന്തോഷത്താൽ തന്റെ മാതാവിന്റെ ഉദരത്തിൽ കുതിച്ചുചാടി. ("ശിശുതൻ മുമ്പിൽ ശിശു തുള്ളി")

എലിസബേത്ത് മറിയത്തെ പ്രകീർത്തിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവളായ നീ ഭാഗ്യവതിയാകുന്നു." ഈ സൗഭാഗ്യം അംഗീകരിച്ചുകൊണ്ട് മറിയം അപ്പോൾ ചൊല്ലിയ സ്തോത്രഗീതം അതിവിശിഷ്ടവും വളരെ അർത്ഥവത്തുമാണ്. "എന്റെ ആത്മാവ് കർത്താവിനെ പ്രകീർത്തിക്കുന്നു" എന്നു തുടങ്ങുന്ന ഈ സ്തുതിഗീതം സഭയുടെ പല പ്രാർത്ഥനകളിലും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. സകലത്തിനും ദൈവത്തിന് നന്ദി പറയേണ്ട ആവശ്യം, അഗാധമായ എളിമയുടെ മഹത്വം തുടങ്ങിയ ഉൽകൃഷ്ടമായ ആശയങ്ങൾ ഈ സ്തുതിഗീതത്തിലുണ്ട്. അക്കൂട്ടത്തിൽപ്പെടുന്ന ഒരു വലിയ ആശയമാണ് "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ" എന്ന പ്രസ്താവന.

ശക്തി പല വിധത്തിലുണ്ട്. ഭൂമി, ആകാശം, ആഴി എന്നിവയിലുൾക്കൊള്ളുന്ന പ്രപഞ്ചത്തിലെ അത്ഭുതകരമായ ശക്തിവിശേഷങ്ങൾ ഒരിടത്ത്, കൊച്ചുപ്രപഞ്ചം (Micro-cosmos) എന്ന് വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യനിലെ ശക്തി വേറൊരിടത്ത്. ഈ ശക്തിവിശേഷങ്ങളുടെയെല്ലാം പ്രഭവസ്ഥാനമായ പരമശക്തിയാണ് ദൈവം.

മനുഷ്യനിലെ വിവിധ ശക്തിവിശേഷങ്ങളായ കായശക്തി, മേധാശക്തി, ആത്മശക്തി ഇവയെല്ലാം ദൈവദത്തങ്ങളാണ്. ഈ ശക്തിവിശേഷങ്ങൾ ഉപയോഗിച്ച് മനുഷ്യൻ ഓരോ വിധത്തിലുള്ള നേട്ടങ്ങൾ വരിക്കുന്നു. ഈ നേട്ടങ്ങൾ സ്വന്തമാണെന്ന് വിചാരിച്ച് അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നത് അൽപത്തവും, അഹങ്കാരവും, അജ്ഞതയും മൂലമാണ്. നിഷ്കളങ്കരും എളിയവരുമായ ആളുകൾ ഒരിക്കലും സ്വന്തം ശക്തിയിലും അതുമൂലമുള്ള നേട്ടത്തിലും അഹങ്കരിക്കുകയില്ല. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് രക്ഷകനെ ലോകത്തിന് പ്രദാനം ചെയ്ത മാതാവ്. ആ മഹത്തായ മാതൃസ്ഥാനം ദൈവദാനമാണെന്നംഗീകരിച്ച് ആ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

രക്ഷകന്റെ മുന്തിരിത്തോട്ടത്തിൽ അരനൂറ്റാണ്ട് പ്രവർത്തിച്ച് ദൈവത്തിന് മഹത്വം നൽകുകയും തന്റെ മക്കൾക്ക് പലതരത്തിലുള്ള എളിയ സേവനങ്ങൾ ചെയ്യുകയും ചെയ്ത ഈ ഗ്രന്ഥക്കാരനും മറിയത്തോടൊപ്പം ഇപ്രകാരം പ്രസ്താവിക്കുന്നു: "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ."

## 2. "ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു... താഴ്മയുള്ളവരെ ഉയർത്തി"

മുമ്പു വിവരിച്ച സ്തോത്രഗീതത്തിൽ ഉൾപ്പെട്ട ഭാഗമാണിത്. മനുഷ്യഹൃദയത്തിന്റെ ഏറ്റം വലിയ ഒരു ദുർബ്ബലതയാണ് അഹങ്കാരം. ഈ ദുർഗ്ഗുണം ജീവിതത്തിലെ പല തകർച്ചയ്ക്കും കാരണമാണ്. `Pride goes before every fall` എന്ന ഇംഗ്ലീഷ് ചൊല്ല് ഏറ്റം അർത്ഥവത്താണ്. അഹങ്കരിക്കുന്നവൻ ദൈവത്തെ ആരാധിക്കുന്നതിനുപകരം സ്വന്തം വ്യക്തിത്വത്തെ ആരാധിക്കുന്നവനാണ്. അങ്ങനെയുള്ളവരേയും അവരുടെ പ്രവർത്തനങ്ങളേയും ദൈവം തകർത്തുകളയുന്നതിന് പറഞ്ഞാലൊടുങ്ങാത്ത ഉദാഹരണങ്ങളുമുണ്ട്.

പഴയ നിയമത്തിലെ "ബാബേൽ" ഗോപുരം പണിയാൻ ശ്രമിച്ചവരുടെ കടുത്ത പരാജയം ഒരുദാഹരണം. ആകാശം മുട്ടുന്ന ഗോപുരമാണ് അവർക്ക് പണിയേണ്ടത്. അവരുടെ ഉള്ളിലെ അഹങ്കാരം ദൈവം മനസ്സിലാക്കി. പണിക്കാർക്ക് ഓരോരുത്തരുടേയും ഭാഷ അന്യോന്യം മനസ്സിലാക്കുവാൻ സാധിക്കാത്ത അവസ്ഥ വരുത്തി. വെള്ളം കൊണ്ടുവരുവാൻ ഒരാൾ പറഞ്ഞപ്പോൾ മനസ്സിലാകാഞ്ഞതിനാൽ കല്ലാണ് കൊണ്ടുവന്നത്. ഇപ്രകാരമുള്ള കുഴാമറിച്ചിൽമൂലം ഗോപുരം പണി അവിടെ അവസാനിച്ചു. ആകാശംമുട്ടെ പണിയണം എന്നു വിചാരിച്ചവരുടെ അഭിലാഷം തകർന്ന് തരിപ്പണമായി. ദാവീദിന്റെ പുത്രനായിരുന്ന ആബ്ശലോമിന്റെ കഥ വേറൊരുദാഹരണം. തന്റെ കായശക്തിയിലും സൗന്ദര്യത്തിലും അഹങ്കരിച്ച പുത്രൻ സ്വന്തം പിതാവിനെതിരായി സൈന്യത്തെ ഒരുക്കി യുദ്ധം ചെയ്തു. ഫലമോ? ആബ്ശലോമിന്റെ കഴുത്തറക്കപ്പെട്ട അനുഭവം. ഏദൻതോ

ട്ടത്തിലെ ആദ്യത്തെ പാപത്തിന്റെയും അതിന്റെ ശിക്ഷയുടേയും കാരണം അഹങ്കാരം ആയിരുന്നല്ലോ.

അഹങ്കാരം ഒരു ദുഷിച്ച തള്ളയാണ്. അതിന്റെ പിള്ളകളാണ് ദുരഭിമാനം, ആത്മപ്രശംസ, തൻകാര്യം, ക്രൂരത, അസൂയ തുടങ്ങിയ ദുർഗ്ഗുണങ്ങൾ. ഇവ മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെ പല തരത്തിലും ഇടിച്ചുതാഴ്ത്തുന്നു. ദുരഭിമാനം മൂലം കാപട്യം മനുഷ്യനിൽ മുറ്റിനിൽക്കുന്നു. അപ്പോൾ വ്യാജം പറയുന്നതിനും പ്രവർത്തിക്കുന്നതിനും യാതൊരു മടിയുമില്ല. ഇമ്മാതിരി ദുർഗ്ഗുണങ്ങൾക്കൊക്കെ അടിമപ്പെട്ട് ജീവിക്കുന്നവർക്ക് പലതരത്തിലുള്ള നാശനഷ്ടങ്ങൾ വന്നുഭവിക്കും. ദൈവത്തിന്റെ കോപം ഇടിത്തീപോലെ അവർ അറിയാതെ അവരുടെ മേൽ വന്നുവീഴും. അതിന് ലോകചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളാണുള്ളത്.

തൻമൂലം അഹങ്കാരം ഏറ്റം വർജ്ജ്യമാണെന്ന് ഓർക്കണം. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതി ലഭിക്കണമെങ്കിൽ അഹങ്കാരത്തിന്റെ നേരേ എതിരായ ഗുണമായ വിനയം വേണ്ടുവോളം ആവശ്യമാണ്. അതുകൊണ്ടാണ് മറിയം പറയുന്നത് "എളിമയുള്ളവരെ ദൈവം ഉയർത്തി" എന്ന്. വേറൊരിടത്ത് മാതാവ് പറയുന്നുണ്ട്. "കണ്ടാലും ഈ ദാസിയുടെ എളിമ താൻ തൃക്കൺപാർത്തു, ഇതുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും."

അഹങ്കാരത്തിന്റെ സന്തതികളായ ദുരഭിമാനവും ആത്മപ്രശംസയുമൊക്കെ വർജ്ജിച്ച് ജീവിക്കുന്നവർക്ക് മറ്റേതെല്ലാം കുറവുകളുണ്ടായാലും സമാധാനവും സ്വസ്ഥതയും എപ്പോഴും അനുഭവിക്കുവാൻ കഴിയും. ഈയൊരു പാഠം എല്ലാ മനുഷ്യരും പഠിക്കേണ്ടതാണ്. അഹങ്കരിക്കുന്നവൻ സ്വന്തം ശക്തിയിൽ മാത്രം ആശ്രയിക്കുകയും മിക്കപ്പോഴും പരാജയം അടയുകയും ചെയ്യും. എളിമയുള്ളവൻ ദൈവത്തെ ആശ്രയിച്ച് എല്ലാം ചെയ്യുന്നതിനാൽ ദൈവശക്തിമൂലം വിജയം വരിക്കും.

## 3. "അങ്ങയുടെ ഇഷ്ടം നടക്കട്ടെ"

ദൈവത്തിന്റെ ദൗത്യം നിർവ്വഹിച്ചുകഴിഞ്ഞ ഗബ്രിയേൽ മാലാ

ഖയോട് കന്യകമറിയം പറഞ്ഞ വാക്കുകളാണിവ. മിശിഹായുടെ അമ്മയായി തെരഞ്ഞെടുക്കപ്പെട്ടു എന്ന ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഗൗരവമേറിയ ചുമതല ഏറ്റെടുക്കണമെന്നായിരുന്നു ദൈവത്തിന്റെ ഇഷ്ടം. അത് നിറവേറ്റുമ്പോൾ തന്റെ കന്യാത്വം നഷ്ടപ്പെടാതെ ദൈവം പരിരക്ഷിച്ചുകൊള്ളുമെന്നുള്ള അറിയിപ്പ് മറിയത്തിന് വേണ്ടുവോളം സമാധാനം നൽകി. അതിനാൽ ദൈവത്തിന്റെ ഇഷ്ടത്തിന് ആ കന്യക പറഞ്ഞ മറുപടി "ഇതാ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം നിറവേറ്റട്ടെ."

ദൈവത്തിലുള്ള മറിയത്തിന്റെ അതുല്യമായ വിശ്വാസവും, ആശ്രയബോധവും അനുസരണവുമെല്ലാം ഈ പ്രസ്താവന വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതിന് വലിയ വില കൊടുക്കേണ്ടതായി നാം പിന്നീട് കാണുന്നു. യേശുവിന്റെ ജനനം മുതൽ മരണം വരെ സഹിക്കേണ്ടിവന്ന വേദനകളും യാതനകളും ദൈവത്തിന്റെ ഇഷ്ടപ്രകാരം സ്വീകരിക്കേണ്ടിവന്നവയാണ്.

പുൽക്കൂട്ടിലുള്ള ജനനം മുതൽ കാൽവരിയിലെ കുരിശുമരണം വരെ ക്രിസ്തുവും പിതാവിന്റെ ഇഷ്ടം നിറവേറ്റുകയാണ് ചെയ്തത്. ദൈവപുത്രൻ മനുഷ്യനായി ജനിക്കുന്നതുതന്നെ ഒരു വലിയ ശൂന്യവൽക്കരണം (Kenosis) ആണെന്ന് വിശുദ്ധ പൗലോസ്ശ്ലീഹാ ഫിലിപ്പിയർക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്. ദൈവവുമായുള്ള സമാനത പരിഗണിക്കാതെ, ദാസന്റെ സ്വഭാവം (മനുഷ്യസ്വഭാവം) എടുത്ത് പുൽക്കൂട്ടിൽ പിറന്നതായിരുന്നു ഈ ശൂന്യവൽക്കരണം. അതിനാൽ പുൽക്കൂട് ഒന്നാമത്തെ കാൽവരിയാണെന്നുപറയാം.

യേശുവിന്റെ ജീവിതത്തിലുടനീളം ഇപ്രകാരം ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാനുള്ള ഒരു വ്യഗ്രത നമുക്ക് കാണുവാൻ കഴിയും. രണ്ട് പ്രധാന സംഭവങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം. ഗെദ്സമെൻ തോട്ടത്തിൽ താൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, മനുഷ്യരുടെ സ്നേഹശൂന്യതയും നന്ദികേടും എല്ലാം തന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നു. പിറ്റേദിവസം സഹിക്കുവാൻ പോകുന്ന വേദനകളോരോന്നും തന്റെ മനസ്സിൽക്കൂടി കടന്നുപോകുകയായിരുന്നു. ആ വേദനകളെല്ലാം സഹിക്കുന്നതിന് മാനു

ഷിക ബലഹീനതയാൽ വിഷമം തോന്നി പിതാവിനോട് ഇപ്രകാരം പ്രാർത്ഥിച്ചു; "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റേണമേ." അല്പം കഴിഞ്ഞ് വീണ്ടും ഇപ്രകാരം പ്രാർത്ഥിച്ചു; "എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നടക്കട്ടെ." മനുഷ്യരക്ഷയ്ക്കു വേണ്ടി താൻ പീഡകൾ സഹിക്കണമെന്ന് മനസ്സിലാക്കിയാണ് പിതാവിന്റെ ഇഷ്ടത്തിന് പൂർണ്ണമായും കീഴ്വഴങ്ങുന്നത്. കാൽവരിയിൽ കുരിശിൽ കിടന്ന് വേദനകളെല്ലാം സഹിച്ചശേഷം പറയുവാനുള്ള ചിലതെല്ലാം പറഞ്ഞു. അവസാനം ഇപ്രകാരം പറഞ്ഞു: "എല്ലാം നിറവേറി." പിതാവിന്റെ ഇഷ്ടം പൂർണ്ണമായും നിറവേറ്റിക്കഴിഞ്ഞു എന്നാണ് അങ്ങനെ പറഞ്ഞതിന്റെ അർത്ഥം.

ദൈവത്തിൽ സജീവമായ വിശ്വാസവും, ആശ്രയബോധവുമുള്ള എല്ലാ മനുഷ്യർക്കും യേശുവിനോടും മറിയത്തോടുമൊപ്പം പറയാൻ കഴിയണം പിതാവിന്റെ ഇഷ്ടം നടക്കട്ടെ അല്ലെങ്കിൽ പിതാവിന്റെ ഇഷ്ടം നിറവേറ്റി. ജീവിതത്തിലെ അനുഭവങ്ങളും പ്രവൃത്തികളുമെല്ലാം ദൈവത്തിന്റെ കല്പനകൾക്കനുസൃതമാക്കിയെങ്കിൽ മാത്രമേ ഇങ്ങനെ പറയുന്നതിലർത്ഥമുള്ളൂ. ജീവിതത്തിലെ ഏത് സാഹചര്യത്തിലും, വേദനയിലും, സുഖത്തിലും, ആരോഗ്യത്തിലും, അനാരോഗ്യത്തിലും, സുഭിക്ഷതയിലും, ദാരിദ്ര്യത്തിലും എല്ലാം ദൈവത്തിന്റെ ഇഷ്ടം ദർശിക്കുകയും അതിന് വഴിപ്പെടുകയും ചെയ്യണം. അപ്പോൾ ദൈവത്തോടും മറ്റാരോടും പരിഭവപ്പെടുകയില്ല. അങ്ങനെ സമാധാനവും ശാന്തിയും ജീവിതത്തിൽ മുഴുവനും അനുഭവിക്കുവാൻ സാധിക്കും. ജീവിതം ദൈവത്തിനായി പൂർണമായും സമർപ്പിക്കുന്ന വൈദികരും സന്യസ്തരും അവരുടെ ജീവിതാന്ത്യംവരെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റേണ്ടവരാണ്.

## 4. "അവർക്ക് വീഞ്ഞില്ല"

യേശുവിന്റെ പരസ്യജീവിതം ആരംഭിച്ചതേയുള്ളൂ. ഈ അവസരത്തിലാണ് കാനാ എന്ന സ്ഥലത്ത് ഒരു വീട്ടിൽ ഒരു കല്യാണവിരുന്ന് നടക്കുന്നത്. യേശു ബാല്യവും കൗമാരവും കഴിച്ച നസറേത്തിന് അടുത്തുള്ള ഒരു ഗ്രാമമാണ് കാനാ. അതിനാലായിരിക്കാം യേശുവും

മാതാവും ഈ വിരുന്നിനെത്തുന്നത്. കല്യാണപ്പന്തലിൽ വീഞ്ഞ് സുലഭമായി വിളമ്പുന്നത് അവിടെ അന്നത്തെ പതിവായിരുന്നു. ആ പ്രദേശങ്ങളിൽ മുന്തിരിങ്ങായും വീഞ്ഞും വേണ്ടുവോളം ലഭിക്കുമായിരുന്നു. എന്നാൽ എന്തുകൊണ്ടോ മുമ്പു പറഞ്ഞ കല്ല്യാണവിരുന്നിന് വീഞ്ഞ് പോരാതെവന്നു. വിരുന്നുകാർക്ക് വിഭവങ്ങൾ ആവശ്യാനുസരണം നൽകാൻ ഒക്കാതെവരുന്നത് വിരുന്നു നടത്തുന്നവർക്ക് നാണക്കേടാണ്. ഇത് മനസ്സിലാക്കിയ മറിയം യേശുവിനോട് പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. മറിയത്തിന്റെ പരസ്നേഹവും കാരുണ്യവും ഇവിടെ ദൃശ്യമാണ്. വാസ്തവത്തിൽ ഒരതിഥി മാത്രമായ മറിയത്തിന് ആ വീട്ടുകാരുടെ കാര്യത്തിൽ ഇടപെടേണ്ട ആവശ്യമില്ലായിരുന്നു. യേശുവിന്റെ മറുപടി ഇത് സൂചിപ്പിക്കുന്നുമുണ്ട്. എന്നാൽ ആ വിഷമസന്ധിയിൽ അവരെ സഹായിക്കേണ്ട ആവശ്യം സ്നേഹനിധിയായ മറിയത്തിന് തോന്നി. യേശുവിന്റെ വാക്കുകൾക്ക് മറിയത്തിന്റെ അർത്ഥവത്തായ മൗനമായിരുന്നു മറുപടി. എങ്കിലും തന്റെ പുത്രനിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ച ആ മാതാവ് ജോലിക്കാരോട് ഇപ്രകാരം പറഞ്ഞു: "അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ." മാതാവിന്റെ ഇഷ്ടമനുസരിച്ച് യേശു ഉടൻ പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ഒഴിഞ്ഞ ഭരണികളിൽ വെള്ളം നിറയ്ക്കുവാൻ യേശു വേലക്കാരോട് കല്പിച്ചു. അവർ അപ്രകാരം ചെയ്തു.

യേശു പറഞ്ഞപ്രകാരം ജോലിക്കാർ ആ ആറു ഭരണികളിൽനിന്നും കോരിക്കൊണ്ട് വിളമ്പിയത് ഒന്നാന്തരം വീഞ്ഞായിരുന്നു. യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതം. അതുവഴി തന്റെ ദിവ്യത്വം വെളിപ്പെടുത്തി. കൂടാതെ തന്റെ പ്രിയപ്പെട്ട മാതാവിന്റെ അഭ്യർത്ഥന അംഗീകരിക്കുവാനും വിഷമസ്ഥിതിയിലായവരെ സഹായിക്കുവാനും യേശു ഒട്ടും മടിച്ചില്ല. മാതാവിന്റെ മാദ്ധ്യസ്ഥം വഴി യേശു ഏതും സാധിച്ചുകൊടുക്കുമെന്നതിനുള്ള ആദ്യത്തെ ഉദാഹരണമാണിത്. മാതാവിനെ ശരണം പ്രാപിക്കുന്ന അവശരേയും, ആർത്തരേയും മാതാവ് യേശുവിന്റെ പക്കൽ സമർപ്പിച്ച് അനുഗ്രഹങ്ങൾ നേടിക്കൊടുക്കും. ഇതിന് സഭാചരിത്രത്തിൽ അനേകായിരം ഉദാഹരണങ്ങളുണ്ട്. ലൂർദിലും, ഫാത്തിമായിലും നടന്നതും, നടക്കുന്നതുമായ

ആയിരക്കണക്കിന് അത്ഭുതങ്ങൾ ഇക്കാര്യം വെളിപ്പെടുത്തുന്നു.

ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്. മാതാവ് വഴി യേശുവിനെ സമീപിക്കുന്നവർക്ക് അവശ്യം വേണ്ട കാര്യമാണ് തങ്ങളുടെ നിസ്സാരതയും നിസ്സഹായതയും തുറന്നുസമ്മതിക്കുന്നത്. വിശ്വാസവും, ആശ്രയബോധവും ആവശ്യക്കാരുടെ പക്ഷത്തുണ്ടായിരിക്കണം. അപ്പോൾ മാതാവും യേശുവും ഒരുമിച്ച് സഹായിക്കും. കാനായിൽ നടന്ന സംഭവത്തിൽനിന്ന് ഇക്കാര്യമാണ് നന്നായി മനസ്സിലാക്കാവുന്നത്. മാതാവിനെയും യേശുവിനെയും മുറുകെപ്പിടിക്കുന്ന വൈദികരും സന്യസ്തരും മറ്റുള്ളവർക്ക് സജീവ മാതൃകയായിരിക്കണം.

## 5. "ആത്മാവിൽ ദരിദ്രർ സൗഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവരുടേതാണ്"

ക്രൈസ്തവസഭയുടെ 'മാഗ്നാകാർട്ട' (Magnacarta) എന്ന് വിശേഷിപ്പിക്കപ്പെടുന്നതാണ് 'ഗിരിപ്രഭാഷണം' (Sermon on the mount). ലോകരക്ഷകനായ ക്രിസ്തുനാഥന്റെ രക്ഷാകരവ്യാപാരങ്ങളിൽ ഏറ്റം പ്രമുഖമായവ പെസഹാ രഹസ്യങ്ങളായിരുന്നു. (പീഡാനുഭവം, കുരിശുമരണം, പുനരുത്ഥാനം). ഇവയിൽക്കൂടി നേടിത്തന്ന ജീവജലം മനുഷ്യാത്മാക്കളിലേയ്ക്ക് ഒഴുക്കിക്കൊണ്ടുപോകുന്ന കൂദാശകളുടെ മാർഗ്ഗവും, കല്പനകളുടെ മാർഗ്ഗവും മനുഷ്യജീവിതത്തിനും രക്ഷയ്ക്കും ഏറ്റം ആവശ്യമാണ്. എന്നാൽ അവ കൂടാതെ താൻ പലപ്പോഴായി നൽകിയ ഉപദേശങ്ങളാകുന്ന ജീവവചസ്സുകളും ക്രൈസ്തവജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നു.

യേശുവിന്റെ വിശിഷ്ട ഉപദേശങ്ങളുടെ കടഞ്ഞെടുത്ത സത്തയാണ് ഗിരിപ്രഭാഷണമെന്നു പറയാം. ഇതിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഭാഗം 'അഷ്ടസൗഭാഗ്യങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നു. അതിനാൽ ഗിരിപ്രഭാഷണത്തിന്റെ ആദ്യഭാഗമായിട്ടുതന്നെ അത് നൽകപ്പെട്ടിട്ടുണ്ട്. അഷ്ടസൗഭാഗ്യങ്ങളിൽ ഒന്നാമത്തേതാണ് ആത്മീയദാരിദ്ര്യത്തെ സംബന്ധിക്കുന്നത്. എട്ടുകൂട്ടം നന്മ അല്ലെങ്കിൽ ഗുണം ചെയ്യുന്നവർക്ക് അതിന് തക്ക പ്രതിഫലം ഇഹലോകത്തിലും പരലോകത്തിലും ലഭിക്കുമെന്നാണ് ക്രിസ്തുനാഥൻ പ്രഖ്യാപിക്കുന്നത്.

ആത്മീയദാരിദ്ര്യമുള്ളവർക്ക് ലഭിക്കുന്ന പ്രതിഫലം അല്ലെങ്കിൽ സൗഭാഗ്യമാണ് സ്വർഗ്ഗരാജ്യം.

ഭാഗ്യംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് താൽക്കാലികമായി ലഭിക്കുന്ന ധനലാഭമോ, കീർത്തിയോ ഒന്നുമല്ല. അഞ്ചുരൂപായുടെ ഒരു ലോട്ടറി ടിക്കറ്റെടുത്തിട്ട് അഞ്ചുലക്ഷം രൂപാ സമ്മാനമായി കിട്ടിയാൽ ലോകദൃഷ്ടിയിൽ അതൊരു മഹാഭാഗ്യമാണ്. എന്നാൽ അങ്ങനെയുള്ളൊരു ഭാഗ്യമല്ല ഇവിടെ വിവക്ഷിക്കുന്നത്. ഇഹത്തിലും പരത്തിലും ലഭിക്കുന്ന ആനന്ദാനുഭവവും മനഃശാന്തിയുമാണ് ഈ എട്ടു നന്മകളും ചെയ്യുന്നവർക്ക് ലഭിക്കുന്നത്. ആ അർത്ഥത്തിലാണ് അവരെ സൗഭാഗ്യവാന്മാർ എന്ന് വിശേഷിപ്പിക്കുന്നത്.

ദാരിദ്ര്യം ഒരു നന്മയാണെന്നു പറഞ്ഞുകൂടാ. തലയ്ക്കുമീതെ ഒരു കൂരയും ജീവൻ നിലനിർത്തുവാൻവേണ്ട ആഹാരവും, നഗ്നത മറയ്ക്കുവാൻ ആവശ്യമായ വസ്ത്രവും, ശ്വസിക്കുവാനുള്ള വായുവും, കുടിക്കാനുള്ള ജലവും ഒരു മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങളാണ്. അവ ഇല്ലാത്തവർ പരമ ദരിദ്രരാണുതാനും. അങ്ങനെയുള്ള ഒരു ദാരിദ്ര്യം അല്ല സ്വർഗ്ഗരാജ്യം ലഭിക്കുന്നതിനുള്ള ഒരുപാധിയായി പറയുന്നത്. മുമ്പു പറഞ്ഞ കാര്യങ്ങൾ സമൃദ്ധമായ തോതിൽ ഉണ്ടായാലും അയാൾ സൗഭാഗ്യമുള്ളവനാണെന്നു പറയുന്നതിലർത്ഥമില്ല. കിട്ടുന്നതും നേടുന്നതുമെല്ലാം എപ്പോൾ വേണമെങ്കിലും നഷ്ടപ്പെടാം.

ലൗകികസുഖങ്ങളോടും വസ്തുക്കളോടുമുള്ള മനുഷ്യന്റെ മനോഭാവത്തിനാണ് പ്രാധാന്യം. അവയോടു പറ്റിച്ചേരുന്നതും ദൈവത്തെക്കാളുപരി അവയെ പരിഗണിക്കുന്നതും ആത്മീയദാരിദ്ര്യം ഇല്ലാത്തവരാണ്. ദൈവത്തെ എല്ലാറ്റിനുമുപരി പരിഗണിക്കുകയും സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരാളിന് ലൗകികകാര്യങ്ങളോട് അനൽപമായ വിരക്തി ആവശ്യമാണ്. ഈ വിരക്തിയാണ് യഥാർത്ഥത്തിൽ ആത്മീയദാരിദ്ര്യം എന്നു പറയുന്നത്. ഈടുറ്റ ആത്മീയസമ്പത്ത്, സജീവമായ വിശ്വാസം, ആത്മാർത്ഥമായ ദൈവാശ്രയം, അഗാധമായ എളിമ ഇവയൊക്കെയുള്ളവർക്ക് മാത്രമേ ഇപ്രകാരമുള്ള ആത്മീയദാരിദ്ര്യം സമ്പാദിക്കുവാൻ കഴിയൂ.

സ്വർഗ്ഗരാജ്യം എന്നു പറയുന്നത് ദൈവദർശനത്തിൽക്കൂടിയുള്ള ആനന്ദാനുഭവത്തിന്റെ അവസ്ഥയാണ്. ഈ ലോകത്തിൽവച്ച് ഭാഗികമായും, പരലോകത്തിൽ പൂർണ്ണമായും ഈ ആനന്ദം ലഭിക്കും. ആ സൗഭാഗ്യം മുമ്പുപറഞ്ഞ രീതിയിലുള്ള ആത്മീയ ദാരിദ്ര്യത്തിൽക്കൂടി നേടണമെന്നാണ് ക്രിസ്തുനാഥൻ ഇവിടെ ഉപദേശിക്കുന്നത്.

## 6. "വിലപിക്കുന്നവർ സൗഭാഗ്യവാന്മാർ, അവർക്കാശ്വാസം ലഭിക്കും"

വിലാപം എന്ന വാക്കുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് വെറും കരച്ചിൽ മാത്രമല്ല. ജീവിതത്തിൽ അനുഭവിക്കുന്ന വിവിധ തരങ്ങളായ ദുഃഖങ്ങൾ മൂലമുള്ള കരച്ചിൽ എന്ന് അർത്ഥമാക്കേണ്ടതുണ്ട്. വേദന, സാമ്പത്തികമായ നഷ്ടം, നിനച്ചിരിക്കാത്ത ആപത്ത്, പ്രിയപ്പെട്ടവരുടെ വേർപാട്, മാനഹാനി തുടങ്ങിയവയെല്ലാം ദുഃഖാനുഭവത്തിന് നിദാനങ്ങളാണ്. ദുഃഖത്തിന് അടിസ്ഥാനമായ കാര്യങ്ങൾ ഒഴിവാക്കുവാൻ കഴിയുമെങ്കിൽ ഒഴിവാക്കേണ്ടതാണ്. ശരീരത്തിൽ തന്നത്താൻ കുത്തി മുറിവേൽപ്പിക്കുന്നതുമൂലമുണ്ടാകുന്ന വേദന ദുഃഖം വിളിച്ചുവരുത്തും. ഇതുപോലെയുള്ള ദുഃഖം വരുത്തുന്നവർ ഭ്രാന്തന്മാരും സാഹസികന്മാരുമാണ്. നമ്മാൽ ഒഴിവാക്കാൻ കഴിയാത്ത അനേകം സാഹചര്യങ്ങൾ മൂലം വേദനയും ദുഃഖവും തനിക്കും, സ്വന്തക്കാർക്കും ഉണ്ടായെന്നുവരാം. ഉദാഹരണമായി നല്ല ആരോഗ്യമുണ്ടെന്നു കരുതിയിരുന്ന ഒരാൾ കലശലായ ക്യാൻസർ ബാധ ഉണ്ടായി മരിക്കുന്നു. രോഗിയായിരുന്ന കാലത്ത് അയാൾ വേദനിക്കുകയും ദുഃഖിക്കുകയും ചെയ്തു. വീട്ടുകാർക്കും ബന്ധുക്കൾക്കും ആ വേദനയുടെ ഭാഗം ലഭിച്ചിരിക്കുവാനും ഇടയുണ്ട്. മരണം സംഭവിക്കുമ്പോൾ വീട്ടുകാർക്കും ബന്ധുക്കൾക്കും ഉണ്ടാകുന്ന ദുഃഖവും കരച്ചിലും ഒഴിവാക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല. ഇക്കാര്യത്തിൽ മനുഷ്യന്റെ നിസ്സഹായാവസ്ഥ വെളിപ്പെടും.

ദുഃഖത്തിൽനിന്നും വിലാപത്തിൽനിന്നും രക്ഷപ്പെടുവാൻ ഒരു മാർഗ്ഗമേയുള്ളു. സ്വന്തം നിസ്സഹായാവസ്ഥ മനസ്സിലാക്കി സർവ്വശക്തനും പരമകാരണീകനുമായ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക. എല്ലാ ദുഃഖത്തിലും വിലാപത്തിലും എല്ലാവർക്കും ആശ്വാസം

നൽകുവാൻ ദൈവത്തിന് സാധിക്കും. "ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ" എന്നാൽ ആശ്വാസത്തിനുവേണ്ടി ദൈവത്തെ വിളിച്ച് വിലപിക്കണം. മാരകമായ രോഗവും പീഡിപ്പിക്കുന്ന സാഹചര്യങ്ങളും ദൈവം മാറ്റിയില്ലെങ്കിലും വിലപിക്കുന്നവർക്ക് മനഃസമാധാനം നൽകി അവരെ ആശ്വസിപ്പിക്കുമെന്നതിൽ തർക്കമില്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദുഃഖവും വേദനയും രക്ഷകനായ ക്രിസ്തുവിനെ നോക്കി അനുഭവിക്കണം. ക്രൂശിതനായ ക്രിസ്തുവിനെ സദാ ദർശിക്കുന്ന ഏത് ദുഃഖിതനും ആശ്വാസം ലഭിക്കാതിരിക്കുകയില്ല. ക്രിസ്തുവിന്റെ കുരിശ് ആശ്വാസത്തിന്റേയും ശാന്തിയുടേയും സങ്കേതമാണ്. ക്രിസ്തുവിന്റെ വിശ്വസ്ത ശിഷ്യനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കാം. "ക്രിസ്തുവിന്റെ കുരിശിലല്ലാതെ ഞാൻ മറ്റൊന്നിലും ആശ്രയിക്കുകയില്ല." അനേകതരത്തിലുള്ള വേദനകൾ അനുഭവിച്ചശേഷം രക്തസാക്ഷിത്വം വരിക്കുന്ന അവസരത്തിൽപോലും ഈ കുരിശിലുള്ള ആശ്രയമാണ് പൗലോസിന് ആശ്വാസം നൽകിയത്. ജീവിതം മുഴുവനും ദുഃഖങ്ങളുടെ സാഹചര്യങ്ങളിൽ ജീവിച്ച അനേകലക്ഷം രക്തസാക്ഷികളും വിശുദ്ധന്മാരും ക്രിസ്തുവിന്റെ കുരിശിൽ ആശ്വാസം കണ്ടെത്തിയ ചരിത്രം നമ്മുടെ കൺമുമ്പിലുണ്ട്.

ജീവിതത്തിൽ വേദനയും ദുഃഖവും വിലാപവും ഏവർക്കുമുണ്ടാകും. അപ്പോൾ പതറുകയും നിരാശപ്പെടുകയും ചെയ്യരുത്. മുമ്പു പറഞ്ഞ രീതിയിൽ ദൈവത്തിൽനിന്ന് ആശ്വാസം കണ്ടെത്താൻ പരിശ്രമിക്കാം.

തെറ്റുകളെക്കുറിച്ചുള്ള യഥാർത്ഥ പശ്ചാത്താപം (അനുതാപം) ആത്മീയവിലാപമാണ്. അതിന്റെ പ്രാധാന്യവും ഇവിടെ സൂചിതമാണ്.

## 7. "സൗമ്യതയുള്ളവർ സൗഭാഗ്യവാന്മാർ, ഭൂമി അവർക്ക് അവകാശമായി കിട്ടും"

സൗമ്യത എന്നത് അതിവിശിഷ്ടമായ ഒരു സ്വഭാവഗുണമാണ്. പ്രതികാരബുദ്ധിയും അഹങ്കാരവും സാഹസികതയും ഇല്ലാത്തവർക്ക് മാത്രമേ ഈ ഗുണം ഉണ്ടായിരിക്കുകയുള്ളു. എന്നാൽ ആധുനിക ലോകത്തിൽ പ്രതികാരബുദ്ധിയും തലയെടുപ്പും ഇല്ലാത്തവനെ 'നട്ടെ

ല്ലില്ലാത്തവനും ഭീരുവും' എന്ന് മുദ്രകുത്തും. പകരം വീട്ടാൻവേണ്ടി ഏത് ദ്രോഹവും ചെയ്യുന്നവൻ സമർത്ഥനും ധൈര്യശാലിയുമാണെന്ന് പുകഴ്ത്തപ്പെടും. അതിനാൽ ബാലന്മാർപോലും വീരനായകന്മാരായിത്തീരാൻ ഏത് ക്രൂരതയും കാട്ടാൻ മടിക്കുകയില്ല.

എന്തിന്റെ പേരിലായാലും ക്രൂരതയും സൗമ്യതയും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ല. ക്രൂരതയും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും ഒരു മനുഷ്യനെ ഹീനനും നികൃഷ്ടനുമാക്കിത്തീർക്കുന്നു. അതിനാലാണ് യേശു സൗമ്യതയുടെ മാഹാത്മ്യം ഉയർത്തിക്കാട്ടുന്നത്. സൗമ്യത ശാന്തിക്കും സമാധാനത്തിനും അടിത്തറയാണ്. ഈ ഗുണമുള്ളവരുടെ വാക്കും, പെരുമാറ്റവും മറ്റുള്ളവർക്ക് പ്രിയങ്കരമായിരിക്കും. ശാന്തശീലരല്ലാത്തവരുടെ വാക്കുകളും പെരുമാറ്റങ്ങളും അരോചകവും വിരസവുമായി മറ്റുള്ളവർക്ക് അനുഭവപ്പെടും. ക്രിസ്തുനാഥന്റെ ജീവിതചര്യകളും പെരുമാറ്റ രീതികളും ഇക്കാര്യത്തിൽ സജീവമാതൃകയാണ്. ഒരവസരത്തിൽ താൻ ഇപ്രകാരം പറഞ്ഞു "ഞാൻ ഹൃദയശാന്തതയും എളിമയുമുള്ളവനുമാകയാൽ എന്നിൽനിന്നു പഠിക്കുവിൻ."

സൗമ്യതയുള്ളവർക്ക് ലഭിക്കുന്ന സൗഭാഗ്യം ഭൂമി അവകാശമായി കിട്ടുമെന്നുള്ളതാണല്ലോ. ഇവിടെ ഭൂമി എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് അനേകമേക്കർ വസ്തുക്കളോ മറ്റു വസ്തുവകകളോ ലഭിക്കുമെന്നല്ല. എത്ര കുറച്ച് വസ്തുവകകളുണ്ടായാലും ഭൂമി മുഴുവനും ലഭിച്ചമട്ടിൽ ചിന്തിക്കുവാനും ജീവിക്കുവാനും സൗമ്യശീലമുള്ളവർക്ക് സാധിക്കും. അപ്രകാരമുള്ള ചിന്തയും ജീവിതവും അവർക്കാനന്ദപ്രദവുമായിരിക്കും. ഈയൊരവസ്ഥ ആർക്കും ഏറ്റം അഭികാമ്യമല്ലേ?

## 8. "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ സൗഭാഗ്യവാന്മാർ, അവർ സംതൃപ്തരാകും"

നീതിക്ക് രണ്ടർത്ഥം പറയാം. നന്മ അഥവാ വിശുദ്ധി എന്നതാണ് ഒന്നാമത്തെ അർത്ഥം. അതിനാൽ വിശുദ്ധിയുള്ളവരെ അല്ലെങ്കിൽ നന്മ ചെയ്യുന്നവരെ നീതിമാന്മാർ എന്ന് വിശേഷിപ്പിക്കാം. യേശുവിന്റെ വളർത്തുപിതാവായിരുന്ന യൗസേപ്പ് നീതിമാനായിരുന്നു എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്.

സാമൂഹ്യനീതി (Social Justice) എന്നതാണ് രണ്ടാമത്തെ അർത്ഥം. ന്യായമായ വേതനം ജോലിക്കാർക്ക് നൽകേണ്ടത് നീതി ആവശ്യപ്പെടുന്നു. കടം വാങ്ങിയാൽ വീട്ടേണ്ടതും നീതി ആവശ്യപ്പെടുന്ന കാര്യമാണ്. ഇങ്ങനെ സമൂഹത്തിൽ അനേകം കാര്യങ്ങളിൽ ഈ നീതി പുലർത്തേണ്ടതുണ്ട്. നീതി ലഭിക്കാതെ വരുമ്പോഴാണ് അസംതൃപ്തി ഉണ്ടാകുന്നത്, കലഹങ്ങളുണ്ടാകുന്നത്.

സാമുഹ്യനീതിക്കനുസരണം വേണ്ടപ്പെട്ടവർ പ്രവർത്തിക്കാത്തതുമൂലമാണ് വിപ്ലവങ്ങളും കൂട്ടക്കൊലപാതകങ്ങളുമുണ്ടായത്. ഇപ്പോൾ ഉണ്ടാകുന്നതും സാർ (TSAR) ചക്രവർത്തിയുടെ ഭരണത്തിലെ അനീതി മുലമാണെന്നു പറഞ്ഞാണ് റഷ്യൻ വിപ്ലവമുണ്ടായത്. അതിൽ അനേകലക്ഷങ്ങളുടെ രക്തം തെരുവുകളിൽക്കൂടി ഒഴുകി. ഫ്രാൻസിലെ ചക്രവർത്തിമാരുടെ അനീതി മൂലമാണ് ഫ്രഞ്ചുവിപ്ലവം ഉണ്ടായതെന്നു പറയപ്പെടുന്നു. അവിടേയും രക്തച്ചൊരിച്ചിലുണ്ടായി. 'ഗില്ലറ്റിൻ' എന്ന തലവെട്ടുയന്ത്രത്തിൽക്കൂടി അനേകായിരങ്ങളുടെ ശിരസ്സുകളാണ് വെട്ടിയെറിയപ്പെട്ടത്. സാമൂഹ്യനീതിയെക്കുറിച്ച് ഏവരും ബോധവാന്മാരാകണമെന്നും അത് പാലിക്കണമെന്നുമെല്ലാം ഈ സംഭവങ്ങൾ തെളിയിക്കുന്നു. ജീവിതത്തിൽ ആദ്യം പറഞ്ഞ വിശുദ്ധിയെന്ന നീതിയുള്ളവർ സാമുഹ്യനീതിയുള്ളവരായിരിക്കും. വിശുദ്ധിയില്ലാത്തവരാണ് മറ്റുള്ളവരുടെ അവകാശങ്ങൾ പരിഗണിക്കാത്തതും അതുവഴി സാമൂഹ്യനീതി പുലർത്താത്തതും.

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യണമെന്നു പറയുമ്പോൾ, നീതിയുടെ അതിപ്രധാനമായ ആവശ്യമാണ് സൂചിപ്പിക്കുന്നത്. വിശപ്പിന് ഭക്ഷണവും ദാഹത്തിന് ജലവും എത്രത്തോളം ആവശ്യമാണോ അത്രത്തോളം ആവശ്യമാണ് വ്യക്തിപരമായ ജീവിതത്തിലും സാമൂഹിക ജീവിതത്തിലും നീതി പുലർത്തേണ്ടത്.

വ്യക്തിഗത ജീവിതത്തിൽ വിശുദ്ധി (നീതി) യുള്ള ആളിന് എപ്പോഴും സംതൃപ്തിയുണ്ടായിരിക്കും. അയാൾക്ക് യാതൊന്നിനെക്കുറിച്ചും ആകുലപ്പെടുകയും ദുഃഖിക്കുകയും ചെയ്യേണ്ടതില്ല. മനസ്സിന്റെ സംതൃപ്തിയാണ് മനുഷ്യന്റെ സംതൃപ്തി. സാമൂഹികജീവിതത്തിൽ നീതി പുലർത്തുന്നവർക്കും സംതൃപ്തി ലഭിക്കും. ഓരോ

രുത്തരും എല്ലാവർക്കും വേണ്ടിയും എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും (Each for all and all for each) എന്ന സഹകരണമുദ്രാവാക്യം അന്വർത്ഥമാക്കിയാൽ മതി. നേരെ മറിച്ച് ഓരോരുത്തരും അവനവ നുവേണ്ടിമാത്രം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് അസംതൃപ്തി ഉണ്ടാകുന്നത്. സാഹചര്യങ്ങളോടും പരിമിതികളോടും പൊരുത്തപ്പെട്ട് അന്യോന്യം സഹായിച്ചു ജീവിക്കുമ്പോൾ സർവ്വത്ര സംതൃപ്തി ലഭിക്കുന്നതാണ്.

## 9. "കരുണയുള്ളവർ സൗഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും"

കരുണ, കാരുണ്യം, ദയ എന്നൊക്കെപ്പറയുന്നത് ഒരേ സുഗുണ മാണ്. ത്യാഗനിർഭരവും നിഷ്കളങ്കവുമായ സ്നേഹത്തിൽനിന്ന് ഉരി ത്തിരിയുന്നതാണ് കരുണ. അതിനാൽ ഒരാളിനെ നിഷ്കളങ്കമായി സ്നേഹിച്ചെങ്കിൽ മാത്രമേ അയാളോട് കരുണ കാണിക്കുവാൻ സാധി ക്കുകയുള്ളു.

ഗ്രീക്കിൽ സ്നേഹമെന്ന പദത്തിന് തുല്യമായ മുന്നു വാക്കുക ളുണ്ട്. ഈറോസ് (Eros) എന്നത് തൻകാര്യത്തിനുവേണ്ടി വേറൊരാ ളിനെ സ്നേഹിക്കുകയാണ്. കാമം എന്ന വാക്ക് ഏകദേശം ഇതിന് യോജിക്കും. ഒരാൾ ചൂണ്ടലിൽ കുടി മത്സ്യത്തിന് ഇരകൊടുക്കുന്നത് മത്സ്യത്തെ സ്നേഹിച്ചിട്ടല്ല. അതിനെ ഭക്ഷിക്കുവാൻ വേണ്ടിയുള്ള തൻകാര്യം മൂലമാണ്. ആധുനികലോകത്തിൽ മനുഷ്യജീവിതത്തിൽ ഇമ്മാതിരി സ്നേഹമാണ് മുറ്റിനിൽക്കുന്നതെന്നു പറയാം. ഒരാളുടെ വസ്തുക്കളിൽ നിന്നോ ശരീരത്തിൽനിന്നോ എന്തെങ്കിലും നേടു വാൻവേണ്ടി സ്നേഹം പ്രകടിപ്പിക്കുകയാണ് ഈറോസ് അഥവാ കാമം. ഫീലിയാ (Philia) യിൽ സ്വാർത്ഥത കാണുകയില്ല. പരനന്മയും ഉണ്ടായിരിക്കുകയില്ല. യഥാർത്ഥത്തിൽ ഇപ്രകാരമുള്ള സ്നേഹം വിര ളമായിരിക്കും. മൂന്നാമത്തേതാണ് അഗാപ്പേ (Agape). ഇത് നിസ്വാർത്ഥ സ്നേഹമാണ്. ഒരുവനെ അവനുവേണ്ടിത്തന്നെ സ്നേഹിക്കുക. ആ സ്നേഹം മൂലം സ്വയം ത്യാഗം അനുഭവിക്കുക. പോളണ്ടിൽ നാസി കളുടെ ക്യാമ്പിൽവച്ച് പട്ടാളക്കാർ വെടിവച്ചുകൊല്ലുവാൻ കൊണ്ടു

പോകുന്ന ഒരു തടവുകാരന്റെ കരച്ചിലും ദുഃഖവും കണ്ട് ഹൃദയമലിഞ്ഞ ഫാദർ കോൾബേ അയാൾക്കുപകരം വെടിയേറ്റുമരിക്കുന്ന ഹൃദയസ്പർശിയായ സംഭവകഥ നമ്മുടെ കൺമുമ്പിലുണ്ട്.

തന്റെ ഉച്ചിയിൽ വെയിലേറ്റ് കീഴിൽ ആശ്രയിക്കുന്നവർക്ക് വൃക്ഷം തണൽ നൽകുന്നതുപോലെ സ്വന്തം സുഖങ്ങളും സൗകര്യങ്ങളും ത്യജിച്ച് അന്യർക്കുവേണ്ടി ജീവിച്ചുമരിച്ച അനേകായിരം ധന്യരുടെ ജീവിതം കാണുമ്പോൾ കരുണ എന്താണെന്ന് നമുക്ക് മനസ്സിലാകും. കുഷ്ഠരോഗികളുടെ മധ്യത്തിൽ ജീവിച്ച് പ്രവർത്തിച്ചശേഷം കുഷ്ഠരോഗിയായി മരിച്ച ഫാദർ ഡാമിയേനും, അശരണരായി മരണം വരിക്കുവാൻപോകുന്ന അനേകായിരം ആസന്ന മരണരേയും ലക്ഷക്കണക്കിന് രോഗികളേയും ശുശ്രൂഷിച്ച് മരിച്ച മദർ തെരേസായുടേയും ജീവിതം കരുണാമയമായിരുന്നെന്ന് ആർക്കും പറയുവാൻ കഴിയും. ബാബാ ആംപ്തേയുടെ മാതൃക ഒട്ടും വിസ്മരിക്കാവുന്നതല്ല. കരുണയുടെ ആവശ്യവും മഹത്വവും ഇമ്മാതിരിയുള്ള ധന്യരുടെ ജീവിതത്തിൽ തെളിഞ്ഞുകാണാം. കരുണയെന്ന സുഗുണം ജീവിതത്തിൽക്കൂടി മാത്രമേ നമുക്കു കാണുവാൻ കഴിയുകയുള്ളു.

കരുണയും സ്നേഹശൂന്യതയും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ല. സ്നേഹശൂന്യതയുള്ളവർക്ക് ക്ഷമിക്കുവാൻ പ്രയാസമാണ്. തന്മൂലം അവർ പരുഷമായി പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യും. കരുണയില്ലാത്തവരെ ഹൃദയശൂന്യരെന്ന് വിശേഷിപ്പിക്കാറുണ്ട്. മനുഷ്യത്വമില്ലാത്തവനെന്നും പറയും. കരുണ സ്വാഭാവികമായ ഒരു ഗുണമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. ഒരു മൃഗം തൻകാര്യംമൂലം ഏതെങ്കിലും ക്രൂരത കാണിച്ചാൽ അതിന് മൃഗത്വമില്ലെന്ന് ആരുംപറയുകയില്ല. ഉദാഹരണമായി ഒരു പട്ടിക്ക് 'പട്ടിത്തം' ഇല്ലെന്നോ, കാളയ്ക്ക് 'കാളത്തം' ഇല്ലെന്നോ പറയാറില്ലല്ലോ. എന്നാൽ സ്നേഹശൂന്യനും തൻകാര്യക്കാരനുമായ ഒരാളിനെ 'മനുഷ്യത്വം' ഇല്ലാത്തവൻ എന്ന് വിശേഷിപ്പിക്കുന്നത് ശരിയായിരിക്കും. അതിനാൽ കരുണ മനുഷ്യനെ ഉൽകൃഷ്ടനാക്കുന്നുവെന്നു പറയാം.

ഒരു വക്കീൽ വേഷത്തിൽ പ്രത്യക്ഷപ്പെടുന്ന പോർഷ്യ എന്ന

കഥാപാത്രത്തിൽക്കൂടി കരുണയുടെ മഹത്വത്തെക്കുറിച്ച് ഷെയ്ക്സ്പിയർ ഇപ്രകാരം പറയുന്നു, "കരുണയെന്ന ഗുണത്തിന തിരില്ല, അത് ആകാശത്തുനിന്ന് സാവധാനത്തിൽ പൊഴിഞ്ഞുവീഴുന്ന മൃദുലമായ മഴത്തുള്ളികൾ പോലെയാണ്. കരുണ നൽകുന്നവനും വാങ്ങുന്നവനും ഒരുപോലെ അനുഗൃഹീതരാണ്. രാജാക്കന്മാർക്ക് ചെങ്കോലും കിരീടവും ഭൂഷണമാണെങ്കിലും അതിനെക്കാൾ വലിയ ഭൂഷണമാണ് കരുണ. സർവശക്തനായ ദൈവത്തിനുതന്നെ ഇത് മഹ ത്തായ ഒരു ഗുണമാണ്."

കരുണയുള്ളവർക്ക് ലഭിക്കുന്ന സൗഭാഗ്യം കരുണ തിരികെ ലഭി ക്കുമെന്നുള്ളതാണ്. പൊതുവെ പറഞ്ഞാൽ ഉപകാരം ചെയ്യുന്നവരെ മറ്റുള്ളവർ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. ഉപ കാരത്തിന് പകരം പ്രത്യുപകാരം ചെയ്യാൻ പലരും മടിക്കാറില്ല. എന്നാൽ പ്രത്യുപകാരം പ്രതീക്ഷിച്ച് ഉപകാരം ചെയ്യുന്നത് കരുണാ പരമായ പ്രവൃത്തിയല്ല. യാതൊരു പ്രത്യുപകാരവും പ്രതീക്ഷിച്ചല്ല കരുണാപൂർണ്ണനായ ക്രിസ്തുനാഥൻ മനുഷ്യവർഗ്ഗത്തിനുവേണ്ടി പീഡയേൽക്കുകയും കുരിശിൽ മരിക്കുകയും ചെയ്തത്. ക്രിസ്തു വിന്റെ ശിഷ്യരായ ക്രിസ്ത്യാനികളുടേയും കടമ കരുണാപരമായ ജീവിതം നയിക്കുകയാണ്. അങ്ങനെ ചെയ്താൽ അവർക്ക് ഇഹ ത്തിലും പരത്തിലും കരുണ കണ്ടെത്തുവാൻ കഴിയും.

## 10. "ഹൃദയശുദ്ധിയുള്ളവർ സൗഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും"

ദൈവദർശനമാണ് മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം. ഈ ലക്ഷ്യം ഭാഗികമായി മാത്രമേ ഈ ലോകത്തിൽവച്ച് ലഭിക്കുകയു ള്ളു. ആ ദർശനം ലഭിക്കുന്നതിന് അവശ്യം വേണ്ട കാര്യമാണ് ഈ സുഭാഷിതത്തിൽ പറയുന്നത്. അതാണ് ഹൃദയശുദ്ധി അഥവാ ചിത്ത ശുദ്ധി. മനുഷ്യന്റെ ജീവിതം മനസ്സിന്റെ ജീവിതമാണെന്നു പറയാറു ണ്ട്. ഹൃദയവും മനസ്സും (ചിത്തം) തമ്മിൽ അല്പം വ്യത്യാസമുണ്ടെ ങ്കിലും ഇവിടെ ഹൃദയശുദ്ധി, ചിത്തശുദ്ധി എന്നുതന്നെ മനസ്സിലാ ക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ എല്ലാ വ്യാപാരങ്ങളുടെയും പ്രഭവ

സ്ഥാനം മനസ്സാണ്. നല്ല പ്രവൃത്തിയും ചീത്ത പ്രവൃത്തിയും ആദ്യം ജന്മമെടുക്കുന്നത് മനസ്സിലാണ്. അല്പംകൂടി നിഷ്കർഷിച്ചു പറഞ്ഞാൽ മനസ്സിന്റെ വ്യാപാരമായ ചിന്തയിലാണ്. ചിന്തയിൽക്കൂടി പ്രവൃത്തിയും ജീവിതവും രൂപമെടുക്കുന്നു. ശരിയായി ചിന്തിക്കുന്നവർ ശരിയായി പ്രവർത്തിക്കും, ശരിയായി ജീവിക്കും. തെറ്റായി ചിന്തിക്കുന്നവർ തെറ്റായി പ്രവർത്തിക്കും, തെറ്റായി ജീവിക്കും. ഉദാഹരണമായി സദാ ശോകമൂകമായ ചിന്ത വച്ചുപുലർത്തുന്ന ഒരാളുടെ ജീവിതം ശോകമയമായിരിക്കും. അതുവഴി അയാളുടെ ശരീരം ശോഷിക്കുകയും വ്യക്തിത്വത്തിന്റെ തേജസ്സും ശക്തിയും നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ടാണ് 'ചിന്ത ചിതയാണ്' എന്നു പറയുന്നത്.

ഹൃദയം അഥവാ മനസ്സ് ശുദ്ധമായി കാക്കേണ്ടത് പരമപ്രധാനമായ ഒരു സംഗതിയാണ്. അശുദ്ധി (കളങ്കം) പുരണ്ട ഒരു ഹൃദയത്തിൽനിന്ന് അശുദ്ധമായ പ്രവൃത്തികളും വാക്കുകളുമേ പുറപ്പെടുകയുള്ളു. അതുകൊണ്ടാണ് യേശു വേറൊരവസരത്തിൽ പറഞ്ഞത് "പുറമെനിന്ന് മനുഷ്യനിലേയ്ക്ക് ചെല്ലുന്നതൊന്നും അവനെ അശുദ്ധനാക്കുന്നില്ല, ഉള്ളിലുള്ള അശുദ്ധിയാണ് പുറത്തേയ്ക്കു വരുന്നത്." ഹൃദയത്തിൽ അശുദ്ധി അഥവാ കളങ്കം ഉള്ളവനിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ കൂടിയുള്ള ജ്ഞാനം, സ്നേഹം തുടങ്ങിയ വിശിഷ്ട ഗുണങ്ങൾ ഹൃദയശുദ്ധിയില്ലാത്തവന് ലഭിക്കുകയില്ല. ഇത് മറ്റൊരുദാഹരണത്തിൽക്കൂടി വ്യക്തമാക്കാം. മേഘം മൂടിക്കഴിയുമ്പോൾ സൂര്യന്റെ പ്രകാശം ഒട്ടും ദൃശ്യമല്ല. ഇതുപോലെയാണ് കളങ്കമുള്ളവർക്ക് ദൈവം അദൃശ്യനായിത്തീരുന്നത്.

പാപരഹിതമായ ഒരു ജീവിതമാണ് ഹൃദയശുദ്ധിക്കടിസ്ഥാനം. പാപമുള്ളവനിൽ ഹൃദയശുദ്ധിയില്ലാത്തതിനാൽ ദൈവത്തിന്റെ തേജസ്സും ചൈതന്യവും നഷ്ടപ്പെട്ടുപോകും. അവന്റെ പ്രവൃത്തികൾ കോട്ടമുള്ളതും ജീവിതം വികലവുമായിരിക്കും. മനുഷ്യന്റെ ഈ ലോകത്തിലെ സൗഭാഗ്യത്തിന്റെ അടിസ്ഥാനം ദൈവചൈതന്യവും തേജസ്സും സമ്പാദിക്കുന്നതുവഴിയാണ്. പരലോകത്തിൽ പൂർണ്ണമായ ദൈവദർശനം ലഭിക്കുന്നതിനാൽ പൂർണ്ണമായ ആനന്ദവും ലഭിക്കും. ഈ ലോകത്തിലെ ജീവിതം അതിനൊരു മാർഗ്ഗമാണ്.

## 11. "സമാധാനം സ്ഥാപിക്കുന്നവർ സൗഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും"

സമാധാനം രണ്ടു രീതിയിലുണ്ട്. ഒരു വ്യക്തിയുടെ ഉള്ളിലെ സമാധാനം അഥവാ മനഃശാന്തി. രണ്ടാമത്തേത് കുടുംബങ്ങളിലും സമൂഹത്തിലും ലോകം മുഴുവനിലും ഉണ്ടായിരിക്കേണ്ട സമാധാനം.

ഒരു വ്യക്തിയിൽ സമാധാനം ജനിക്കുന്നതും നിലനിൽക്കുന്നതും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും കൂടിയാണ്. ഈ സ്നേഹമില്ലാത്തവർ എല്ലാ തരത്തിലുള്ള അശ്ശാന്തിക്ക് അടിമയായിത്തീരുന്നു. സ്നേഹശൂന്യതമൂലമാണ് വ്യക്തിയുടെ ഉള്ളിൽ ഭയം, ആകുലത, കലഹപ്രിയത്വം, കോപം തുടങ്ങിയവ തളംകെട്ടി നിൽക്കുവാൻ ഇടയാകുന്നത്. അവ സമാധാനം കെടുത്തിക്കളയുന്നു. യേശുവിന്റെ ജനനത്തിന്റെ അവസരത്തിൽ കേൾക്കപ്പെട്ട സ്വർഗീയഗാനത്തിന്റെ ഒരു ഭാഗം ഇപ്രകാരമായിരുന്നു. "ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം." പ്രവാചകൻ യേശുവിനെ വിശേഷിപ്പിക്കുന്നത് 'സമാധാനത്തിന്റെ രാജകുമാരൻ' (Prince of Peace) എന്നാണ്.

സമാധാനത്തിന് സന്മനസ്സാവശ്യമാണെന്ന് വ്യക്തമായല്ലോ. ഈ സന്മനസ്സ് സ്നേഹത്തിലാണ് അടിയുറച്ചിരിക്കുന്നത്. അതിനാൽ സ്നേഹം എവിടെയുണ്ടോ അവിടെ സമാധാനവും ഉണ്ടെന്നു പറയാം. സമാധാനം സ്വന്തമായി അനുഭവിക്കുന്നവർക്ക് മാത്രമേ അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ സാധിക്കുകയുള്ളു. സമാധാനപ്രിയരായ ആളുകൾ സമുദായമധ്യത്തിൽ എല്ലാ രംഗങ്ങളിലും കടന്നുചെന്ന് സമാധാനം സ്ഥാപിക്കുവാൻ ശ്രമിക്കണം. ഇന്നത്തെ ലോകത്തിൽ വിദ്വേഷത്തിൽനിന്ന് ഉത്ഭവിക്കുന്ന കലഹം സർവ്വത്ര കാണപ്പെടുന്നുണ്ട്. സ്നേഹസമ്പന്നരായ സമാധാനദൂതൻമാർക്കുമാത്രമേ അവിടെയൊക്കെ കടന്നുചെന്ന് സമാധാനം സ്ഥാപിക്കുവാൻ കഴിയുകയുള്ളു. ഇങ്ങനെ ചെയ്യുന്നത് ഏറ്റം വലിയ പരസ്നേഹ പ്രവൃത്തിയാണ്.

ഇപ്രകാരം സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും. ഒരുപക്ഷേ, മനുഷ്യർ അവരെ അങ്ങനെ വിളിച്ചില്ലെ

ങ്കിലും ദൈവം അവരെ അങ്ങനെ പരിഗണിക്കും. ദൈവം ഇപ്രകാരം പരിഗണിക്കുന്നത് എത്രയോ വലിയ സൗഭാഗ്യമാണ്.

## 12. "നീതിക്കുവേണ്ടി പീഡ അനുഭവിക്കുന്നവർ സൗഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു"

നീതിയെക്കുറിച്ചുള്ള ഒരു വിവരണം നേരത്തെ നൽകിയിട്ടുണ്ട് (നാലാമത്തെ സൗഭാഗ്യം). അവിടെ നീതി ഓരോരുത്തരും പുലർത്തേണ്ട ആവശ്യത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇവിടെ സാമൂഹ്യനീതി നിലനിർത്തുവാൻവേണ്ടി ക്ലേശങ്ങൾ സഹിക്കുന്നതിനെക്കുറിച്ചാണ്. അനീതി എല്ലാ മണ്ഡലങ്ങളിലുമുണ്ട്. അവ ചെറുക്കേണ്ടത് നല്ല ആളുകളുടെ കടമയാണ്. എന്നാൽ നീതി സ്ഥാപിക്കുവാൻ ചെല്ലുന്നവർക്ക് പീഡ അനുഭവിക്കേണ്ടിവരും. ഉദാഹരണമായി ഒരു കള്ളുകുടിയൻ തന്റെ ഭാര്യയേയും മക്കളേയും ക്രൂരമായ രീതിയിൽ മർദ്ദിക്കുന്നതുകാണുമ്പോൾ അത് തടയുവാൻ ചെന്നാൽ ചെല്ലുന്ന ആളിനും മർദ്ദനം ഏൽക്കേണ്ടിവരും. അവയൊക്കെ സഹിച്ച് നീതി പുലർത്തേണ്ടത് ഓരോരുത്തരുടേയും കടമയാണ്. എന്നാൽ സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്നവർ നീതി സ്ഥാപിക്കുവാനൊന്നും ഒരുമ്പെടുകയില്ല. അങ്ങനെയുള്ള സ്വാർത്ഥത ഏറ്റം വർജ്യമാണ്.

പീഡ സഹിച്ച് നീതി സ്ഥാപിക്കുന്നവർക്കുള്ള പ്രതിഫലമായി പറയുന്ന സൗഭാഗ്യം സ്വർഗ്ഗരാജ്യാനുഭവമാണ്. ഇതേ സൗഭാഗ്യമാണ് ആത്മീയദാരിദ്ര്യമുള്ളവർക്കും പറഞ്ഞിരിക്കുന്നത്. സ്വർഗ്ഗരാജ്യാനുഭവം ഭാഗികമായി ഈ ലോകത്തിലും പൂർണ്ണമായി പരലോകത്തിലുമാണ് ലഭിക്കുന്നതെന്ന് അവിടെ പ്രസ്താവിച്ചിട്ടുണ്ട്. നീതിക്കുവേണ്ടി സഹിക്കുന്നത് നല്ല പരസ്നേഹമുള്ളവർക്കുമാത്രമേ കഴിയൂ. അനീതി എവിടെ കണ്ടാലും ചെറുക്കുന്ന സൽസ്വഭാവമുള്ളവരുണ്ട്. അവർ വലിയ പരസ്നേഹികളാണുതാനും. അവർക്കാണ് മുമ്പു പറഞ്ഞ രീതിയിലുള്ള സ്വർഗ്ഗസൗഭാഗ്യം വാഗ്ദാനം ചെയ്യുന്നത്.

സുഭാഷിതങ്ങളായി ഇവിടെ പരിഗണിച്ചിരിക്കുന്ന എട്ടു സൗഭാഗ്യങ്ങളും യേശു നൽകിയ ഉപദേശരത്നങ്ങളാണ്. അതിനാൽ

അവയെ വിലമതിക്കുകയും ജീവിതത്തിൽ അർത്ഥവത്താക്കുകയും ചെയ്യുന്നത് ക്രിസ്ത്യാനികളുടെ മാത്രമല്ല എല്ലാ നല്ല മനുഷ്യരുടേയും കടമയാണ്.

## 13. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്.... നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെമുമ്പിൽ പ്രകാശിക്കട്ടെ..."

മനുഷ്യർ പരസ്പരം കാണുന്നതിനും പ്രപഞ്ചത്തിലെ ദൃശ്യങ്ങൾ ദർശിക്കുന്നതിനും വെളിച്ചം അഥവാ പ്രകാശം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. രണ്ടുതരത്തിലുള്ള വെളിച്ചം നമുക്കു ലഭിക്കുന്നു. സ്വാഭാവികവെളിച്ചവും, ക്രിത്രിമവെളിച്ചവും. സൂര്യൻ, ചന്ദ്രൻ, ഗോളങ്ങൾ, നക്ഷത്രങ്ങൾ, തീജ്വാല, മിന്നാമിനുങ്ങ് ഇവയൊക്കെ സ്വാഭാവികവെളിച്ചത്തിന്റെ ഉറവിടങ്ങളാണ്. വൈദ്യുതി, സ്ഫോടനവസ്തുക്കൾ തുടങ്ങിയവ ക്രിത്രിമവെളിച്ചം പ്രദാനം ചെയ്യുന്നു. ഏത് രീതിയിലുള്ള വെളിച്ചമായാലും അത് മനുഷ്യന് പ്രയോജനപ്രദവും അത്യാവശ്യവുമാണ്.

ഉണർന്നിരിക്കുന്ന മനുഷ്യന് ഒരു നിമിഷം പോലും വെളിച്ചമില്ലാതിരിക്കുന്നത് അരോചകമാണ്. വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട്. രാത്രിയിലെ കട്ടപിടിച്ച ഇരുട്ട് ധൈര്യശാലികൾക്കുപോലും ഭയാജനകമാണ്. കുട്ടികളുടേയും ഭീരുക്കളുടേയും കാര്യം പറയാനുമില്ല. വെളിച്ചം കൂടാതെ ഇരുട്ടിൽ സഞ്ചരിക്കുന്നത് ആപൽക്കരവുമാണ്.

സുഭാഷിതത്തിൽ ആത്മീയവെളിച്ചമാണ് പ്രധാനമായും വിവക്ഷിക്കുന്നത്. ഈ വെളിച്ചം എല്ലാതരത്തിലുമുള്ള നന്മ ഉൾക്കൊള്ളുന്നു. സ്നേഹം, സത്യം, സദാചാരം, നീതി തുടങ്ങിയ വിശിഷ്ട ഗുണങ്ങളുടെ സമാഹാരമാണ് വെളിച്ചത്തിന് നിദാനമായ നന്മ. ദൈവം ഈ നന്മയുടെ പൂർണ്ണതയാകയാൽ പ്രകാശത്തിന്റെ പൂർണ്ണതയാണ്. സൂര്യനിൽനിന്ന് സ്വാഭാവികവെളിച്ചം ലഭിക്കുന്നതുപോലെ ദൈവത്തിൽനിന്ന് ആത്മീയവെളിച്ചം നമ്മളിലേയ്ക്ക് വരുന്നു. ഈ വെളിച്ചമാണ് ആത്മീയജീവിതത്തിൽ നമുക്ക് മാർഗ്ഗദർശനം നൽകുന്നത്. നമ്മൾ ആരാധനയുടെ സമയത്ത് ചൊല്ലുന്ന ഒരു ഗീതത്തിൽ ഇപ്ര

കാരം ചൊല്ലുന്നുണ്ട്: "പ്രകാശം നിറഞ്ഞ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു.'' ഈ പ്രകാശമാണ് ഞങ്ങൾക്കെല്ലാറ്റിനും അടിസ്ഥാനം.

ദൈവത്തിൽനിന്ന് ലഭിക്കുന്ന വെളിച്ചം ആന്തരികവെളിച്ചമാണ്. അതാണ് നമുക്ക് ഉൾക്കാഴ്ച നൽകുന്നത്. ഈ ഉൾക്കാഴ്ചയനുസരിച്ച് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യണം. അങ്ങനെ ജീവിക്കുന്നവരുടെ ജീവിതം നന്മയുടെ ജീവിതമായിരിക്കും. ഇങ്ങനെയുള്ള ജീവിതമാണ് യേശുവിന്റെ ശിഷ്യരായ ക്രിസ്ത്യാനികൾക്കെല്ലാം വേണ്ടത്. കപടഭക്തരായ ഫരിസയരോട് യേശു പറഞ്ഞു: "നിങ്ങൾ സത്യം അറിയുന്നവരല്ല. സത്യം അറിഞ്ഞു പ്രവർത്തിക്കുന്നവർ പ്രകാശത്തിലാണ് ജീവിക്കുന്നത്. അവർ പ്രകാശത്തെ സ്നേഹിക്കുകയും ചെയ്യുന്നു. എന്നാൽ അസത്യത്തിൽ ജീവിക്കുന്നവർ അന്ധകാരത്തിലാണ് ജീവിക്കുന്നത്. അവർ വെളിച്ചത്തേയ്ക്ക് വരുന്നുമില്ല, വെളിച്ചത്തെ സ്നേഹിക്കുന്നുമില്ല." ഇവിടെ ഉൾക്കാഴ്ച നൽകുന്ന വെളിച്ചത്തെക്കുറിച്ചാണ് പറയുന്നതെന്നു വ്യക്തം.

ഇപ്രകാരമുള്ള വെളിച്ചം ഉൾക്കൊണ്ട് ജീവിക്കുന്നവർ മറ്റുള്ളവർക്ക് വെളിച്ചം നൽകുവാൻ കടപ്പെട്ടവരാണ്. കൂടുതലും അത് ചെയ്യേണ്ടത് ജീവിതത്തിന്റെ സാക്ഷ്യം വഴിയാണ്. പാപം ഒരുതരത്തിൽ അന്ധകാരമാണ്. അതിനാൽ പാപത്തിൽ ജീവിക്കുന്നവർക്ക് മറ്റുള്ളവർക്ക് വെളിച്ചത്തിന്റെ സാക്ഷ്യം നൽകുവാൻ സാധ്യമല്ല.

സത്യത്തിനുവേണ്ടി രക്തം ചിന്തി മരിച്ച രക്തസാക്ഷികളും നന്മ പ്രവർത്തിച്ച് ജീവിച്ച വിശുദ്ധന്മാരും വെളിച്ചത്തിന് എന്നും സാക്ഷ്യം നൽകുന്നവരാണ്. ഇന്ന് ജീവിച്ചിരിക്കുന്നവർക്കും ഇപ്രകാരം വെളിച്ചത്തിന് സാക്ഷികളാകുവാൻ കടമയുണ്ട്; വിശേഷിച്ച് വെളിച്ചമായ ക്രിസ്തുവിന്റെ ശിഷ്യരായ ക്രിസ്ത്യാനികൾക്ക്.

## 14. "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്"

ഇതും ഗിരിപ്രഭാഷണത്തിൽപ്പെട്ടതാണ്. തന്റെ ശിഷ്യന്മാർ ലോകത്തിന് ഉപ്പിന്റെ ഗുണം ചെയ്തു ജീവിക്കണമെന്നാണ് ക്രിസ്തു നിർദ്ദേശിക്കുന്നത്. ഉപ്പിന് പ്രത്യേകമായും രണ്ടു ഗുണങ്ങളാണുള്ളത്. പല

പദാർത്ഥങ്ങളും ചീഞ്ഞുപോകാതെ നിലനിൽക്കുന്നതിന് ഉപ്പ് ശക്തി നൽകുന്നു. ചില സാധനങ്ങൾ ഉപ്പിൽ സൂക്ഷിച്ചില്ലെങ്കിൽ ചീഞ്ഞു പോകും. ഉദാഹരണമായി മത്സ്യമാംസാദികൾ.

ഉപ്പ് ഭക്ഷണസാധനങ്ങൾക്കു രുചി നൽകുന്നതുപോലെ നാം മറ്റു ള്ളവർക്ക് പ്രിയങ്കരരായിത്തീരണം. അത് നമ്മുടെ വാക്കുകൊണ്ടും സത്പ്രവൃത്തികൾകൊണ്ടുമാണ്. ചിലരുടെ വാക്കുകളും പെരുമാറ്റ ങ്ങളും അന്യർക്ക് അരോചകമായിരിക്കും. അങ്ങനെയുള്ളവർ ഉപ്പ് നൽകുന്ന രുചി പ്രദാനം ചെയ്യുന്നവരല്ല.

ഉപ്പിന്റെ ഗുണങ്ങൾ നഷ്ടപ്പെട്ടാൽ അത് ഒന്നിനും ഉപകരിക്കുക യില്ലെന്നും ദൂരെ എറിഞ്ഞുകളയേണ്ടതാണെന്നും ക്രിസ്തുനാഥൻ തന്നെ പറയുന്നുണ്ട്. അതുപോലെ സ്വഭാവഗുണമില്ലാത്തവരുമായി ബന്ധപ്പെടാതിരിക്കുകയാണ് നല്ലത്. ഉപ്പ് അലിഞ്ഞ് മറ്റു പദാർത്ഥ ങ്ങളുമായി ചേരുമ്പോഴാണ് രുചി വരുന്നത്. അതുപോലെ ക്രൈസ്ത വചൈതന്യമുള്ളവർ മറ്റുള്ളവരുമായി ഇടപഴകി അവർക്ക് നല്ല ജീവി തത്തിനുള്ള ഉത്തേജനം നൽകണം. അങ്ങനെ ചെയ്യുന്നത് വെളിച്ചം പകരുന്നതുപോലെയുള്ള ഒരു പ്രേഷിതപ്രവർത്തനമാണ്.

പാപം വഴി ദുഷിച്ച് ഗുണം നശിച്ചുപോകുന്നവരെ ഉപദേശം വഴി യായും മാതൃകവഴിയായും പാപത്തിൽനിന്ന് പിന്തിരിച്ച് നല്ല ജീവിത ത്തിലേയ്ക്ക് കൊണ്ടുവരുന്നത് ഉപ്പിന്റെ ധർമ്മം ചെയ്യുന്നവരാണ്. അതൊരു വലിയ ക്രൈസ്തവധർമ്മമാണുതാനും.

## 15. "വിധിക്കപ്പെടാതിരിക്കുവാൻവേണ്ടി നിങ്ങൾ വിധിക്കരുത്"

ഇതും ഗിരിപ്രഭാഷണത്തിൽപ്പെടുന്ന സുഭാഷിതമാണ്. കുറ്റവാ ളികളെ കോടതി വധിക്കുവാനും മറ്റും വിധിക്കാറുണ്ടല്ലോ. അങ്ങനെ യുള്ള ഒരു വിധിയെക്കുറിച്ചല്ല ഇവിടെ പറയുന്നത്. സമൂഹത്തിൽ ജീവിക്കുമ്പോൾ അന്യോന്യം ചെയ്യുന്ന പ്രവൃത്തികൾ ഓരോരുത്തരും വീക്ഷിക്കും. നീതിക്കും ന്യായത്തിനും ചേരാത്ത പ്രവൃത്തികൾ ഒരാ ളിൽക്കാണുമ്പോൾ അതിനെക്കുറിച്ച് അയാളോടുതന്നെ ഉപദേശരൂ പേണ പറഞ്ഞുതിരുത്തുവാൻ ശ്രമിക്കുന്നത് ഒരു നല്ല കാര്യമാണ്.

എന്നാൽ ഒരാൾ ചെയ്തതോ, ചെയ്യാത്തതോ ആയ തെറ്റ് വേറൊരാളോട് പറയുന്നതാണ് ദുഷ്ടമായ വിധി. ഇപ്രകാരമുള്ള വിധി മനസ്സിൽവച്ചു പുലർത്താൻപോലും പാടില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരാളുടെ പ്രവൃത്തികളെ മറ്റൊരാളിന് വിധിക്കുവാൻ അവകാശമില്ല. അതുകൊണ്ടാണ് ധന്യനായ പൗലോസ് ശ്ലീഹാ പറയുന്നത് "വിധി ദൈവത്തിന്റേതാണ്, മനുഷ്യന്റേതല്ല."

ഒരാളുടെ പ്രവൃത്തിയുടെ ലക്ഷ്യവും അയാളുടെ മനോഭാവവും അന്യന് ഗ്രഹിക്കുവാൻ സാധ്യമല്ല. ഉദാഹരണമായി, പഠിപ്പിക്കുന്ന സമയത്ത് ക്ലാസ്സിൽ ഉറങ്ങുന്ന ഭാവത്തിൽ ഇരിക്കുന്ന ഒരു കുട്ടി അലസനാണെന്ന് അധ്യാപകൻ വിധിക്കുന്നു. എന്നാൽ ആ കുട്ടിയെ ചോദ്യം ചെയ്യുമ്പോൾ അറിയുന്നു അയാൾ ആഹാരമൊന്നും കഴിക്കാതെയാണ് ക്ലാസ്സിൽ വന്നതെന്ന്. ഇങ്ങനെയുള്ള മുൻവിധി എപ്പോഴും തെറ്റായിരിക്കും. വിധിക്കപ്പെടുന്ന ആൾക്ക് വേദനയും വിരോധവും തോന്നും.

മറ്റുള്ളവരുടെ പ്രവൃത്തികൾ തെറ്റായി വിമർശിച്ച് പരസ്യപ്പെടുത്തുമ്പോൾ വിധിക്കപ്പെടുന്ന ആളിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്നു. ഇപ്രകാരം മറ്റുള്ളവരുടെ സൽപ്പേരിന് കളങ്കം വരുത്തുന്നത് അവരോട് ചെയ്യുന്ന വലിയ ദ്രോഹമാണ്. സൽപ്പേര് ഒരു വലിയ ധനമാണ്. അത് നഷ്ടപ്പെടുന്ന ആളിന് ജീവിതത്തിൽ വലിയ തകർച്ചയും, ഇടിവും ഉണ്ടാകും. ഒരാളുടെ വിമർശനം അല്ലെങ്കിൽ വിധിമൂലം ഇപ്രകാരം അന്യരുടെ ജീവിതത്തിന് തകർച്ച വരുത്തുന്നത് ഒരു പാപം തന്നെയാണ്.

ഇങ്ങനെയുള്ള ദുഷിച്ച വിധി നടത്താതിരിക്കുന്നതിന് ചെയ്യേണ്ട പ്രധാന കാര്യം മറ്റുള്ളവരുടെ പ്രവൃത്തികളുടെ ഉദ്ദേശശുദ്ധി വിലമതിക്കുകയാണ്. എപ്പോഴും പ്രവൃത്തികളുടെ നല്ല വശം മാത്രം കാണുക. ദോഷങ്ങൾ കാണാതിരിക്കുക. കണ്ടാലും ആരോടും പറയാതിരിക്കുക. ഒരു നല്ല ക്രിസ്ത്യാനി ആരുടേയും ചിന്തകളേയും, വാക്കുകളേയും, പ്രവൃത്തികളേയും എതിരായി വിമർശിക്കരുതെന്നാണ് യേശു പഠിപ്പിക്കുന്നത്. വി. ഇഗ്നേഷ്യസ് ലയോള ഇപ്രകാരം പറയുന്നു: "ഒരു സ്നേഹിതന്റെ ദുശ്ശീലങ്ങളെക്കുറിച്ചോ ദുഷ്പ്രവൃത്തികളെക്കുറിച്ചോ

മറ്റുള്ളവരോട് പറയാതെ അയാളോടുതന്നെ പറഞ്ഞ് തിരുത്തുവാൻ ശ്രമിക്കുക. അത് അയാൾ അംഗീകരിക്കുന്നില്ലെങ്കിൽ ഒന്നും ചെയ്യാനില്ല. അയാളുടെ മാനസ്സാന്തരത്തിന് വേണ്ടി പ്രാർത്ഥിക്കുക."

ഒരാളിന് സൽപ്പേര് നിലനിർത്തുകയെന്നുള്ളത് സ്വാഭാവികമായ ഒരവകാശമാണ്. തെറ്റായ വിധി അത് നശിപ്പിക്കുകയാണ് ചെയ്യുന്നത്. കൂടാതെ കുറ്റമറ്റവരായി ആരുമില്ല. സ്വന്തം കുറ്റങ്ങൾ കണ്ടുപിടിച്ച് തിരുത്തുകയാണ് ഓരോരുത്തരുടെയും കടമ. സ്വന്തം കുറ്റങ്ങൾ കാണാതെ മറ്റുള്ളവരുടെ കുറ്റങ്ങൾ കാണുകയും പറഞ്ഞുപരത്തുകയും ചെയ്യുന്നതിനെക്കുറിച്ചാണ് ക്രിസ്തുനാഥൻ ഇപ്രകാരം പറയുന്നത്. "നിന്റെ കണ്ണിലെ തടിക്കഷണം കാണാതെ സഹോദരന്റെ കണ്ണിലെ കരട് കാണുവാൻ ശ്രമിക്കുന്നതുകൊണ്ട് ആദ്യമെ നിന്റെ കണ്ണിലെ തടിക്കഷണം എടുത്തുമാറ്റുക. അപ്പോൾ സഹോദരന്റെ കണ്ണിലെ കരട് കാണുവാൻ നിനക്കുകഴിയും."

പരദൂഷണം എന്നു പറയുന്നത് ഒരു ചീത്ത സ്വഭാവമാണെന്ന് എല്ലാവർക്കും അറിയാമെങ്കിലും മിക്കവരും പരദുഷണത്തിൽ വിരുതരാണ്. പരദുഷണംകൊണ്ട് അത് ചെയ്യുന്നവർക്ക് യാതൊരു ഗുണവും കിട്ടാനില്ല. അതേസമയത്ത് ആരുടെ പേരിലാണോ പരദുഷണം നടത്തുന്നത് അയാൾക്ക് മാനസ്സികമായും മറ്റുവിധത്തിലും ദുഃഖവും വിഷമവും അനുഭവപ്പെടും. വിധിക്കരുതെന്നു പറയുന്നതിൽ പരദൂഷണവും ഉൾപ്പെടും. ദുഷിച്ച വിധി നടത്തുന്നവരെ ദൈവം വിധിച്ചുകൊള്ളും. ഇത് യേശു പഠിപ്പിക്കുകയും ചെയ്തു.

## 16. "ശത്രുക്കളെ സ്നേഹിക്കുക"

യേശുവിന്റെ സുവിശേഷ ദൗത്യങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് ഈ ഉപദേശം. ഒരാളിനെതിരായി സ്നേഹഷശുന്യത വച്ചുപുലർത്തുകയും ദ്രോഹങ്ങൾ ചെയ്യുകയും ചെയ്യുന്ന ആൾ മറ്റേ ആളിന്റെ ശത്രുവാണ്. സ്നേഹിക്കാത്തവരെ സ്നേഹിക്കാതിരിക്കുകയും പകരം വീട്ടുവാൻ വ്യഗ്രത കാണിക്കുകയും ചെയ്യുന്നതാണ് ലോകസ്വഭാവം. സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ മതി എന്നു പറയപ്പെട്ടിരുന്നു. എന്നാൽ യേശു കല്പിച്ചത് ഇപ്രകാരമാ

ണ്. "സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ പോരാ, ശത്രുക്കളേയും സ്നേഹിക്കണം".

അങ്ങനെയുള്ള സ്നേഹമുണ്ടെങ്കിൽ പക വീട്ടുവാനുള്ള മനോഭാവം വരുകയില്ല. ഇന്നത്തെ ലോകത്തിൽ പക വീട്ടുവാനുള്ള മനോഭാവം വളരെ കടുത്ത രീതിയിൽ കാണാൻ കഴിയും, അങ്ങനെയുള്ള പകവീട്ടൽ വഴി ഭയങ്കര നാശനഷ്ടങ്ങളും ആപത്തുകളും ഉണ്ടാകാറുണ്ട്. വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹത്തിനും പകവീട്ടൽ വഴിയുണ്ടാകുന്ന കയ്പ്പേറിയ അനുഭവങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്. മാധ്യമങ്ങളിൽ കുടി വായിച്ചറിയുവാനും കണ്ടുമനസ്സിലാക്കുവാനും സാധിക്കും.

രണ്ടു കുടുംബങ്ങൾ തമ്മിലുള്ള കലഹത്തിൽ ഒരു വീട്ടിലെ ആളിനെ മറ്റേ വീട്ടിലെ ആൾ കുത്തി മുറിവേൽപ്പിക്കുന്നു. മുറിവേറ്റ ആളിന്റെ ബന്ധുവായ ചെറുപ്പക്കാരൻ മുറിവേറ്റ് രക്തമൊലിപ്പിച്ച് കിടക്കുന്ന ആളിനെ ശുശ്രൂഷിക്കുകയോ ഹോസ്പിറ്റലിൽ കൊണ്ടുപോകുകയോ ചെയ്യുന്നതിനുപകരം കുത്തിയവന്റെ പുറകെ പകരം വീട്ടാൻ ഓടുന്നു, ഇമ്മാതിരി പകരം വീട്ടലുകളുടെ കഥ നിത്യേന ദർശിക്കാവുന്നതാണ്.

ആധുനിക മനുഷ്യന്റെ ഉള്ളിൽ പകയും, വിദ്വേഷവും നിറഞ്ഞു നിൽക്കുന്നുണ്ട്.അങ്ങനെയുള്ളവർ യേശുവിന്റെ ഉപദേശം അനുസരിക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്തത് ക്രൈസ്തവജീവിതത്തിന് യോജിച്ചതല്ല. ക്രിസ്തുനാഥൻ ഇപ്രകാരംപറയുകയുണ്ടായി "കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്" എന്ന് പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു. നിന്റെ വലത്തെ ചെകിട്ടത്ത് അടിയ്ക്കുന്നവന് മറ്റേ. ചെകിടുകൂടി കാണിച്ചു കൊടുക്കുക ക്രൈസ്തവ ജീവിതത്തിലെന്നല്ല, മനുഷ്യജീവിതത്തിൽ തന്നെയും ഏറ്റവും ഉൽകൃഷ്ടമായ ഗുണമാണ് ക്ഷമ. യേശു തന്നെ കുരിശിൽ തറച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്തു. തന്റെ ശിഷ്യരായ ക്രിസ്ത്യാനികളുടെ കടമയും മറ്റൊന്നല്ല. ഒന്നാമത്തെ രക്തസാക്ഷിയായ വി. സ്തേഫാനോസ് ഇപ്രകാരം പ്രാർത്ഥിച്ചതായി നാം വായിക്കുന്നു. "പിതാവേ ഇവർ ചെയ്യു

ന്നതെന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ". ക്രിസ്തുവിനെ അനുകരിച്ചുള്ള ആദ്യത്തെ ഉത്തമമാതൃക.

ആധുനിക കാലത്തും ഇതുപോലെയുള്ള ക്ഷമയുടെ മാതൃകകൾ ധാരാളമുണ്ട്. രണ്ട് മൂന്ന് ഉദാഹരണങ്ങൾ മാത്രം പറയാം. രാഷ്ട്രപിതാവായ ഗാന്ധിജി മതഭ്രാന്തനായ നഥുറാം ഗോഡ്സെയുടെ വെടിയേറ്റ് വീണ് മരിക്കുവാൻ തുടങ്ങിയപ്പോൾ പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ് 'എന്നെ വെടിവച്ച ആളിനോട് ഞാൻ ക്ഷമിച്ചിരിക്കുന്നു. മഹാനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഒരു സാഹസികന്റെ വെടിയേറ്റു ആസ്പത്രിയിൽ നിന്നും സുഖം പ്രാപിച്ച് വന്ന ഉടനെ തന്നെ വെടിവെച്ച ആൾകിടക്കുന്ന ജയിലിൽ ചെന്ന് അയാളെ അടുക്കലേയ്ക്ക് വിളിച്ചുപറഞ്ഞു. "സഹോദരാ ഞാൻ നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു." കുഷ്ഠരോഗികളെ ശുശ്രുഷിച്ച് ഒറിസ്സായിൽ കഴിഞ്ഞിരുന്ന സ്റ്റെയ്ൻസിനെയും അദ്ദേഹത്തിന്റെ രണ്ടുമക്കളേയും മതഭ്രാന്തന്മാർ ജീപ്പിലിട്ടു ചുട്ടുകരിച്ച വാർത്ത ഇപ്പോഴും നമ്മുടെ ഓർമ്മയിലുണ്ട്. ഒരു ഉത്തമക്രിസ്ത്യാനിയായ ഭാര്യ പിന്നീട് ഇപ്രകാരം പറയുകയുണ്ടായി. യാതൊരുതെറ്റും ചെയ്യാത്ത എന്റെ ഭർത്താവും കുഞ്ഞുങ്ങളും എനിക്ക് നഷ്ടമായി. എങ്കിലും ഇത് ചെയ്തവരോട് ഞാൻ ക്ഷമിക്കുന്നു.

പകരം വീട്ടാനുള്ള മനോഭാവവും പ്രവൃത്തിയും ഒരു തരത്തിലും ആർക്കും സമാധാനവും, ശാന്തിയും നൽകുകയില്ല. നേരേമറിച്ച് വിദ്വേഷവും പകയും വർജ്ജിച്ച് ക്ഷമിക്കുന്നവർക്ക് ലഭിക്കുന്ന സമാധാനവും ശാന്തിയും ഒരു വലിയ ധനമാണ്.

## 17 "വൃക്ഷം നന്നെങ്കിൽ ഫലവും നന്ന്"

ലോകത്തിൽ സുഖവും ദുഃഖവും, നന്മയും തിന്മയും ഇടകലർന്നു കാണുന്നു. പ്രവാചകനിൽ കൂടി ദൈവം പറയുകയുണ്ടായി " ഇതാ നിന്റെ മുമ്പിൽ ഞാൻ നന്മയും, തിന്മയും വച്ചിരിക്കുന്നു. നിനക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാം. ദൈവം മനുഷ്യർക്ക് നൽകിയ ഏറ്റവും വലിയ ദാനമാണ് സ്വാതന്ത്ര്യബുദ്ധി. അതുവഴിയാണ് നന്മയും, തിന്മയും ലോകത്തിലുണ്ടാകുന്നത്. ആദിമാതാപിതാക്കന്മാർക്ക് ഈ

സ്വാതന്ത്ര്യം കൊടുത്തതുകൊണ്ടാണല്ലോ വിനാശകരമായ ആദ്യ പാപം ഉത്ഭവിച്ചത്.

ഈ സ്വാതന്ത്ര്യബുദ്ധി ശരിയായി വിനിയോഗിച്ചാൽ നന്മ ലഭിക്കും. തെറ്റായി ഉപയോഗിച്ചാൽ തിന്മയാണ് ഫലം. ഒരു മനുഷ്യന്റെ നന്മയും തിന്മയും പ്രവൃത്തികളിൽ കൂടിയാണ് അറിയുന്നത്. സൽസ്വാഭവമുള്ളവരുടെ പ്രവൃത്തി അവർക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമായിരിക്കും. ദുഷിച്ച സ്വഭാവമുള്ളവരുടെ പ്രവൃത്തി അവർക്കും മറ്റുള്ളവർക്കും ദോഷകരമായി ഭവിക്കും. ഒരുവന്റെ സംസാരം, പ്രവൃത്തി എന്നിവയിൽ നിന്ന് അയാളുടെ സ്വഭാവം മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടാണ് യേശു പറയുന്നത് ഫലം കൊണ്ട് വൃക്ഷത്തെ തിരിച്ചറിയാമെന്ന്.

ശരീരത്തിന്റെ ആകൃതിയും, ഭാവങ്ങളും കൊണ്ട് ഒരാളിന്റെ നന്മയും, തിന്മയും തിരിച്ചറിയുവാൻ പറ്റുകയില്ല. ചില വിരൂപന്മാർ സൽപ്രവൃത്തികൾ ചെയ്യുന്നവരായിരിക്കും. എന്നാൽ സുന്ദരന്മാർ ദുഷിച്ച പ്രവൃത്തികൾ ചെയ്യുന്നവരാണെന്നും വരാം. അതിനാൽ നല്ല വൃക്ഷവും, നല്ല ഫലവും, എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത് ശുദ്ധമായ ഹൃദയവും, ശുദ്ധമായ മനസ്സും, അവയിൽ നിന്ന് ഉരുത്തിരിയുന്ന നന്മയുമാണ്. ചീത്ത വൃക്ഷവും, ചീത്തഫലവും കൊണ്ടുദ്ദേശിക്കുന്നത് ദുഷിച്ച ഹൃദയവും മനസ്സും അവയിൽ നിന്ന് ഉരിത്തിരിയുന്ന തിന്മയുമാണ്.

## 18. "മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി മാത്രം പുണ്യകർമ്മങ്ങൾ ചെയ്യരുത്"

മനുഷ്യരുടെ പ്രവൃത്തികളിൽ തികഞ്ഞ ആത്മാർത്ഥതയും സത്യസന്ധതയും ആവശ്യമാണെന്നാണ് ഇവിടെ ഉപദേശിക്കുന്നത്. മറ്റു വിധത്തിൽ പറഞ്ഞാൽ ജീവിതത്തിൽ കാപട്യം ഉപേക്ഷിക്കണമെന്നാണ്. യേശുവിന്റെ കാലത്ത് ജീവിച്ച യഹൂദരുടെ കൂട്ടത്തിൽ ഫരിസയർ എന്നൊരുകൂട്ടരുണ്ടായിരുന്നു. ഇവർ മനുഷ്യരെ കാണിക്കാൻ വേണ്ടി ആത്മീയകാര്യങ്ങൾ പോലും ചെയ്യുമായിരുന്നു. പുറമെ ഭക്തരായി നടിക്കുമായിരുന്നെങ്കിലും അകമെ അവർ കാപട്യം നിറഞ്ഞവ

രായിരുന്നു. ഇവരെ യേശു പലവിധത്തിൽ പരിഹസിക്കുകയുണ്ടായി. 'വെള്ളയടിച്ച ശവകുടീങ്ങൾ' എന്ന് വിശേഷിപ്പിച്ചു. ഉള്ളിൽ ദുഷ്ടത യുടെ വിഷം വഹിക്കുകയും കൊടിയ വിദ്വേഷവും, വഞ്ചനയും വച്ചു പുലർത്തുകയും ചെയ്യുന്നവർ പുറമെ കൊഴുക്കെ ചിരിക്കുകയും ചെയ്യുന്ന ധാരാളം ആളുകൾ എക്കാലത്തും ഉണ്ടായിരുന്നു.

യഥാർത്ഥ ഭക്തിയെന്നു പറയുന്നത് ദൈവത്തോട് ആത്മാർത്ഥ മായി ബന്ധം പുലർത്തുന്നതാണ്. മറ്റുള്ളവർ കണ്ടാലും കണ്ടില്ലെ ങ്കിലും ഭക്തികൃത്യങ്ങൾ തക്കസമയത്തും വേണ്ടവിധത്തിലും നടത്തേ ണ്ടത് ഒരു ഭക്തന്റെ കടമയാണ്. ദാനധർമ്മങ്ങൾ ചെയ്യുന്നതിനെക്കു റിച്ചും യേശു ഈ രീതിയിൽ പറഞ്ഞിട്ടുണ്ട്. "ഭിക്ഷകൊടുക്കുമ്പോൾ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുത്". എന്നാൽ പലരും അന്യരുടെ പ്രശംസലഭിക്കുവാൻ വേണ്ടി ഭക്തികൃത്യങ്ങൾ നടത്തു കയും ധർമ്മദാനം ചെയ്യുകയും ചെയ്യാറുണ്ട് അവർ ആശിക്കുന്ന പ്രശംസയാകുന്ന പ്രതിഫലം അവർക്കു കിട്ടികഴിഞ്ഞു. അതിനാൽ ദൈവത്തിന്റെ മുമ്പിൽ അവർക്ക് വിലകുറഞ്ഞുപോകുന്നു. താൻ ചെയ്യുന്ന സത്പ്രവൃത്തികൾ ആരുടെയും പ്രശംസ കാംഷിക്കാതെ ദൈവസ്നേഹവും പരസ്നേഹവും അടിസ്ഥാനമാക്കി ചെയ്താൽ ദൈവത്തിൽ നിന്ന് നല്ല പ്രതിഫലം ലഭിക്കും. ദൈവത്തോടും മനു ഷ്യരോടും ആത്മാർത്ഥയില്ലാത്ത ആൾ ആർക്കും പ്രിയങ്കരനാകുക യില്ല.

## 19. "എനിക്ക് തെറ്റിപ്പോയി"

ലോകരക്ഷകനായ യേശുക്രിസ്തു മനുഷ്യരെ വ്യക്തിപരമായും സമുഹമായും തന്റെ പ്രമുഖ വ്യാപാരങ്ങളായ പെസഹാ രഹസ്യങ്ങൾ വഴി (പീഡാനുഭവം, കുരിശുമരണം, പുനരുത്ഥാനം) വിശുദ്ധിയുടേയും, ആത്മരക്ഷയുടേയും മാർഗ്ഗത്തിലേയ്ക്ക് കൊണ്ടുവന്നു. അതിനു പുറമെ മനുഷ്യന് സമുന്നതമായ വ്യക്തിത്വവും ജീവിതവും നൽകു വാൻവേണ്ടി അതിവിശിഷ്ടങ്ങളായ ഉപദേശങ്ങൾ നൽകുകയുണ്ടായി.

അതിഗഹനങ്ങളായ സത്യങ്ങൾ സാധാരണക്കാർക്കുപോലും ഗ്രഹിക്കുവാൻ കഴിയത്തക്കവണ്ണം ഉപദേശരുപേണയുള്ള ഉപമക

ളിൽക്കൂടി താൻ സംസാരിച്ചു. ഇങ്ങനെയുള്ള ഉപമകളുടെ കൂട്ടത്തിൽപ്പെടുന്ന ഏറ്റവും വിശിഷ്ടവും, ഹൃദയസ്പ്പർശിയുമായ ഒന്നാണ് "ധൂർത്തപുത്രനെ കുറിച്ചുള്ള ഉപമ."

നല്ല വിവരങ്ങൾ നൽകുന്ന സുവിശേഷകനായ ലൂക്കോസ് ഈ ഉപമ വളരെ ഹൃദ്യമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. ഈ ഉപമ സുപരിചിതമാകയാൽ വിവരിക്കുന്നില്ല. അതിലെ കാതലായ ചില കാര്യങ്ങൾ എടുത്തുകാണിക്കാനാണ് ഉദ്ദേശിക്കുന്നത്. പിതാവിന്റെ വാൽസല്യമേറ്റു വളർന്ന ഇളയപുത്രൻ തനിക്ക് വീട്ടിൽ വേണ്ട സ്വാതന്ത്ര്യം ഇല്ലാത്തതിനാൽ, ദൂരദേശത്തേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നെന്നും സ്വത്തിന്റെ അവകാശം തനിക്ക് ലഭിക്കണമെന്നും പറഞ്ഞപ്പോൾ കഠിനമായ ഹൃദയവേദനയാണ് പിതാവിനുണ്ടായത്. സ്നേഹശൂന്യതയുടേയും, നന്ദികേടിന്റെയും പ്രകടമായ ആ വാക്കുകൾ പിതാവിന്റെ ഹൃദയത്തെ വ്രണപ്പെടുത്തി, എങ്കിലും പുത്രന്റെ ഇഷ്ടം തന്റെ ഇഷ്ടത്തേക്കാൾ കൂടുതൽ വിലമതിച്ച ആ പിതാവ് സ്വത്ത് രണ്ടായി പകുത്ത് ഒരു വീതം ഇളയപുത്രന് കൊടുത്തു. അവനത് വിറ്റ് പണമാക്കി ദൂരദേശത്തേയ്ക്ക് യാത്രയായി. ആ പുതിയ സ്ഥലത്ത് അവന് അനേകം കൂട്ടുകാരേയും ലഭിച്ചു. അവരൊത്ത് പണം ധൂർത്തടിച്ച് ചെലവാക്കി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അവന്റെ പണസഞ്ചിയെല്ലാം കാലിയായി. അവനൊന്നു മില്ലാത്തവനായി. പട്ടുവസ്ത്രം ധരിച്ചവൻ കീറത്തുണിചുറ്റി തെരുവുതെണ്ടിയായി അലഞ്ഞുതിരിയേണ്ടിവന്നു. കുനിൻമേൽ കുരു എന്ന മട്ടിൽ ആ ദേശത്തൊരു ക്ഷാമവും പടർന്നു പിടിച്ചു.

ആ ഇളയപുത്രൻ ഒരു ധനവാന്റെയടുത്ത് കെഞ്ചിയാചിച്ച തിന്റെ ഫലമായി അവനൊരു ചെറിയ ജോലികിട്ടി "പന്നികളെ തീറ്റുന്ന ജോലി". അങ്ങനെ അവൻ പന്നികളേയും മേയിച്ചുകൊണ്ടിരിക്കുന്ന ഒരു ദിവസം അവൻ തന്റെ ഉള്ളിലേയ്ക്ക് കടന്ന് തന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും, മുമ്പിലത്തെ അവസ്ഥയെക്കുറിച്ചും താരതമ്യപ്പെടുത്തി ദീർഘനേരം ചിന്തിച്ചു. അതിനുശേഷം അവൻ സ്വയം പറഞ്ഞു. "എന്റെ അധ:പതനത്തിനു കാരണം ഞാൻ തന്നെയാണ്. എനിക്ക് തെറ്റിപ്പോയി. ദു:സ്വാതന്ത്ര്യത്തിനുവേണ്ടി എന്റെ പിതാവിന്റെ ഭവനം വിട്ട് പോരേണ്ടതില്ലായിരുന്നു."

ഏറ്റം മഹനീയമായ ഒരു ബോധ്യമാണ് ആത്മപരിശോധന വഴി ആ മനുഷ്യനിൽ കടന്നുവരുന്നത്. അവന് കുറ്റബോധം അഥവാ പാപ ബോധം ഉണ്ടായി. ആധുനിക ലോകത്തിൽ മനുഷ്യർക്ക് സംഭവിച്ചി രിക്കുന്ന ഏറ്റവും വലിയ ആപത്ത് പാപബോധം നഷ്ടപ്പെട്ടു എന്നു ള്ളതാണ്. തെറ്റ് തെറ്റാണെന്ന് സമ്മതിക്കുവാൻ ഒരു കൊച്ചുകുട്ടി പോലും മടിക്കുന്നു. തനിക്ക് തെറ്റുപറ്റുകയില്ലെന്നും മറ്റുള്ളവർക്കാണ് തെറ്റുപറ്റുന്നതെന്നും ഓരോരുത്തരും പറയും സ്വയം പരിശോധിക്കാ ത്തതുമൂലം ഇപ്രകാരം തെറ്റിനെക്കുറിച്ചുള്ള ബോധ്യം ഉണ്ടാകാതി രിക്കുന്നതാണ് ഏറ്റം വലിയ നാശത്തിനുകാരണം. അഹങ്കാരത്തി ന്റെയും ദുരഭിമാനത്തിന്റെയും ഫലമായിട്ടാണ. ചിലരെല്ലാം തെറ്റുകൾ മറച്ചുവയ്ക്കുന്നത്. എളിമയും ലാളിത്യവുമുള്ളവർ പെട്ടെന്ന് തെറ്റ് മനസ്സിലാക്കി തിരുത്തുവാൻ ശ്രമിക്കും.

ധൂർത്തപുത്രൻ പാപബോധത്തിന് വിധേയനായപ്പോൾ പശ്ചാ ത്തപിക്കുകയും ഇനി ഒരിക്കലും ഇപ്രകാരമുള്ള തെറ്റു വരുത്തുകയി ലെന്ന് ദൃഢമായ തീരുമാനമെടുക്കുയും ചെയ്യുന്നു. അങ്ങനെ അവൻ പിതൃഭവനത്തിലേയ്ക്ക് തിരികെപോകുകയും അവന്റെ പിതാവ് വാൽസല്യപുർവ്വം അവനെ സ്വീകരിക്കുകയും ചെയ്തു.

എല്ലാവരും ഏറെക്കുറെ പാപികളാണ്. പാപബോധം വരുത്തു വാൻ ഓരോരുത്തരും ശ്രമിക്കണം. അതിനുശേഷം പശ്ചാത്താപ ത്തിന്റെയും അനുതാപത്തിന്റെയും, അനുരഞ്ജനത്തിന്റെയും മാർഗ്ഗ ത്തിലേയ്ക്ക് തിരിയണം. തെറ്റിന് ദൈവത്തോടും സഹോദരങ്ങളോടും മാപ്പ് ചോദിക്കുവാൻ മടിയ്ക്കരുത്. നമ്മുക്ക് മാപ്പ് ലഭിക്കും. ഈ മാപ്പാണ് ഏറ്റവും വലിയ സമാധാനത്തിന്റെയും സ്വസ്തതയുടേയും മാർഗ്ഗം.

## 20 "നീയും പോയി അപ്രകാരം ചെയ്യുക"

ഉപമകളിൽ കൂടിയുള്ള ക്രിസ്തുവിന്റെ ഉപദേശ സമ്പ്രദായത്തെ ക്കുറിച്ച് നേരത്തെ സൂചിപ്പിച്ചുവല്ലോ. ധൂർത്തപുത്രന്റെ ഉപമപോലെ തന്നെ ആരേയും ആകർഷിക്കുകയും കൂടുതൽ മെച്ചപ്പെട്ട ജീവിത വൃത്തിയിലേയ്ക്ക് തിരിക്കുകയും ചെയ്യുന്നതാണ് ഈ ഉപമയും.

ഇവിടെയും, ഈ ഉപമാവിവരണം സുപരിചിതമാകായാൽ ശ്രദ്ധേയവും ജീവിതത്തോട് ബന്ധപ്പെട്ടതുമായ സുപ്രധാനകാര്യങ്ങൾ എടുത്തുകാണിക്കുവാൻ ശ്രമിക്കുന്നതേയുള്ളു. മുറിവേറ്റുകിടക്കുന്ന ആളിനെക്കുറിച്ചും അയാളെ കണ്ടിട്ടും ഗൗനിക്കാതെ പോയവരെക്കുറിച്ചും കണ്ടപ്പോൾ മനസ്സലിഞ്ഞ് വന്ന് ശുശ്രൂഷിച്ച ആളിനെക്കുറിച്ചുമാണ് ചിന്തിക്കേണ്ടത്. രക്തമൊലിപ്പിച്ചു കിടന്ന ആളിന്റെയടുത്തേയ്ക്ക് യഹൂദാമതത്തിലെ ഒരു പുരോഹിതനാണ് ആദ്യം വരുന്നത്. ദൈവത്തെ ആരാധിക്കുവാനും മറ്റുള്ളവരെ ശുശ്രൂഷിക്കുവാനും കടപ്പെട്ട ഒരു പുരോഹിതൻ, താങ്ങും, തണലും ആവശ്യമായ ആ അവശന് യാതൊരു സഹായവും നൽകാൻ ഒരുമ്പെട്ടില്ല. കാണാത്തമട്ടിൽ മറുവശത്തുകൂടെ കടന്നുപോയി. അക്ഷന്തവ്യമായ കൃത്യവിലോപവും സ്നേഹശൂന്യതയുമാണ് അയാൾ കാണിച്ചത് വാ തോരാതെ സത്യം, നീതി, സ്നേഹം, ധർമ്മം തുടങ്ങിവയെക്കുറിച്ച് പ്രസംഗിക്കുന്ന പലരും ഇതുപോലെ ശുശ്രൂഷയിൽ നിന്നും ഒഴിഞ്ഞുമാറുന്നവരാണ്.

രണ്ടാമതു വന്ന ലേവ്യനും അവനെ കണ്ടെങ്കിലും കാണാത്തമട്ടിൽ കടന്നുപോയി. ഈ ലേവ്യൻ അവരുടെ വർഗ്ഗത്തിനുവേണ്ട സ്നേഹമോ, ശുശ്രൂഷാമനോഭാവമോ ഉള്ളവനായിരുന്നില്ല. സ്നേഹിക്കുവാനും, ശുശ്രൂഷിക്കുവാനും കടപ്പെട്ടവർ അവരുടെ കർത്തവ്യം നിറവേറ്റാത്തത് അപലപനീയമാണ്.

മൂന്നാമതെത്തിയ ആൾ ഒരു സമരിയാക്കാരനായിരുന്നു. അക്കാലത്ത് സമരിയാക്കാരും, യുഹുദൻമാരും തമ്മിൽ പലകാര്യങ്ങളിലും വിഭിന്നതയുണ്ടായിരുന്നു. യഹൂദർ ദൈവത്തെ ആരാധിച്ചത് യറുശേലം ദേവാലയത്തിൽ എന്നാൽ സമരിയാക്കാർ ഗാരസിം മലയിലാണ് ദൈവാരാധന നടത്തിയിരുന്നത്. കൂടാതെ അന്നത്തെ വേദഗ്രന്ഥങ്ങളിൽ മോശയുടെ അഞ്ചു പുസ്തകങ്ങൾ മാത്രമേ സമരിയാക്കാർ സ്വീകരിച്ചിരുന്നുള്ളു. സമരിയാക്കാർ ഒരു സങ്കരവർഗ്ഗക്കാരായിരുന്നു. ഇക്കാരണങ്ങളാൽ യഹൂദരും സമരിയാക്കാരും ഒരു തരത്തിൽ ശത്രുതയിലാണ് കഴിഞ്ഞിരുന്നത്.

മുറിവേറ്റ ആളിന്റെയെടുത്തുവരുന്ന സമരിയാക്കാരൻ ഒരു ശത്രു (യഹൂദൻ) മുറിവേറ്റുകിടക്കുന്നതാണ് കാണുന്നത്. എങ്കിലും അയാൾ ഒരു മനുഷ്യത്വമുള്ള മനുഷ്യനായിരുന്നു. മനുഷ്യത്വത്തിനു ചേർന്ന

അതിവിശിഷ്ട ഗുണമായ പരസ്നേഹത്തിൽ നിന്ന് ഉരിത്തിരിയുന്ന കാരുണ്യവും ആർദ്രതയും മുറ്റിയ ആളായിരുന്നു. അതിനാൽ അവശനായ യഹൂദനെ ശുശ്രൂഷിക്കുവാൻ മുമ്പോട്ടു വന്നു. മുറിവുകളിൽ എണ്ണയും, വീഞ്ഞും ഒഴിച്ച് വച്ചുകെട്ടി. എണ്ണ ഒഴിച്ചപ്പോൾ സ്നേഹമാണ് കോരിചൊരിഞ്ഞത്. (സ്നേഹം എന്ന വാക്കിന് എണ്ണയെന്നും അർത്ഥമുണ്ടല്ലോ) വീഞ്ഞിൽ കൂടി തന്റെ ആത്മചൈതന്യത്തിന്റെ ഒരു പങ്ക് ആ അവശന് നൽകുകയായിരുന്നു.

കൂടുതൽ മെച്ചപ്പെട്ട ശുശ്രൂഷ ലഭിക്കുവാൻ വേണ്ടി മുറിവേറ്റ ആളിനെ താൻ സഞ്ചരിച്ച കഴുതപ്പുറത്തു കയറ്റി അടുത്തുള്ള ഒരു സത്രത്തിലേയ്ക്ക് കൊണ്ടുപോയി. സത്രം സൂക്ഷിപ്പുക്കാരനെ ഭരമേൽപ്പിച്ച ശേഷം ചെലവെല്ലാം നൽകാമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു.

"അയൽക്കാരനെ സ്നേഹിക്കണം" എന്ന് ഒരിക്കൽ യേശു തന്റെ പരസ്യജീവിതക്കാലത്ത് ഉപദേശിച്ചപ്പോൾ ഒരു നിയമജ്ഞൻ തന്നോടു ചോദിച്ചു. "ആരാണ് എന്റെ അയൽക്കാരൻ." ആ ചോദ്യത്തിനു നൽകിയ മറുപടിയായിരുന്നു ഈ ഉപമ. ഈ ഉപമ പറഞ്ഞശേഷം യേശു ആ നിയമജ്ഞനോടു ചോദിച്ചു. കവർച്ചക്കാരുടെ കൈയിൽ അകപ്പെട്ട ആ മനുഷ്യന് ഈ മുവരിൽ ആരായിരുന്നു അയൽക്കാരൻ അവനോട് കരുണകാണിച്ചവൻ എന്ന് നിയമജ്ഞൻ മറുപടി പറഞ്ഞു. അത് കേട്ടശേഷം താഴെ പറയുന്ന സുപ്രധാന ഉപദേശവും അവനും മറ്റെല്ലാവർക്കുമായി യേശുനൽകി "നീയും പോയി അപ്രകാരം ചെയ്യുക." എപ്രകാരമെന്നു വിശേഷിച്ചു പറയേണ്ടകാര്യമില്ലല്ലോ. ആപത്തിലകപ്പെടുന്ന ശത്രുവിനെ മിത്രമായി കരുതാനും, സ്നേഹിക്കുവാനും, ശുശ്രൂഷിക്കാനും ഏവർക്കും കടമയുണ്ട്. ഇക്കടമ ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാത്തവൻ മറ്റെന്തെല്ലാമുള്ളവനായാലും, ചെയ്യുന്നവനായാലും അയാളെ മനുഷ്യത്വമില്ലാത്ത മനുഷ്യൻ എന്ന് വിശേഷിപ്പിക്കാം.

## 21. "ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, ശേഖരിക്കുന്നുമില്ല"

ആധുനിക മനുഷ്യജീവിതത്തിലുള്ള ഏറ്റം വലിയ ഒരു പ്രശ്ന

മാണ്. 'നാളെയെക്കുറിച്ചുള്ള ചിന്ത.' വ്യക്തിക്കും സമൂഹത്തിനും ഇപ്രകാരമുള്ള അലട്ടുന്ന ചിന്തയുണ്ട്. ഭാവിയെക്കുറിച്ചുള്ള ആശങ്ക (ആകുലത) പലപ്പോഴും മനുഷ്യനെ ഭയവിഹ്വലനും ഭീരുവും ആക്കിത്തീർക്കാറുണ്ട്. ഇത് പല തരത്തിലുള്ള തകർച്ചയ്ക്കും കാരണമാകുകയും ചെയ്യും.

സർവ്വശക്തനും കാരുണ്യവാനുമായ ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഇപ്രകാരം ആകുലത ആവശ്യമില്ലയെന്ന് സർവ്വവിജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും പൂർണ്ണതയായ ക്രിസ്തുനാഥൻ പഠിപ്പിച്ചിട്ടുണ്ട്. ഗിരിപ്രഭാഷണത്തിൽ ഇതിനെക്കുറിച്ച് വളരെ വ്യക്തമായ രീതിയിൽ ക്രിസ്തു ഉപദേശിക്കുന്നു. ദൈവപരിപാലനയിൽ ആശ്രയിക്കേണ്ടതിനെക്കുറിച്ച് താൻ ഇപ്രകാരം പറയുന്നു. "എന്ത് ഭക്ഷിക്കും, എന്ത് പാനം ചെയ്യും എന്ന് ജീവനെക്കുറിച്ചോ എന്ത് ധരിക്കും എന്ന് ശരീരത്തെക്കുറിച്ചോ നിങ്ങൾക്ക് ഉത്ക്കണ്ഠ വേണ്ട. ഭക്ഷണത്തേക്കാൾ ജീവനും, വസ്ത്രത്തേക്കാൾ ശരീരവും ശ്രേഷ്ഠമാണല്ലോ." ഇങ്ങനെ പ്രസ്താവിച്ചശേഷം നിസ്സാര സൃഷ്ടികളെപ്പോലും ദൈവം കരുണയോടെ പരിപാലിക്കുന്നതിനെക്കുറിച്ച് പറയുന്നു. ആകാശപ്പറവകളും വയലിലെ ചെടികളും എങ്ങനെ വളരുന്നുവെന്ന് ഉദാഹരണമായി ചൂണ്ടികാണിക്കുന്നു.

വിതയ്ക്കുകയും കൊയ്യുകയും കളപ്പുരകളിൽ ശേഖരിക്കുകയും ചെയ്യാത്ത പക്ഷികൾ ഭക്ഷണമില്ലാതെ ചാകുന്നതായും ആരും കണ്ടിട്ടില്ല. മനുഷ്യനെക്കാൾ നിസ്സാര സൃഷ്ടികളെ ദൈവം പോറ്റുകയും അലങ്കരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ സ്വന്തം പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ദൈവം പരിരക്ഷിക്കാതിരിക്കുകയില്ല.

സജീവമായ വിശ്വാസവും അതിൽനിന്നുതിരുന്ന ആശ്രയബോധവും ഉള്ളവരെ പിതാവായ ദൈവം ഒരിക്കലും കൈവിടുകയില്ല. മറിച്ച് അപ്രകാരം ചെയ്യാത്തവർക്കാണ് ജീവിതത്തിൽ ആകുലത അനുഭവപ്പെടുന്നത്. ആകുലതകൊണ്ട് ഒരു കാര്യവും നേടുവാൻ ആർക്കും സാധ്യമല്ല. ആകുലതപ്പെട്ടതുകൊണ്ട് ആയുസ്സിന് ഒരു മണിക്കൂറെങ്കിലും കൂട്ടാൻ ആർക്കെങ്കിലും സാധിക്കുമോ? അതിനാൽ സമാധാനപരമായ ജീവിതത്തിന് മുമ്പു പറഞ്ഞവിധം ആകുലത അകറ്റുകയാണ് ആവശ്യം.

ദൈവപരിപാലനയിൽ ആശ്രയിക്കുന്നവർ സ്വന്തമായി ഒന്നും ചെയ്യേണ്ടതില്ലെന്നാരും വിചാരിക്കരുത്. ദൈവം നൽകിയ എല്ലാ കഴിവുകളുമനുസരിച്ച് സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കും വേണ്ടി അദ്ധ്വാനിക്കേണ്ടത് ഏറ്റം ആവശ്യമാണ്. 'താൻ പാതി ദൈവം പാതി' എന്ന ചൊല്ല് അന്വർത്ഥമാണ്. ദൈവപരിപാലനയുടെ ഒരു ഭാഗം തന്നെയാണ് മനുഷ്യന്റെ അദ്ധ്വാനശീലവും. അദ്ധ്വാനിക്കാതെ അലസനായി കഴിയുന്നവരെ ദൈവം തുണയ്ക്കുകയില്ല. ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് സ്വന്തം കാലുകളിൽ നിവർന്നുനിന്ന് അദ്ധ്വാനിച്ചു കഴിയുന്നവരുടേയും ജീവിതമാണ് വിജയിക്കുന്നത്.

## 22. "സദാ ജാഗരൂകരായിരിക്കുവിൻ, ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല"

മനുഷ്യന് അറിയാൻ കഴിയാത്ത ദിവസമോ, മണിക്കൂറോ ഏതാണ്? മരണത്തിന്റെ എന്ന് ഉത്തരം. മരണം മനുഷ്യന് നിശ്ചയമാണെന്ന കാര്യം ആരും ആരേയും പറഞ്ഞ് മനസ്സിലാക്കേണ്ട ആവശ്യമില്ല. ജനിക്കുന്നവരെല്ലാം മരിക്കും. ജീവിതത്തിന്റെ അന്ത്യം എല്ലാ ജീവികൾക്കും സംഭവിക്കും. ജീവിതത്തിന്റെ ഏറ്റം താണപടിയിലുള്ള വൃക്ഷങ്ങളും ചെടികളും മുളച്ച് വളർന്ന് പുഷ്പങ്ങളും കായ്കളും പുറപ്പെടുവിച്ചശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ മണ്ണടിഞ്ഞുപോകും. കൂടുതൽ ശക്തമായവ കൂടുതൽകാലം നിലനിൽക്കുമെന്നുമാത്രം. എല്ലാ തരത്തിലുമുള്ള മൃഗങ്ങളുടേയും അവസ്ഥ ഇങ്ങനെതന്നെ.

ചെടികളുടേയും മൃഗങ്ങളുടേയും മറ്റും ജീവിതം അവ ഭൂമിയിൽ വീണ് മണ്ണടിയുന്നതോടുകൂടി അവസാനിക്കുന്നു. കൂടുതൽ മുന്നോട്ടു പോകത്തക്ക ജീവൻ അവയ്ക്കില്ല. അവയ്ക്ക് പ്രാണമയമായ ജീവനേയുള്ളു. അത് മണ്ണടിയുന്നതോടുകൂടി അവസാനിക്കുന്നു. അതുകൊണ്ട് ഒരു ചെടിക്കോ മൃഗത്തിനോ അന്ത്യത്തിനുവേണ്ടി ഒരുങ്ങിയിരിക്കേണ്ട ആവശ്യമില്ല. അതിനവയ്ക്ക് കഴിയുകയുമില്ല. ബോധാവസ്ഥ ഇല്ലാത്തതുമൂലമാണത്.

എന്നാൽ മനുഷ്യന്റെ അവസ്ഥ അങ്ങനെയല്ല. മനുഷ്യനിൽ ആത്മമയമായ ജീവനാണുള്ളത്. ആ ദൈവത്തിന്റെ പ്രതിച്ഛായയിൽ

സൃഷ്ടിക്കപ്പെട്ട ആത്മാവിന്റെ ശക്തിരൂപമാണ്. അതിനാൽ അമൂർത്ത മായ ആത്മാവ് അമർത്യമാണ്. മരിക്കുമ്പോൾ ശരീരം മാത്രമേ മണ്ണ ടിയുന്നുള്ളു. ആത്മാവ് നിത്യം ജീവിക്കും. ഇതാണ് മനുഷ്യജീവിത ത്തിന്റെ അമൂല്യമായ മഹത്വവും വലിപ്പവും. മനുഷ്യന്റെ ഈ ലോക ജീവിതം താൽക്കാലികമാണ്. എന്നാൽ ഈ ലോകജീവിതത്തിനു ശേഷമുള്ള പരലോകജീവിതം നിത്യമാണ്. "മരണത്തോടുകൂടി ഈലോകജീവിതത്തിലെ പൗരത്വം അവസാനിക്കുന്നെങ്കിലും ഒരിക്ക ലുമവസാനിക്കാത്ത പരലോകജീവിത പൗരത്വത്തിലേയ്ക്ക് നാം പ്രവേ ശിക്കുന്നു." (വി. പൗലോസ്)

ഈ ലോകജീവിതത്തിലെ വ്യാപരങ്ങളനുസരിച്ചാണ് പരലോക ത്തിൽ മനുഷ്യന് നിത്യാനന്ദമോ, നിത്യദുഃഖമോ ലഭിക്കുന്നത്. ഈ അർത്ഥത്തിലാണ് വി.യോഹന്നാൻ ശ്ലീഹാ പറയുന്നത്. "നന്മചെയ്ത വർ ജീവന്റെ ഉയിർപ്പിനും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പി നുമായി പുറത്തേയ്ക്ക് വരും."

ഇങ്ങനെ ചിന്തിക്കുമ്പോൾ മനുഷ്യൻ ഏറ്റം പ്രാധാന്യം കൊടു ക്കേണ്ടത് നന്മ പ്രവർത്തിച്ചശേഷമുള്ള ഒരു നല്ല മരണത്തിനാണ്. എപ്പോൾ മരിക്കും, ഏത് രീതിയിലുള്ള മരണം സംഭവിക്കും എന്നൊന്നും ആർക്കും നിശ്ചയിക്കുവാൻ കഴിയുകയില്ല. എന്നാൽ ഒരു നല്ല മരണം വേണമെന്ന് നിശ്ചയിക്കേണ്ടതാണ്. അതിനുവേണ്ടി സദാ ഒരുങ്ങിയിരിക്കുകയും ചെയ്യണം.

എന്നാൽ വിചിത്രമെന്നു പറയട്ടെ, മനുഷ്യജീവിതത്തിലെ പ്രധാ നപ്പെട്ട കാര്യങ്ങൾക്ക് മനുഷ്യൻ മുൻകൂട്ടി ചിന്തിക്കുകയും ഒരുങ്ങു കയും ചെയ്യാറുണ്ട്. ഉദാഹരണമായി കുട്ടികളുടെ വിദ്യാഭ്യാസം, വിവാ ഹം, വീടുപണി മുതലായ കാര്യങ്ങൾ. എന്നാൽ മരണത്തെക്കുറിച്ചും അതിനുവേണ്ട ഒരുക്കത്തെക്കുറിച്ചും എത്രപേർ ചിന്തിക്കാറുണ്ട്. തന്റെ മരണശയ്യ ഓരോ ദിവസവും മനുഷ്യൻ കൺമുമ്പിൽ കാണേണ്ടതാ ണ്. അങ്ങനെയാണെങ്കിൽ നല്ല ജീവിതം നയിക്കുകയും മരണത്തി നായി ഒരുങ്ങിയിരിക്കുകയും ചെയ്യും.

എണ്ണയൊഴിച്ച് കൊളുത്തിയ വിളക്കു പൊലെ പാപരഹിതമായ ജീവിതത്താൽ വരപ്രസാദ വെളിച്ചം നിറഞ്ഞ ആത്മാവുമായി കാത്തി

രിക്കുക എന്ന കാര്യമാണ് സദാ ജാഗരൂകരായിരിക്കാൻ പത്തുകന്യ കളെക്കുറിച്ചുള്ള ആ ഉപമ പറഞ്ഞശേഷം യേശു ഉപദേശിക്കുന്നത്.

ഇതേ അർത്ഥത്തിലുള്ള മറ്റു പല ഉപമകളും പ്രസ്താവനകളും യേശു നൽകിയിട്ടുണ്ട്. "വീടു കൊള്ള ചെയ്യുവാൻ കള്ളൻമാർ ഏത് നിമിഷത്തിൽ വരുമെന്ന് വീട്ടുടമസ്ഥൻ അറിയാത്തതിനാൽ രാത്രി മുഴുവനും ഉണർന്നിരിക്കണം." അതുപോലെ മരണത്തിന്റെ വരവിനും കാത്തിരിക്കണം.

തന്റെ വയലുകളിൽ ധാരാളമായി വിളഞ്ഞ ധാന്യമെല്ലാം ശേഖ രിച്ചുവച്ച ശേഷം അനേകം നാൾ സുഖിക്കാമെന്നു വിചാരിക്കുന്ന ഭോഷനായ ധനവാൻ ആ രാത്രിയിൽ തന്നെ മരിച്ചാൽ അയാൾ എങ്ങനെ വളരെനാൾ സുഖിക്കും. ഇതുപറഞ്ഞശേഷം യേശു ഇപ്ര കാരം പറയുന്നു. "ദൈവത്തിൽ സമ്പന്നനാകാത്തവൻ യഥാർത്ഥ ത്തിൽ സമ്പന്നനല്ല".

ദൈവത്തിൽ സമ്പന്നനാകുകയെന്നു പറഞ്ഞാൽ ലൗകികകാര്യ ങ്ങളോട് ആവശ്യമായ വിരക്തി സമ്പാദിച്ച് വരപ്രസാദജീവിതം വഴി മരണത്തിനൊരുങ്ങിയിരിക്കുക എന്നർത്ഥമാണ്.

## 23. "ഞാൻ വന്നത് നിങ്ങൾക്കു ജീവൻ നൽകുവാനാണ് അത് സമൃദ്ധമായി നൽകുവാനാണ്"

യേശുക്രിസ്തു ഉദീരണം ചെയ്ത വാക്കുകളിൽ അതി പ്രധാന വും, ഹൃദ്യവുമാണ് മേൽ ഉദ്ധരിച്ചവ. ജീവൻ നൽകുവാൻ വന്നു എന്ന പ്രസ്താവനയെക്കുറിച്ചു തന്നെ ആദ്യം ചിന്തിക്കാം. ജീവൻ എന്ന വാക്കിന് ഇവിടെ സാധാരണ അർത്ഥമല്ലയുള്ളത്. കാരണം നേരത്തെ തന്നെ ജീവനുള്ളവരോടാണല്ലോ ഇത് പറയുന്നത്.

മനുഷ്യന്റെ ഈ ലോകത്തിനുശേഷമുള്ള ജീവിതമാണ് ഇവിടെ അർത്ഥമാക്കുന്നത്. ഇതിന് നിത്യായുസ്സ്, നിത്യാനന്ദം, മോക്ഷം, നിത്യ നിർവൃതി, സായുജ്യം എന്നെല്ലാം വേറെ വാക്കുകളും ഉപയോഗിക്കാം. എന്നാൽ ഈ നിത്യജീവൻ പരലോകത്തിൽ പ്രാപിക്കുവാൻ ഈ ലോകത്തിൽവച്ചുതന്നെ അതിന്റെ തുടക്കവും വളർച്ചയും ആവശ്യ മാണ്.

ക്രിസ്തുമതം പഠിപ്പിക്കുന്നതനുസരിച്ച് ഓരോ മനുഷ്യശിശുവും ആത്മാവിൽ ജീവനില്ലാതെ (ചാപിള്ളയായി) യാണ് ജനിക്കുന്നത്. ഈ ആത്മീയ ജീവന്റെ അഭാവത്തിനാണ് ഉത്ഭവപാപം അഥവാ ജന്മ പാപമെന്നു പറയുന്നത്. ഏദൻതോട്ടത്തിലെ പാപത്തിന്റെ പിൻതുടർച്ചയും ഫലവുമാണിത്. ഈ ജീവനില്ലാത്ത അവസ്ഥ ശിശുവിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഉത്തരവാദിത്വത്തിൽപ്പെട്ട പാപം അല്ല. വ്യക്തിത്വത്തിൽ ജീവനുണ്ടെങ്കിലും യഥാർത്ഥമായ ആത്മീയ ജീവൻ കടന്നുവരുന്നത് ക്രിസ്തുനാഥൻ സ്ഥാപിച്ച രക്ഷാകരമായ മാമോദീസ (ജ്ഞാനസ്നാനം) എന്ന കൂദാശ (വിശുദ്ധിക്കുവേണ്ടിയുള്ള വിശുദ്ധകർമ്മം) വഴിയാണ്.

മനുഷ്യജീവന്റെ ഉറവിടവും ആസ്ഥാനവും ആത്മാവാണ്. പാപം വഴി അധഃപതിച്ചതിനാൽ ആത്മാവിന്റെ ജീവൻ ഇല്ലാതായിപ്പോയി. (ജീവിതവും ജീവനും ഒന്നല്ല, ഒരുവന്റെ പ്രവൃത്തിയുടെ സമാഹാരമാണ് അവന്റെ ജീവിതം, എന്നാൽ ജീവൻ ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട ആത്മാവിന്റെ അന്തസത്തയാണ്.) ഉത്ഭവപാപത്തിൽ കൂടി ആത്മാവിന്റെ അന്തസത്തയാണ് നഷ്ടപ്പെട്ടത്. ഈ നഷ്ടപ്പെട്ട അന്തസത്ത മനുഷ്യർക്ക് വ്യക്തിപരമായോ സമൂഹമായോ വീണ്ടെടുക്കുവാൻ സാധ്യമല്ലായിരുന്നു. ദൈവത്തിനുമാത്രമേ അതിനു സാധ്യമായിരുന്നുള്ളു.

ഈ വീണ്ടെടുപ്പ് ദൈവത്തിന് വേണമെങ്കിൽ നടത്താതിരിക്കാമായിരുന്നു. എന്നാൽ ദൈവത്തിന്റെ അന്തസത്ത സ്നേഹമാണ്. (ദൈവം സ്നേഹമാകുന്നു – വി. യോഹന്നാൻ). ഈ സ്നേഹത്തിന്റെ കവിഞ്ഞൊഴുകൽ അഥവാ ഒരു തരത്തിലുള്ള പങ്കുവയ്ക്കലായിരുന്നു സൃഷ്ടികർമ്മം, പ്രത്യേകിച്ച് മനുഷ്യസൃഷ്ടി. അതിനാൽ ആത്മാവിന്റെ ജീവൻ നഷ്ടപ്പെട്ട മനുഷ്യനെ ഉദ്ധരിക്കാൻ അഥവാ വീണ്ടെടുക്കാൻ ദൈവത്തിന്റെ സ്നേഹം നിർബന്ധിച്ചു. അതിനുവേണ്ടി ദൈവപുത്രൻതന്നെ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ മനുഷ്യനായി ഈ ലോകത്തിലേയ്ക്ക് താണിറങ്ങിവന്നു. "ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു; തന്റെ ഏകപുത്രനെ നൽകുവാൻ തക്കവണ്ണം; അവൻവഴി ഏവരും രക്ഷപ്പെടുവാൻ (അവനിൽ വിശ്വസിക്കുന്ന ഒരാളും നശിച്ചുപോകാതെ)" (യോഹന്നാൻ 3)

ലോകത്തെ സ്നേഹിച്ചു എന്നു പറയുന്നിടത്ത് മനുഷ്യരെ സ്നേഹിച്ചു എന്നർത്ഥമാക്കണം. ആ സ്നേഹമാണ് രക്ഷകനായ ക്രിസ്തുവിനെ രക്ഷാകരമായ പെസഹാ രഹസ്യങ്ങളിലേയ്ക്ക് (പീഡാനുഭവം, കുരിശുമരണം, പുനരുത്ഥാനം) നയിച്ചത്. ഇത് സ്നേഹത്തിന്റെ ഏറ്റം വലിയ ഒരടയാളമായിരുന്നു. പെസഹാ രഹസ്യങ്ങളിൽകൂടി വീണ്ടും ആത്മീയജീവൻ പ്രാപിക്കുവാൻവേണ്ട മാർഗ്ഗത്തിലേയ്ക്ക് കൊണ്ടുവന്നു. ഈ മാർഗ്ഗങ്ങളിൽക്കൂടി ആത്മാവിന്റെ ജീവനു നിദാനമായ വരപ്രസാദമെന്ന വിശിഷ്ടദാനം ഈ രക്ഷാകരമാർഗ്ഗങ്ങളിൽക്കുടി പ്രാപിച്ച് വളരുന്നതിനും അങ്ങനെ വിശുദ്ധിയുടെ പൂർണ്ണത പ്രാപിക്കുന്നതിനും മരണശേഷം നിത്യായുസ്സിലേയ്ക്ക് പ്രവേശിക്കുന്നതിനുമുള്ള ഭാഗ്യം സിദ്ധിക്കുന്നു. ഓരോരുത്തരും ഈ മാർഗ്ഗം ആത്മാർത്ഥമായി സ്വീകരിക്കുകയും അതിൽ ഉറച്ചുനിന്ന് പ്രവർത്തിക്കുകയും ചെയ്യണമെന്നുമാത്രം.

## 24. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ"

ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാർക്ക് കൊടുത്ത ഏറ്റം വലിയ കല്പനയാണിത്. അന്നത്തെ ശിഷ്യന്മാർക്കു മാത്രമല്ല, എന്നുമുള്ള ശിഷ്യന്മാർക്കും, പോരാ എല്ലാ മനുഷ്യർക്കും എന്നേയ്ക്കും നൽകിയ ഉപദേശമാണിത്. സ്നേഹം വ്യക്തിജീവിതത്തിന്റേയും, സമൂഹജീവിതത്തിന്റേയും ആണികല്ലാണ്.

യഥാർത്ഥ സ്നേഹം നിസ്വാർത്ഥമാണ്, ത്യാഗോജ്വലമാണ്. സ്നേഹിക്കപ്പെടുന്ന ആളിനുവേണ്ടി സ്വന്തം സുഖവും സൗകര്യവും ത്യജിക്കാൻ മടിക്കാത്ത സ്നേഹം. സ്നേഹിക്കപ്പെടുന്ന ആളിനെ സ്വന്തമായി അംഗീകരിക്കുകയും ആ ആളിന്റെ സുഖങ്ങളിലും ദുഃഖങ്ങളിലും ആപത്തുകളിലും പങ്കുചേരുകയും ചെയ്യാൻ ഈ സ്നേഹമുള്ളവർ എപ്പോഴും സന്നദ്ധമായിരിക്കും. ഈ അർത്ഥത്തിലാണ് A friend in need is a friend indeed എന്ന ഇംഗ്ലീഷ് ചൊല്ല്. ഇപ്രകാരമുള്ള സ്നേഹിതന്മാർ സ്വന്തം സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുവാൻപോലും മടിക്കുകയില്ല. ഇത് യേശുക്രിസ്തു തന്റെ വിശിഷ്ട വാക്കുകളിൽക്കൂടി വ്യക്തമാക്കുകയും, ഉൽകൃഷ്ടമാതൃകയിൽ കാണി

ച്ചുതരികയും ചെയ്തു. താൻ പറഞ്ഞു, "സ്വന്തം സ്നേഹിതന്മാർക്കു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല." ഈ ബലി കാൽവറിയിൽ അർപ്പിക്കപ്പെട്ടു.

പൗലോസ് ശ്ലീഹാ അഗാപ്പേയെന്ന സ്നേഹത്തെക്കുറിച്ച് പല യിടത്തും പ്രസ്താവിക്കുന്നുണ്ട്. ഏറ്റം മികച്ച ഉദാഹരണം കൊരിന്തിയാക്കാർക്കെഴുതിയ ലേഖനത്തിൽ നൽകുന്ന സ്നേഹത്തെക്കുറിച്ചുള്ള ഉജ്ജ്വലപ്രഭാഷണമാണ്.

ഈ പരസ്പരസ്നേഹം ലഭിക്കുന്നതിനും പ്രയോഗിക്കുന്നതിനും അടിസ്ഥാനം സമ്പൂർണ്ണ അർപ്പണത്തിൽ കൂടിയുള്ള ദൈവസ്നേഹമാണ്. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ് ദൈവസ്നേഹവും പരസ്നേഹവുമെന്നു പറയാം. കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നതിന്, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കണം. സ്നേഹിക്കാതെ കഴിയുകയില്ലെന്ന വി. യോഹന്നാൻ ശ്ലീഹായുടെ ഉപദേശം എപ്പോഴും ഓർമ്മയിൽ നിലനിൽക്കേണ്ടതാണ്.

## 25. "ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടമായാൽ എന്തു പ്രയോജനം?"

മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെക്കുറിച്ചും ആ ലക്ഷ്യം നേടാൻ കഴിയാഞ്ഞാൽ ഉണ്ടാകുന്ന സമ്പൂർണ്ണ പരാജയത്തെക്കുറിച്ചുമാണ് ഗഹനമായ ഈ വാക്യത്തിൽ യേശു പറയുന്നത്. ഈ ലോകത്തിലെ മനുഷ്യജീവിതത്തിന് ഒരൊറ്റ ലക്ഷ്യമേയുള്ളു. അതാണ് പരലോകപ്രാപ്തി. നമ്മുടെ ഈ ലോകത്തിലെ പൗരത്വം നശ്വരമാണെന്നും നമ്മുടെ യഥാർത്ഥമായ നിത്യപൗരത്വം പരലോകത്തിലാണെന്നും പൗലോസ് ശ്ലീഹാ പറയുന്നു. നിത്യപൗരത്വം നേടുന്നതിനാണ് ആത്മരക്ഷ എന്നു പറയുന്നത്.

ഈ ലോകത്തിൽ ഏതെല്ലാം നേടിയാലും, സമ്പത്തോ, സുഖഭോഗങ്ങളോ, സ്ഥാനമാനങ്ങളോ എന്തായാലും ശരി ആത്മരക്ഷ നേടാൻ സാധിക്കുന്നില്ലെങ്കിൽ അവയെല്ലാം പ്രയോജന രഹിതങ്ങളാണ്. ആത്മരക്ഷ നേടാത്ത ജീവിതം വിജയമല്ല, പരാജയമാണ്.

ഒരു സംഭവകഥ ഓർമ്മയിൽ വരുന്നു. ഇത് പതിനാറാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ ദിവംഗതനായ ഒരു വിശുദ്ധനെക്കുറിച്ചുള്ളതാണ്. പാരീസ് പട്ടണത്തിലെ ഒരു കുലീനവും സമ്പന്നവുമായ കുടുംബത്തിൽ ജനിച്ച പ്രഗൽഭനും അതിബുദ്ധിമാനുമായ ഒരു യുവാവ് പാരീസ് സർവ്വകലാശാലയിൽനിന്ന് ഏറ്റം ഉയർന്ന ഡിഗ്രി പ്രശസ്തമായ നിലയിൽ കരസ്ഥമാക്കി. ഇനിയും അദ്ദേഹത്തിന് ആ സർവ്വകലാശാലയിൽതന്നെ ഒരു ഉയർന്ന ഉദ്യോഗം ലഭിക്കുമായിരുന്നു. ആ അവസരത്തിലായിരുന്നു അദ്ദേഹം ഒരു ദിവസം വൈകിട്ട് പാരീസ് പട്ടണത്തിലെ തെരുവീഥികളിൽക്കൂടി സവാരി ചെയ്തത്. തെരുവിന്റെ ഒരു ഭാഗത്തുചെന്നപ്പോൾ ഉച്ചത്തിൽ വിളിച്ചുപറയുന്ന ഒരു സ്വരം കേട്ടു "മനുഷ്യാ ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം?"

ആരാണ് ഇതു പറയുന്നതെന്നു നോക്കിയപ്പോൾ കണ്ടത് ഒരു മുടന്തനായ മനുഷ്യനെയാണ്. ആ യുവാവ് ഈ വാക്കുകൾ കേട്ടെങ്കിലും കേൾക്കാത്തമട്ടിൽ മുന്നോട്ടുപോയി. വലിയ ഉദ്യോഗവും സ്ഥാനമാനങ്ങളും സമ്പത്തും എല്ലാം സ്വന്തമാക്കാവുന്ന ആ യുവാവിന്, കേട്ട വാക്യത്തെക്കുറിച്ച് ചിന്തിക്കാനേ കഴിഞ്ഞില്ല. പിറ്റേ ദിവസവും ഇതേ സംഭവം ആവർത്തിക്കപ്പെട്ടു. ഇപ്രാവശ്യം യുവാവ് ഈ വാക്കുകളെക്കുറിച്ച് അല്പമൊക്കെ ചിന്തിച്ചുതുടങ്ങി. മൂന്നാമത് ഒരു പ്രാവശ്യംകൂടി കേട്ടുകഴിഞ്ഞപ്പോൾ അഗാധമായ ചിന്തയോടുകൂടിയാണ് യുവാവ് വീട്ടിലേയ്ക്കു പോയത്. വീണ്ടും വീണ്ടും ചിന്തിച്ചതിന്റെ ഫലമായി ഒരു കാര്യം യുവാവിന് ബോധ്യം വന്നു. മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം ഏറ്റം വിലപ്പെട്ടകാര്യം ആത്മാവും അതിന്റെ രക്ഷയുമാണെന്നും. മറ്റുള്ളതിനൊന്നും വിലയില്ലെന്നുമായിരുന്നു ആ ബോധ്യം.

ആ ബോധ്യം വന്നതിന്റെ ഫലമായി തന്റെ ചെവിയിൽ വിലപ്പെട്ട വാക്യങ്ങൾ ഉപദേശിച്ച മുടന്തനായ മനുഷ്യനെ തേടിപ്പോയി. പിൽക്കാലത്ത് ഒരു വലിയ ആദ്ധ്യാത്മിക ഗുരുവായും സഭയിലെ ഏറ്റം മികച്ച സന്യാസ സമൂഹവുമായ 'ഈശോ സഭ' (Jesuit Order) യുടെ സ്ഥാപകനുമായിരുന്നു ആ മുടന്തനായ ഉപദേഷ്ടാവ്. ഫ്രാൻസിസ് സേവ്യർ

എന്ന ആ യുവാവ് ഈശോസഭാ സ്ഥാപകനായ വി. ഇഗ്നേഷ്യസ് ലയോളായുടെ ഒരു ശിഷ്യനായി ആ സഭയിൽ ചേർന്നു. പിന്നീട് ഒരു വൈദികനായിത്തീരുകയും പ്രേഷിതപ്രവർത്തനത്തിനായി ഇന്ത്യയിലേയ്ക്കു വരികയും ചെയ്തു. ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ പ്രേഷിതപ്രവർത്തനം നടത്തിയശേഷം സാഞ്ച്യൻ എന്ന ദ്വീപിൽവച്ച് അദ്ദേഹം മരണമടഞ്ഞു. അദ്ദേഹത്തിന്റെ മൃതശരീരം ഗോവയിലെ ബോംജീസസ് ദേവാലയത്തിലുള്ള ഒരു സ്ഫടികപേടകത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അത് രണ്ടുപ്രാവശ്യം ദർശിക്കാൻ ഈ ഗ്രന്ഥകാരന് ഭാഗ്യം ലഭിച്ചു.

ആത്മരക്ഷയുടെ ആവശ്യത്തെക്കുറിച്ചും അതിനുവേണ്ടി എല്ലാം ത്യജിക്കുവാനുള്ള മാനസ്സാന്തരത്തെക്കുറിച്ചും കർത്താവായ യേശു ഉപദേശിച്ച വാക്യം ബോധ്യംവരുന്ന ഏതൊരാളിലും ഇപ്രകാരമുള്ള ജീവിതമാറ്റം സംഭവിക്കേണ്ടതാണ്. അനേകം മാറ്റങ്ങൾ അങ്ങനെ സംഭവിച്ചിട്ടുണ്ട്താനും.

ഈ ആഴമേറിയ സത്യം ഗൗനിക്കാതെയും അതിനെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും തന്മൂലം പാപമാർഗ്ഗത്തിൽക്കൂടി ചരിക്കുകയും ചെയ്യുന്നവർ ധാരാളമുണ്ട്. ഈ അപഥസഞ്ചാരികളുടെ മാനസ്സാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകമാത്രമേ കരുണീയമായിട്ടുള്ളു.

ഇതുവരെ വിശദീകരിച്ച സുഭാഷിതങ്ങൾ ലോകരക്ഷകനായ ക്രിസ്തുനാഥന്റെ തിരുവായിൽനിന്നും ഉതിർന്നുവീണ വചനങ്ങളായിരുന്നു. കൂടാതെ തന്റെ അമ്മയായ പരിശുദ്ധ കന്യക മറിയം പ്രസ്താവിച്ച ചില കാര്യങ്ങളും. ഇനി പറയുവാൻ പോകുന്നവ പൊതുസ്വഭാവമുള്ളവയാണ്. ഇവയിൽ പഴയനിയമത്തിലെ 'വിജ്ഞാനപുസ്തകങ്ങൾ' (Sapential Books), പഴഞ്ചൊല്ലുകൾ, ന്യായം ചില മഹാകവികളുടേയും മറ്റു മഹാന്മാരുടേയും വാക്യങ്ങളും ഉൾപ്പെടുത്തുന്നു.

# രണ്ടാം ഭാഗം

## 26. "താൻ പാതി ദൈവംപാതി"

പഴഞ്ചൊല്ലിൽ പതിരില്ല എന്ന പ്രസ്താവന അന്വർത്ഥമാക്കുന്ന ഒന്നാണിത്. മനുഷ്യന്റെ ജീവിതവിജയം രണ്ടു കാര്യങ്ങളിൽ ആശ്രയിച്ചാണിരിക്കുന്നത്. ഒന്നാമത് ദൈവത്തിന്റെ സഹായവും അനുഗ്രഹവും. രണ്ടാമത്തേത് ഓരോരുത്തരുടേയും നിരന്തരമായ പ്രയത്നവും.

ആദ്ധ്യാത്മികജീവിതത്തിന്റെ വിജയത്തിലായാലും താൽക്കാലികജീവിതത്തിന്റെ വിജയത്തിലായാലും ഈ രണ്ടു കാര്യങ്ങൾക്കും സ്ഥാനമുണ്ട്. മനുഷ്യന്റെ പ്രയത്നവും പരിശ്രമവുംകൊണ്ട് ഏത് നേട്ടവും നേടാറുണ്ട്. എന്നാൽ ഒരുവൻ തന്റെ നേട്ടങ്ങളുടെ കാരണക്കാരൻ താൻ മാത്രമാണെന്ന് ചിന്തിക്കുകയോ, പറയുകയോ ചെയ്താലും ദൈവത്തിന്റെ അദൃശ്യമായ കരങ്ങൾ അവനെ നയിക്കുന്നുണ്ടാകും. ദൈവത്തേയും തന്റെ സഹായത്തേയും പുച്ഛിച്ച് തള്ളുന്നവർക്ക് ഈ സഹായം ലഭിക്കുകയില്ല. എന്നാൽ അങ്ങനെയുള്ള ആളുകൾ വളരെ ചുരുക്കമാണ്.

ദൈവത്തിന്റെ അദൃശ്യമായ ശക്തി ഒരുവൻ അറിയുകയും അംഗീകരിക്കുകയും ചെയ്തില്ലെങ്കിലും കരുണാസമ്പന്നനായ ദൈവം ഏവരേയും സഹായിക്കുന്നുണ്ട്. ഒരുവന്റെ ആത്മരക്ഷയ്ക്കുവേണ്ടതെല്ലാം ദൈവം ഒരുക്കിയിട്ടുണ്ട്. ഉദാഹരണമായി കൂദാശകൾ, കല്പനകൾ, ദൈവവചനം ഇവയെല്ലാം സ്വാംശീകരിക്കുമ്പോൾ ആത്മരക്ഷ പ്രാപിക്കാം. ഇങ്ങനെയാകുമ്പോൾ 'താൻ പാതി ദൈവം പാതി' എന്ന ചൊല്ല് അർത്ഥവത്താകുന്നു.

ഏതെങ്കിലും ആപത്ത് ഒഴിവാക്കാനോ കാര്യം നേടാനോ ദീർഘനാൾ ദൈവത്തോടു പ്രാർത്ഥിച്ചതുകൊണ്ട് മാത്രമായില്ല. ആപത്ത് ഒഴിവാക്കുവാനും കാര്യം നേടുവാനും പ്രാർത്ഥിക്കുന്ന ആൾ വേണ്ടതെല്ലാം സ്വന്തമായി ചെയ്യേണ്ടതുണ്ട്.

"നടുകിൽ തിന്നാം, നമിക്കിൽ ഉയരാം
നമുക്ക് നാമേ പണിവതുനാകം നരകവുമതുപോലെ"

"കൃഷി ചെയ്താൽ ഭക്ഷണത്തിനു കിട്ടും. ഏത് താഴ്ന്ന ജോലിയും ചെയ്യാൻ മടിക്കാഞ്ഞാൽ ഉയർച്ച പ്രാപിക്കാം. സ്വർഗ്ഗവും നരകവും നമുക്കുവേണ്ടി സൃഷ്ടിക്കുന്നത് നാം തന്നെയാണ്." മഹാകവിയുടെ ഈ ഈരടികൾ നമ്മുടെ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു.

## 27. "തിന്മ പ്രവൃത്തിക്കാതിരുന്നാൽ തിന്മ വന്നുഭവിക്കുകയില്ല"

മനുഷ്യൻ ചെയ്യുന്ന ചീത്ത പ്രവൃത്തിയ്ക്കാണ് തിന്മ എന്നു പറയുന്നത്. ഈ തിന്മ ഈശ്വരന്റെ ഇഷ്ടത്തിനെതിരായും സ്വന്തം വ്യക്തിത്വത്തിനെതിരായും അന്യനെതിരായും ചെയ്യുന്ന ദുഷിച്ച പ്രവൃത്തിയാണ്. സ്രഷ്ടാവായ ദൈവത്തെ അറിഞ്ഞാലും അറിയാത്ത മട്ടിൽ ജീവിക്കുക, ദൈവത്തെ സ്നേഹിക്കാതിരിക്കുക, മതവും മറ്റും പഠിപ്പിക്കുന്ന ദൈവത്തിന്റെ കല്പനകൾ പാലിക്കാതിരിക്കുക മുതലായ കാര്യങ്ങളാണ് ഒരുവൻ ദൈവത്തിനെതിരായി ചെയ്യുന്ന തിന്മ. അതിനുപകരം ലഭിക്കുന്നതാണ് ദൈവശാപവും അതിൽനിന്നുണ്ടാകുന്ന ഫലങ്ങളും.

സ്വന്തം വ്യക്തിത്വത്തിന്റെ തേജസ്സും ശക്തിയും കെടുത്തിക്കളയുന്ന പ്രകൃതിവിരുദ്ധമായ പ്രവൃത്തികൾ സ്വന്തം വ്യക്തിത്വത്തോട് ബന്ധപ്പെട്ടവരോട് ചെയ്യുന്ന ദ്രോഹവും ക്രൂരതയും വ്യക്തിത്വത്തെ തകർക്കുകയും ഹീനമാക്കുകയും ചെയ്യുന്നു. മദ്യപാനം, അമിതമായ ഭോജനപ്രിയത്വം, ഭോഗാലസത തുടങ്ങിയവ ഉദാഹരണങ്ങളാണ്. ദീർഘകാലത്തെ മദ്യപാനം കരളിനെ കരണ്ടുതിന്നുകയും പുകവലി ശ്വാസകോശത്തിന് കേടുവരുത്തുകയും ചെയ്യുന്നു. കൂടാതെ ഭീമമായ സാമ്പത്തികനഷ്ടവും. ഇതാണ് വ്യക്തിഗതമായ തിന്മയ്ക്കുപകരം ലഭിക്കുന്ന തിന്മയ്ക്കുദാഹരണം. ദൈവാനുഗ്രഹവും മനുഷ്യസ്നേഹവും നഷ്ടപ്പെട്ടുപോകുന്നു എന്നുള്ളതും ഇതിൽ ഉൾപ്പെടുന്നു.

അന്യനെ മിത്രമായി കാണാതെ ശത്രുവായി കരുതി ജീവിക്കുക, മറ്റുള്ളവരെ വേദനിപ്പിക്കുന്ന കഠിനമായ കുത്തുവാക്കുകൾ പറയുക, ചിലപ്പോൾ ആയുധപ്രയോഗം വഴി ജീവഹാനിയോ അംഗഭംഗമോ

വരുത്തുക, മറ്റുള്ളവരുടെ ഏറ്റം വലിയ ധനമായ സൽപ്പേര്, അടിസ്ഥാനരഹിതമായ ആരോപണങ്ങൾവഴി നശിപ്പിക്കുക മുതലായവയാണ് അന്യരോട് ചെയ്യുന്ന തിന്മ. ഇപ്രകാരം തിന്മ പ്രവൃത്തിക്കുന്നവർക്ക് മറ്റുള്ളവരുടെ സ്നേഹം ലഭിക്കുന്നതിന് സാധിക്കാതെപോകുന്നു. നിനച്ചിരിക്കാത്ത ആപത്തുകൾക്ക് അവർ അടിമപ്പെട്ടെന്നുവരും.

ചുരുക്കിപ്പറഞ്ഞാൽ ദൈവസ്നേഹവും പരസ്നേഹവും ഇല്ലാതിരിക്കുകയും തന്മൂലം നികൃഷ്ടജീവിതം നയിക്കുകയും ചെയ്യുന്ന തിന്മയ്ക്കുപകരം മാരകരോഗങ്ങളും മറ്റു പലതരത്തിലുള്ള കഷ്ടതകളും അനുഭവിക്കേണ്ടിവരും. പഴയനിയമത്തിലെ നീതിമാനായ തോബയാസ് എന്ന ആൾ തന്റെ മകനായ തോബിത്തിന് ചെറിയ വാക്കുകളിൽ കൊടുക്കുന്ന വലിയ ഉപദേശം താഴെച്ചേർക്കുന്നു:

"തിന്മകൾ വിട്ട് ദൂരത്തകലുക
നന്മകൾ ചെയ്യുക നന്മകനേ"

## 28. "ആപത്തിൽ അടിപതറരുത്"

ഏതാപത്തിലും അടിപതറാതെ പിടിച്ചുനിൽക്കേണ്ടത് മനുഷ്യന്റെ ആവശ്യമാണ്. ഭീരുത്വമുള്ളവർ ഇക്കാര്യത്തിൽ പരാജയപ്പെടും. അതിനാൽ ധൈര്യവും സ്ഥൈര്യവും ഏവർക്കും ആവശ്യമാണ്. ഇതിന്റെ സാന്നിദ്ധ്യത്തിന് ഏറ്റക്കുറച്ചിൽ കണ്ടെന്നുവരാം. മനസ്സിന്റെ ചാഞ്ചല്യം (ഉറപ്പില്ലായ്മ) ഒരു വലിയ ദുർബ്ബലതയാണ്. ഇല്ലാത്ത ആപത്ത് ഉണ്ടാകുമെന്നു ഭയപ്പെടുക, വന്നുചേരുന്ന ആപത്ത് ധൈര്യപൂർവ്വം നേരിടാതിരിക്കുക എന്നിവയെല്ലാം അടിപതറുന്നതിന്റെ അടയാളമാണ്. മറ്റു വിധത്തിൽ പറഞ്ഞാൽ ഭയത്തിന്റേയും ഭീരുത്വത്തിന്റേയും വിധേയത്വമാണ്. അങ്ങനെയുള്ളവർക്ക് ആപത്തിൽനിന്ന് രക്ഷ നേടുവാനും ജീവിതത്തിൽ വിജയം വരിക്കുവാനും പ്രയാസമാണ്.

ഏതാപത്ത് മുന്നിൽ കണ്ടാലും അടുത്തെത്തിയാലും ധൈര്യപൂർവ്വം മുന്നോട്ടുപോയി വിജയം വരിക്കുന്നവരുടെ കഥയാണ് ചരിത്രത്തിലെ വലിയ വലിയ നേട്ടങ്ങൾ. പ്രാചീനകാലത്തെ ഏറ്റം വലിയ ഒരു വാഗ്മിയായിരുന്ന ഡെമോസ്തനസ് ഒരു വിക്കനായിരുന്നതിനാൽ ശരിക്ക് വർത്തമാനം പറയുവാൻപോലും പ്രയാസമായിരുന്നു.

എന്നാൽ ആ കുറവ് പരിഗണിക്കാതെ അദ്ദേഹം ദിവസവും വെളി സ്ഥലത്ത്പോയി ഓരോന്ന് ഉച്ചത്തിൽ വിളിച്ചുപറയുകയും സംസാരിക്കുകയും ചെയ്തു. ഈ തീവ്രപരിശീലനം വഴി ക്രമേണ നല്ലപോലെ സംസാരിക്കുന്നതിന് ശക്തി സമ്പാദിച്ചു. പിന്നീട് വലിയ വാഗ്മിയായിത്തീരുകയും ചെയ്തു.

സുപ്രസിദ്ധ സംഗീതജ്ഞനായിരുന്ന ബിഥോവൻ അന്ത്യകാലത്ത് ബധിരനായിത്തീർന്നതായി പറയപ്പെടുന്നു. എന്നാൽ ഏറ്റം നല്ല സിംഫണികൾ രചിച്ചത് ഇക്കാലത്താണുപോലും. ഇതുപോലുള്ള കുറവുകളും ബലഹീനതകളും ഉണ്ടായിരുന്ന മറ്റനേകം പേരും അടിപതറാതെ മുന്നോട്ടുപോയി വിജയം വരിച്ച കഥകൾ ധാരാളമുണ്ട്. എന്നാൽ ചെറിയ ആപത്തിൽപോലും അടിതെറ്റി വീഴുന്നവരുണ്ട്. അവരുടെ വീഴ്ച വലുതാണുതാനും.

## 29. "കരത്തിൻ ഭൂഷണം ദാനം, ഭരം താൻ വൈരമോതിരം"

കൈകൊണ്ട് ദാനം ചെയ്യുന്നതാണ് അഭിലഷണീയം എന്നും വൈരമോതിരം അണിയുന്നത് വെറും ഭാരം ചുമക്കൽ മാത്രമാണ് എന്നുമാണ് ഈ കവിതാശകലത്തിന്റെ അർത്ഥം. പരസ്നേഹത്തിൽനിന്ന് ഉരുത്തിരിയുന്ന ശ്രേഷ്ഠമായ ഗുണമാണ് ആവശ്യക്കാർക്ക് കഴിവുള്ളത് ദാനമായി നൽകുന്ന പ്രവൃത്തി. ഇതൊരു ധർമ്മപ്രവൃത്തി തന്നെയാണെന്ന് സർവ്വത്ര അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഭിക്ഷക്കാർ വീടുകളിലും കവലകളിലും വിളിച്ചുപറയുന്നത് 'അമ്മേ ധർമ്മം തരണേ, സാറേ ധർമ്മം തരണേ' എന്നൊക്കെയാണല്ലോ. ധർമ്മമെന്ന സുഗുണമല്ല അവർ അഭ്യർത്ഥിക്കുന്നതെന്ന് വ്യക്തം. ആഹാരമോ അത് വാങ്ങുവാനുള്ള പണമോ വേണമെന്നാണ് അവർ ആവശ്യപ്പെടുന്നത്.

ദാനം എന്ന ധർമ്മം ഏറ്റം ആവശ്യമായ ഒരു കാര്യമായിട്ടാണ് മിക്കവാറും എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. 'സക്കാത്ത്' നൽകുന്നത് നിർബന്ധമായ ഒരു കാര്യമായി ഇസ്ലാം പഠിപ്പിക്കുന്നു. പരോപകാരമേ പുണ്യം എന്ന ഹിന്ദുമതത്തിലെ ചൊല്ല് പ്രസിദ്ധം. ഭിക്ഷ കൊടുക്കുമ്പോൾ ആരും അറിയാത്ത രീതിയിൽ ചെയ്യണമെന്ന് ക്രിസ്തുനാഥൻ പഠിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെ ആയാലും സ്നേഹ

പൂർവ്വം ദാനം ചെയ്യുന്നതിൽ പലരും വിമുഖരാണ്. കൈനിറയെ ആഭരണങ്ങളും അണിഞ്ഞുകൊണ്ടുനടക്കുന്ന സമ്പന്നയും അഹങ്കാരമുള്ളവളുമായ ഒരു വീട്ടമ്മയുടെ അടുത്തുചെന്ന് കേഴുന്ന ഒരു യാചകനെ അവൾ ആട്ടിയോടിക്കും. ആഭരണങ്ങളുടെ ഭാരം അവൾ വഹിക്കുന്നു. എന്നാൽ ഹൃദയത്തിന് മൃദുലതയില്ലാത്തതിനാൽ ആഭരണം ഒരു ഭൂഷണമല്ല.

സ്വന്തം വീട്ടിലുള്ളവരുടേയും മറ്റ് ആവശ്യക്കാരുടേയും കുറവുകൾ നികത്തുന്നതിനെക്കുറിച്ച് പല സ്ത്രീകളും ചിന്തിക്കാറില്ല. ആഭരണം അണിയുന്നതിൽ അസൂയ മൂലമുള്ള കടുത്ത മത്സരം പലയിടത്തും പലപ്പോഴും ദൃശ്യമാണ്. ഇന്ന് മുക്കിന് മുക്കിന് തുറന്നുവച്ചിരിക്കുന്ന ജുവലറികൾ കഴുത്തറപ്പൻ ബ്ലേയ്ഡ് കമ്പനികൾപോലെ കുടുംബങ്ങളെ നശിപ്പിക്കുന്നവയാണ്. ടി.വി. തുടങ്ങിയ മാധ്യമങ്ങളിൽക്കൂടി നടത്തുന്ന വർണ്ണശബളമായ പരസ്യങ്ങൾ മൂലമാണ് സ്ത്രീകൾ എന്തു നശിപ്പിച്ചാലും ആഭരണം വാങ്ങിക്കിട്ടണമെന്ന അമിതമായ ആഗ്രഹത്തിന് വിധേയരാകുന്നതും അതിനുവേണ്ടി നിർബന്ധം പിടിക്കുന്നതും.

ആഭരണങ്ങളുടെ മോടി യഥാർത്ഥത്തിൽ സ്ത്രീ സൗന്ദര്യം വർദ്ധിപ്പിക്കുന്നില്ല. നിഷ്കളങ്കവും ശാലീനവുമായ പെരുമാറ്റവും, വസ്ത്രധാരണത്തിലും മറ്റുമുള്ള നിയന്ത്രണവുമൊക്കെയാണ് സ്ത്രീയുടെ മഹത്വം വിളിച്ചറിയിക്കുന്നത്. ത്യാഗം സഹിച്ച് ദാനം ചെയ്യുന്ന സ്ത്രീകളും പുരുഷന്മാരും ഉൽകൃഷ്ട വ്യക്തികളാണ്.

## 30. "അമ്മായിയമ്മ പൊട്ടിച്ചത് മൺചട്ടി, മരുമകൾ പൊട്ടിച്ചത് പൊൻചട്ടി"

സുപ്രസിദ്ധമായ ഈ പഴഞ്ചൊല്ല് കുപ്രസിദ്ധമായ അമ്മായിയമ്മ–മരുമകൾ പോരിനെ ഉന്നംവച്ചുള്ളതാണ്. ഇങ്ങനെയുള്ള പോര് എക്കാലത്തും, എല്ലായിടത്തും ഉണ്ടെന്നുള്ള കാര്യം നിഷേധിക്കാനാവില്ല. എല്ലാ അമ്മായിയമ്മമാരേയും മരുമക്കളേയും സംബന്ധിച്ച് ഇത് അർത്ഥവത്താകണമെന്നില്ല. പരസ്പരം സ്നേഹിച്ചും സഹിച്ചും ജീവിക്കുന്ന നല്ല അമ്മായിയമ്മമാരും നല്ല മരുമക്കളും പല കുടുംബങ്ങളിലും കണ്ടെന്നുവരാം.

എന്നാൽ മരുമകളുടെ ഒരു ചെറിയ തെറ്റുപോലും ക്ഷമിക്കുവാൻ തയാറല്ലാത്ത കർക്കശരായ അമ്മായിയമ്മമാരുണ്ട്. അവരെക്കുറിച്ചാണ് പറയുന്നത് അവർ മൺചട്ടിയേ പൊട്ടിക്കു എന്ന്. എന്നുപറഞ്ഞാൽ അവർ ഏത് തെറ്റു ചെയ്താലും വീട്ടിലെ മറ്റുള്ളവരുടെ മുമ്പിൽ അതെല്ലാം നിസ്സാരമായി ചിത്രീകരിക്കും. എന്നാൽ മരുമകൾ പൊട്ടിക്കുന്നത് പൊൻചട്ടിയാണ് എന്നുപറഞ്ഞാൽ മരുമകൾ ചെയ്യുന്ന ചെറിയ തെറ്റുപോലും ക്ഷമിക്കപ്പെടുകയില്ല. അത് പെരുക്കി അവളുടെ ഭർത്താവിന്റെയടുത്തും, തന്റെ ഭർത്താവിന്റെയടുത്തും പരാതി പറഞ്ഞ് കലഹമുണ്ടാക്കുവാൻ മടിക്കുകയില്ല. മരുമകൾക്ക് പ്രഹരങ്ങളും കുത്തുവാക്കുകളും ഏൽക്കേണ്ടിവരും.

സംസ്കാരസമ്പന്നരെന്ന് അഭിമാനിക്കുന്ന ആധുനിക ആളുകളുടെ കുടുംബങ്ങളിൽപ്പോലും 'മരുമകൾപീഡനം' കൂടിക്കൂടി വരുന്നതല്ലാതെ കുറഞ്ഞുകാണുന്നില്ല. ആഭരണങ്ങളും സ്ത്രീധനവും കുറഞ്ഞുപോയെന്ന് പറഞ്ഞ് അമ്മായിയമ്മയും നാത്തൂന്മാരും അവരോടൊത്ത് ഭർത്താവും നടത്തുന്ന ഈ പീഡനം ക്രൂരമായ കൊലപാതകങ്ങളായി കലാശിക്കുന്നുണ്ട്. മണ്ണെണ്ണ ഒഴിച്ച് തീ കത്തിക്കുക, കഴുത്തറുത്തു കൊല്ലുക തുടങ്ങി അതിനീചമായ കൊലപാതകങ്ങൾ അമ്മായിയമ്മമാരുടെ പ്രേരണമൂലം നടത്തപ്പെടുന്ന സംഭവങ്ങളെക്കുറിച്ചുള്ള വാർത്തകൾ മിക്കവാറും ദിവസത്തെ ദിനപത്രങ്ങളിൽ നാം വായിക്കാറുണ്ട്.

വിവാഹം വഴി ഒരു വീട്ടിൽനിന്ന് ഭർത്താവിന്റെ വീട്ടിലേയ്ക്ക് പറിച്ചുനടപ്പെടുന്ന യുവതി തികച്ചും നിസ്സഹായയാണ്. സ്വന്തം വീട്ടിൽ അനുഭവിച്ചിരുന്ന സ്നേഹവാത്സല്യങ്ങളും പരിഗണനയും ഭർത്താവിന്റെ വീട്ടിലും അവൾക്ക് ലഭിക്കേണ്ടതാണ്. എന്നാൽ അതിന് ഒരു വിലങ്ങുതടിയായി നിൽക്കുന്നത് അമ്മായിയമ്മമാരാണ്. അവരുടെ ദുരഭിമാനവും ഹൃദയകാഠിന്യവും കുറച്ചാൽ മുമ്പുപറഞ്ഞ അമ്മായിയമ്മ–മരുമകൾ പോര് ഇല്ലാതാകും. ഏറ്റം കാമ്യമായ ഒരു കാര്യമാണിത്.

## 31. "നരമൃഗവും മൃഗവും സമാനം താൻ"

മൃഗതുല്യനായ മനുഷ്യനും മൃഗവും ഒരുപോലെയാണ്. ഈ

ആപ്തവാക്യത്തിന് വളരെ ഗഹനമായ അർത്ഥമുണ്ട്. മൃഗമെന്ന വാക്കിന് ശാന്തശീലമുള്ള മാൻ എന്നർത്ഥമുണ്ടെങ്കിലും ഇവിടെ ബുദ്ധിയും വിവേകവും ചിന്താശക്തിയും സ്വാതന്ത്ര്യബുദ്ധിയുമില്ലാത്ത കാള, പോത്ത് തുടങ്ങിയ ജന്തുക്കളെന്ന് വിവക്ഷ. മനുഷ്യന് വേണ്ട മുമ്പുപറഞ്ഞതുപോലുള്ള വ്യക്തിഗതമായ ഗുണങ്ങൾ ഇല്ലാത്ത ഒരാളുടെ ജീവിതം ഈ നാൽക്കാലികളുടെയും മറ്റും ജീവിതം പോലെതന്നെയായിരിക്കും.

സ്വതന്ത്രബുദ്ധിയോടെ നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് നന്മ തെരഞ്ഞെടുക്കുവാനും തിന്മ വർജ്ജിക്കുവാനുമുള്ള സ്വാതന്ത്ര്യം മനുഷ്യന് മാത്രമേയുള്ളു. വേണമെങ്കിൽ വിവേകശൂന്യനായി നന്മയ്ക്കു പകരം തിന്മ പ്രവൃത്തിക്കുവാനും അവന് കഴിവുണ്ട്. ആഹാരം, മൈഥുനം തുടങ്ങിയ കാര്യങ്ങളിൽ എല്ലാ തരത്തിലുള്ള മിതത്വവും പാലിക്കേണ്ടത് വ്യക്തിയുടേയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കാവശ്യമാണ്. എന്നാൽ ഒരാൾ സ്വതന്ത്രനാകയാൽ ഇമ്മാതരി കാര്യങ്ങളിൽ നിയന്ത്രണമില്ലായ്മയും അരാജകത്വവും വരുത്തുന്നു. സ്വാതന്ത്ര്യത്തിന്റെ ദുഷിച്ച വശം അതാണ് ദുഃസ്വാതന്ത്ര്യം. മനുഷ്യസ്വഭാവത്തോട് ഒത്തിണങ്ങേണ്ട സ്നേഹം, നിയന്ത്രണം, വിനയം തുടങ്ങിയ ഗുണങ്ങളില്ലാത്ത ഒരു മനുഷ്യൻ മനുഷ്യത്വമില്ലാത്തവനാണെന്ന് പറയും.

മൃഗങ്ങൾ പ്രകൃതിദത്തമായ വാസന (Instinct) അനുസരിച്ചുമാത്രമേ പ്രവർത്തിക്കുകയുള്ളു. ഉദാഹരണമായി മൃഗങ്ങൾ അനാവശ്യമായി ഇണചേരാറില്ല. എന്നാൽ മനുഷ്യന്റെ ദുഃസ്വാതന്ത്യം മൂലം ഏത് അധർമ്മം ചെയ്യാനും മടിക്കുകയില്ല. ഉദാഹരണമായി ബലാൽസംഗം ചെയ്ത് എത്രയോ യുവതികളെയാണ് ദുഷ്ടൻമാർ കൊല്ലുന്നത്.

ജന്തുക്കൾ പൊതുവെ സ്വാർത്ഥത കാണിക്കാറില്ല. യാചകൻമാരും, കാക്കകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞുകാണുന്നു. “ഒരു കാക്കയ്ക്കോ, കുറെ കാക്കകൾക്കോ ഒരു തീറ്റി കിട്ടിയാൽ അവ പ്രത്യേക ശബ്ദം പുറവെടുവിച്ച് മറ്റു കാക്കകളെ വിളിച്ചുവരുത്തും. എന്നാൽ ഒരു യാചകന് എന്തെങ്കിലും കിട്ടിയാൽ അവൻ അത് മൂടിപൊതിഞ്ഞ് വച്ച് തനിച്ച് തിന്നും”. ഈ സ്വാർത്ഥത

മനുഷ്യജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിലും ദൃശ്യമാണ്. എന്നാൽ സ്വാർത്ഥത്യാഗികളായ അനേകായിരങ്ങൾ എന്നും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്.

ഹിംസ്രജന്തുക്കളായ കടുവായ്ക്കും, സിംഹത്തിനും പുലിയ്ക്കു മൊക്കെ കുർത്തുമൂർത്ത നഖങ്ങളും പല്ലുകളുമുണ്ട്. അവയുടെ ജീവൻ നിലനിർത്താൻ ഇപ്രകാരമുള്ള പല്ലുകളും മറ്റും പ്രകൃതി നൽകിയവയാണ്. ആ ജന്തുക്കൾ അവ ഉപയോഗിക്കുകയും ചെയ്യുന്നു, എന്നാൽ മനുഷ്യർ മറ്റുള്ളവരുടെ നേർക്ക് പ്രയോഗിക്കുന്നത് ക്രിത്രിമമായി അവർ നിർമ്മിക്കുന്ന ആയുധങ്ങളും, സ്ഫോടക വസ്തുക്കളുമാണ്. ഇപ്രകാരം നോക്കുമ്പോൾ നരമൃഗം മറ്റു മൃഗതുല്ല്യമാണെന്നു പറയുന്നതിനെക്കാൾ കൂടുതൽ ശരി മൃഗത്തെക്കാൾ ഹീനനാണെന്നു പറയുന്നതാണ്.

## 32. "പറഞ്ഞിടാ വാക്കിനെ മാറ്റി മാന്യൻ"

ഏതെങ്കിലും ഒരു കാര്യമേറ്റാൽ അത് മാറ്റം വരുത്താതെ മാന്യൻമാർ ചെയ്യേണ്ടതാണ്. സാമുഹ്യ ജീവിതത്തിൽ സുഗമമായ പെരുമാറ്റങ്ങളിൽ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. ചില ആളുകൾ പറയുന്ന വാക്കിന് യാതൊരുറപ്പുമില്ല. ഇതിന് എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിലും പറയാം. ഒരാൾ അത്യാവശ്യത്തിന് കുറെ രുപ കടം വാങ്ങികൊണ്ടുപോയി എന്നിരിക്കട്ടെ. ഇന്ന തീയതിയ്ക്കകം തിരിച്ചു തരുന്നതാണന്ന് ഉറപ്പുനൽക്കുകയും ചെയ്യുന്നു. എന്നാൽ ആ തീയതി കഴിഞ്ഞ് ദിവസങ്ങളും, ആഴ്ചകളും, ചിലപ്പോൾ മാസങ്ങളും കഴിഞ്ഞാലും പണവുമായി ആൾ വന്നുചേരുകയില്ല. തിരക്കി ചെന്ന് കണ്ടുപിടിയ്ക്കുമ്പോൾ അയാൾ മറ്റൊരവധി കുടി പറയുന്നു. ആ അവധികഴിഞ്ഞ് കാത്തിരുന്ന് കാണാഞ്ഞിട്ട് വീണ്ടും അന്വേഷിച്ച് ചെല്ലുമ്പോൾ, ചെല്ലുന്ന കാര്യം മണത്തറിഞ്ഞ് കടക്കാരൻ ഒളിച്ചുകളയും. ഇങ്ങനെയുള്ള അനുഭവങ്ങൾ ധാരാളമുണ്ട്. ഏറ്റം അരോചകമായ പെരുമാറ്റമാണ് ആ കടക്കാരനിൽനിന്നുണ്ടാകുന്നത്.

വേറൊരുദാഹരണം പറയാം. ചില പ്രത്യേക തൊഴിലുകൾ ചെയ്യുന്നവരെ നാം ആശ്രയിക്കേണ്ടത് അത്യാവശ്യമായിവരുന്നു. ഒരു

തയ്യൽക്കാരന്റെ പക്കൽ ഷർട്ടും മറ്റുചിലതും തയ്ക്കാൻ വേണ്ടി തുണി ഏൽപ്പിക്കുന്നു. അല്പം കൂലി അഡ്വാൻസ് ആയും കൊടുത്തെന്നു വരാം. രണ്ടാഴ്ച കഴിഞ്ഞ് ചെന്നാൽ എല്ലാം സുമാർ. രണ്ടാഴ്ച കഴിഞ്ഞ് മൂന്നാഴ്ച കഴിഞ്ഞു ചെന്നുചോദിക്കുമ്പോൾ " സാറെ എന്തു ചെയ്യാം. വലിയ ജോലിതിരക്കാണ്. തുണിയൊക്കെ വെട്ടിവച്ചിട്ടുണ്ട്. ഒഴാഴ്ച കഴിഞ്ഞ് ഞാൻ തന്നെയങ്ങ് കൊണ്ടുതരാം. ഇങ്ങോട്ട് വരണമെന്നില്ല". ഓരാഴ്ചയും രണ്ടാഴ്ചയും കഴിഞ്ഞിട്ടും ആളിനെ കാണാനില്ല. പിന്നെ കിട്ടുന്നത് ആറുമാസം കഴിഞ്ഞായിരിക്കും.

പണ്ടത്തെ വെളുത്താടന്മാരുടേയും സ്വഭാവം ഇതേ രീതിയിലായിരുന്നു. അത്യാവശ്യമായ ഒരു യാത്രയ്ക്ക് പോകാനുണ്ട്. അതുകൊണ്ട് ഇന്നദിവസം കണിശമായും തുണി തിരിച്ചുകൊണ്ടുവരണം എന്നു പറഞ്ഞ് കൊടുത്തയയ്ക്കുന്നു. യാത്രപോകേണ്ടദിവസം രാവിലെ വരെ കാത്തിരുന്നിട്ടും വെളുത്താടനെ കാണാത്തതിനാലും, പോകാതിരിക്കാൻ നിവർത്തി ഇല്ലാത്തതിനാലും അല്പം നാണക്കേട് വരുന്നെങ്കിൽ വരട്ടെ എന്നു വിചാരിച്ച് മുഷിഞ്ഞതും ഉടുത്തു കൊണ്ടു പോകുന്നു. യാത്രകഴിഞ്ഞ് തിരിച്ചെത്തുമ്പോൾ വെളുത്താടൻ വെളുക്കെ ചിരിച്ചുകൊണ്ടതാ നിൽക്കുന്നു. എത്രമാത്രം നീരസമാണ് തോന്നുക. ഇങ്ങനെയുള്ള ആളുകൾക്ക് മാന്യതയെപ്പറ്റി യാതൊരു മാനവുമില്ല.

എന്നാൽ പറയുന്നവാക്കനുസരിച്ച് പെരുമാറുന്നവർ ധാരാളം സമുദായമധ്യത്തിൽ ഇല്ലാതില്ല. അവർ മഹാമനസ്കൻമാരാണ്.സമയം പാലിക്കുന്നതിൽ നല്ല കൃത്യനിഷ്ഠ പാലിക്കും. അവരെ നമുക്ക് മാന്യർ എന്നു വിളിക്കാം.

ജനപ്രതിനിധികളും അധികാരസ്ഥാനത്തിരിക്കുന്നവരുമാണ് കൃത്യനിഷ്ഠയോടെ വാക്കുപാലിക്കുന്നതിൽ ഏറ്റവും ശ്രദ്ധാലുക്കളായിരിക്കേണ്ടത്. എന്നാൽ വിചിത്രമെന്നുപറയാം, ഇവരായിരിക്കും ഒട്ടും വാക്കുപാലിക്കാത്തത്. ഒരു യോഗത്തിൽ സംബന്ധിക്കുവാൻ ഇന്ന സമയത്ത് വരാമെന്നേറ്റ മന്ത്രിയേയോ, എം.പി യേയോ, എം.എൽ .ഏ.യോ, താലപ്പൊലിയേന്തിയ പിഞ്ചുബാലികമാരും ജനകൂട്ടവും അര മണിക്കൂർ മുമ്പ് തന്നെ കാത്തുനിൽപ്പായി. രണ്ടുമണിക്കൂർ കഴി

ഞ്ഞിട്ടും വിശിഷ്ടാതിഥിയെ കാണാനില്ല. ബാലികമാർ വാടിത്തളർന്നു വീഴാൻ തുടങ്ങുന്നതിനാൽ ആളുകൾ അവരെ തിരിച്ചയച്ചു സമയ നിഷ്ഠയിൽ കണിശ്ശക്കാരായവരൊക്കെ പിൻതിരിഞ്ഞു പോയി. രണ്ട് മണിക്കൂർ കഴിഞ്ഞ് അഞ്ച് മിനിറ്റായപ്പോൾ കാർ എത്തി. വിശിഷ്ടാ തിഥി കൂപ്പുകൈയോടെ സ്റ്റേജിൽ കയറി ചിരിച്ചുകൊണ്ട് ക്ഷമാപണം നടത്തുന്നു. ഇതൊക്കെ മാന്യതയ്ക്കൊട്ടും ചേർന്നതല്ല.

നമ്മുടെ വിശ്വസ്തത മാനിക്കണമെങ്കിൽ പറയുന്നതുപോലെ പ്രവർത്തിക്കുക. ഒരിക്കലും വാക്ക് മാറ്റിപറയാതെ അത് പാലിക്കാൻ ശ്രമിച്ചാൽ മാന്യൻമാരാണെന്ന് നമുക്ക് അഭിമാനിക്കാം.

## 33. "പണം സാത്താന്റെ കാഷ്ഠം"

ഇത് ഏത് മഹാൻ പറഞ്ഞെന്ന് പിന്നീട് അറിയാം. കാഷ്ഠം എന്ന വാക്കിനെപ്പറ്റി ആദ്യം പറയട്ടെ. ഉണക്കത്തടിയ്ക്കോ, വിറകിനോ, കാഷ്ഠം എന്നുപറയാറുണ്ട്. ഈയർത്ഥത്തിൽ മനുഷ്യ ജീവിതത്തിന്റെ നിസ്സാരതയെക്കുറിച്ച് പറയുമ്പോൾ എഴുത്തച്ഛൻ ഇപ്രകാരം പ്രസ്താ വിച്ചു കാണുന്നു. "നദ്യാം ഒഴുകുന്ന കാഷ്ഠങ്ങൾപോലെയും എത്രയും ചഞ്ചലം ആലയസംഗമം".

ഇപ്പദത്തിന് ജന്തുക്കൾ വിസർജ്ജിക്കുന്ന സാധനമെന്നാണ് ഉദ്ധ രിച്ച വാക്യത്തിൽ അർത്ഥം. അമേദ്യം, പുരീഷം തുടങ്ങിയ പര്യായ പദങ്ങളുമുണ്ട്. ഒരു മനുഷ്യനും കാഷ്ഠം ഇഷ്ടപ്പെടുന്നില്ല. അത് ശുന കൻമാരും മറ്റും ഭക്ഷിക്കും. മനുഷ്യർക്ക് അതിനോട് അറപ്പും വെറു പ്പുമാണ്. എന്നാൽ ഒരു കാഷ്ഠത്തോട് മാത്രം അറപ്പും, വെറുപ്പുമില്ല. എന്നു മാത്രമല്ല, അത് വാരികൂട്ടാനും അതിന്റെ സമ്പാദനത്തിൽ സന്തോഷിക്കുവാനും മനുഷ്യന് മടിയില്ല ആ കാഷ്ഠമാണ് പണം.

പണത്തെ സാത്താന്റെ കാഷ്ഠമായി ചിന്തകനും ആദിമവേദശാ സ്ത്രജ്ഞനുമായ പൗലോസ് ശ്ലീഹാ രൂപണം ചെയ്യുന്നതിൽ ആഴമായ അർത്ഥമുണ്ട്. അതിനെക്കുറിച്ച് ചിന്തിക്കുന്നതിന് മുമ്പ് പണ ത്തെക്കുറിച്ച് ഒരു ചെറിയ വിശദീകരണം നൽകേണ്ടതുണ്ട്. ഇപ്പോൾ പണമെന്നുപറഞ്ഞാൽ നാം മനസ്സിലാക്കുന്നത് നാണയങ്ങളോ (Coins) കറൻസി നോട്ടുകളോ (Currency notes) ആണ്. പ്രാചീന കാലത്ത്

പണം എന്ന പേരുള്ള ചെറിയ വൃത്താകൃതിയിലുള്ള ഒരു വെള്ളി നാണയം നടപ്പിലുണ്ടായിരുന്നു. നാലു ചക്രം വിലയുള്ള ഈ നാണയം തിരുവിതാംകുറിൽ മാത്രമേ നടപ്പിലുണ്ടായിരുന്നുള്ളു.

ക്രയവിക്രയം ചെയ്യാനുള്ള സൗകര്യത്തിനു വേണ്ടി സർക്കാർ നിർമ്മിക്കുന്ന സാങ്കേതിക വിലയോടുകുടിയ ഉപകരണമാണ് പണ മെന്ന പദംകൊണ്ടുദ്ദേശിക്കുന്നത്. ഇംഗ്ലീഷിലെ Money എന്ന പദ ത്തിന് തുല്ല്യമാണ്. ഓരോരാജ്യക്കാരും വിവിധ തരത്തിലുള്ള നാണ യങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണം ഡോളർ, പവൻ, ദിനാർ തുട ങ്ങിയവ. ഭുസ്വത്തിനും, മറ്റു വസ്തുക്കൾക്കും പണവുമായി ബന്ധമു ണ്ട്. ഒരാൾ പണക്കാരനാണെന്നു പറയുമ്പോൾ നാണയങ്ങളും മറ്റു കുട്ടിവച്ചിരിക്കുന്ന ആൾ എന്നർത്ഥം മാത്രമല്ലയുള്ളത്. ഭുസ്വത്തും, വിലയുള്ളവീടും, വീട്ടുപകരണങ്ങളും എല്ലാം സമ്പാദിച്ച ധനവാനെ യാണ് ഉദ്ദേശിക്കുന്നത്.

പണം ധനമെന്ന അർത്ഥത്തിൽ എല്ലാവർക്കും ആവശ്യമാണ്. ഭക്ഷണം, വസ്ത്രം, യാത്ര. ചികിൽസ ഈ ആവശ്യങ്ങൾ നിറവേറ്റു ന്നതിന് ഉപകരിക്കുമെന്നും ഇതിൽ കുടുതലായി പണത്തിന് യാതൊരു വിലയുമില്ല. ആവശ്യത്തിന് ധനം സമ്പാദിക്കണം, പണ ത്തോട് ആർത്തി പാടില്ല.

പണത്തോട് അമിതമായ താല്പര്യം കാണിക്കുകയും, ഏത് ദുഷിച്ച മാർഗ്ഗത്തിൽ കൂടിയും അത് സമ്പാദിക്കുവാൻ വെമ്പൽകൊ ള്ളുകയും ചെയ്യുന്നവർ സാത്താന്റെ കാഷ്ഠം ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവരാണ്. സാധാരണക്കാരിൽനിന്ന് അമി തമായ പലിശവാങ്ങി അവരെ നശിപ്പിക്കുന്ന കഴുത്തറപ്പൻ ഫിനാൻസി യേഴ്സും, യുവതികളെ വ്യാമോഹിപ്പിക്കുന്ന വർണ്ണശബളമായ ആഭ രണങ്ങൾ തുറന്നുവച്ച് അവരുടെ കുടുംബത്തെ ദുർബലമാക്കുന്ന ജുവ ലറിക്കാരും സാത്താന്റെ കാഷ്ഠം വാരിക്കൂട്ടാൻ ശ്രമിക്കുന്നവരാണ്.

ചുരുക്കിപ്പറഞ്ഞാൽ പണത്തോടുള്ള അമിതമായ ആർത്തി പല തരത്തിലുള്ള ക്രുരവും പൈശാചികവുമായ പ്രവൃത്തികളിലേയ്ക്ക് മനുഷ്യനെ ഉന്തിത്തള്ളാൻ പിശാച് പരിശ്രമിക്കുന്നു. അതിനാൽ 'പണം സാത്താന്റെ കാഷ്ഠം' എന്ന ചൊല്ല് ഏറ്റം അർത്ഥവത്താണ്. 'ധനമോഹം എല്ലാ നാശങ്ങൾക്കും കാരണമാണ്' (വി. പൗലോസ്).

വാടകക്കൊലയാളികളും തല്ലുകാരും പ്രത്യേകം ഗൗനിക്കേണ്ട കാര്യമാണിത്.

## 34. "വൃദ്ധനാകുന്നില്ലാരും ഉത്തമാംഗം നരച്ചാലും"

മരണത്തിനുമുമ്പുള്ള വാർദ്ധക്യ കാലഘട്ടം എങ്ങനെ ചെലവിടണമെന്ന് ഉപദേശിക്കുന്നതാണ് ഈ സുഭാഷിതം. വാർദ്ധക്യത്തിന്റെ ലക്ഷണമായ ജരാനരകൾ ബാധിച്ചാലും വൃദ്ധൻ ബലഹീനനാകണമെന്നില്ല. തലവെള്ളുത്തുനരച്ചാൽ (ഉത്തമാംഗം = തല) ഉടൻ താൻ വൃദ്ധനായെന്ന് പലരും നിരാശയോടെ ചിന്തിക്കാറുണ്ട്. എന്നാൽ വാർദ്ധക്യം മനസ്സിനേയും, ബുദ്ധിയേയും ബലഹീനമാക്കാതിരിക്കാൻ പരിശ്രമിക്കണം. ജെ. മാവുരുസ് എന്ന ഒരു വലിയ എഴുത്തുകാരൻ ഇപ്രകാരം പറയുന്നു. "ശ്രദ്ധാപൂർവ്വം പടിപടിയായി വൃദ്ധനാകുക വാർദ്ധക്യത്തിൽ വരാവുന്ന ശാരീരിക വൈകല്യങ്ങളും, മാനസിക ദുർബലതയും മുൻകൂട്ടി കണ്ട് അവയ്ക്ക് അടിമപ്പെടാതിരിക്കാൻ നേരത്തെതന്നെ ശ്രദ്ധിച്ചുതുടങ്ങണം." അദ്ദേഹം നിർദ്ദേശിക്കുന്ന മറ്റു ചില മാർഗ്ഗങ്ങൾ താഴെ പറയുന്നു.

1. ഒരു പടയാളി പടച്ചട്ടയിട്ടും, പടത്തൊപ്പിവച്ചും, ആയുധമേന്തിയും യുദ്ധത്തിന് അണിഞ്ഞൊരുങ്ങുന്നതുപോലെ വാർദ്ധക്യത്തെ നേരിടാൻ ഒരു നല്ല തയാറെടുപ്പ് വേണം.
2. പതിവുള്ള ജീവിതക്രമങ്ങളും ചിട്ടകളും നിഷ്കർഷിച്ച് പാലിക്കാൻ ശ്രമിക്കണം. ഉദാഹരണമായി സമയത്ത് എഴുന്നേൽക്കുക, ആഹാരം കഴിക്കുക തുടങ്ങിയ കാര്യങ്ങൾ.
3. തല നരച്ചുകഴിഞ്ഞാൽപിന്നെ താൻ വൃദ്ധനായി, ഇനി തന്നെക്കൊണ്ട് വലിയ പ്രയോജനമില്ല എന്നൊക്കെ വിചാരിച്ച് ഒരിടത്ത് ചടഞ്ഞുകൂടിയിരിക്കരുത്.
4. കഴിയുമെങ്കിൽ വീട്ടിലെ മറ്റുള്ളവരെക്കാൾ നേരത്തെ എഴുന്നേൽക്കാൻ ശ്രമിക്കണം.
5. എഴുന്നേറ്റാലുടൻ ഈശ്വരചിന്തയിലും പ്രാർത്ഥനയിലും മുഴുകുക. ഇവയാണ് വാർദ്ധക്യകാലത്തെ ഏറ്റവും വലിയ ഊന്നുവടികൾ.

6. കഴിയുമെങ്കിൽ വടി ഊന്നിയോ ഊന്നാതേയോ കുറേദൂരം നടക്കുക.

ഒരാൾ വൃദ്ധനായതുകൊണ്ട് വികാരങ്ങളും അഭിലാഷങ്ങളും കെട്ടടങ്ങിയെന്ന് വിചാരിക്കണമെന്നില്ല. അറുപതാം വയസ്സിലും, ചിലപ്പോൾ എൺപതാം വയസ്സിൽപോലും വൃദ്ധരിൽ വികാരങ്ങൾ മുറ്റിനിന്നെന്നുവരാം. അവയെ നേരത്തെമുതൽ നിയന്ത്രിക്കാൻ പരിശ്രമിച്ചിരിക്കണം. അങ്ങനെ മനസ്സിനും ചിന്തയ്ക്കും കരുത്തുനേടിയിട്ടില്ലെങ്കിൽ വൃദ്ധനിൽ കോപവും ക്ഷോഭവും നിരാശയും മുന്നിട്ടുനിൽക്കും.

ശുശ്രൂഷിക്കുവാൻ വരുന്നവരോടുപോലും ക്ഷോഭിച്ച് സംസാരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന പല വൃദ്ധന്മാരുമുണ്ട്. അങ്ങനെയുള്ളവരുടെ അടുത്തേയ്ക്ക് അടുക്കാനും ശുശ്രൂഷ ചെയ്യുവാനും സ്വന്തക്കാരായ ഇളം തലമുറക്കാർപോലും മടിക്കും. പിന്നെ ഭൃത്യന്മാരുടെ കാര്യം പറയാനുണ്ടോ?

സ്നേഹവും ക്ഷമയും പ്രദർശിപ്പിക്കാൻ കഴിയുന്ന വൃദ്ധർ ഭാഗ്യവാന്മാരാണ്. അവരുടെ അടുത്തേയ്ക്ക് ആർക്കും ചെല്ലാം. കുഞ്ഞുങ്ങളേയും മറ്റും തലോടിക്കൊണ്ട് കുഞ്ഞുങ്ങളെപ്പോലെ വർത്തമാനം പറയുമ്പോൾ കുഞ്ഞുങ്ങളെ മാത്രമല്ല ആരേയും അത് ആഹ്ലാദിപ്പിക്കുന്നു. നിഷ്കളങ്കനായ ഒരു വൃദ്ധന്റെ പുഞ്ചിരി ഒരു ശിശുവിന്റെ മന്ദഹാസംപോലെ ഹൃദ്യവും കാമ്യവുമാണ്.

വാർദ്ധക്യം ഒരു രണ്ടാം ശൈശവം (Second Childhood) ആണെന്ന് പറയപ്പെടാറുണ്ട്. ഒരുതരത്തിൽ പറഞ്ഞാൽ ഇത് ശരിയാണുതാനും. ശിശുക്കളെപ്പോലെയുള്ള ലാളിത്യവും നിഷ്കളങ്കതയും പല വൃദ്ധരിലും ഉണ്ടായിരിക്കും. എന്നാൽ വാർദ്ധക്യത്തിനുവേണ്ട പക്വത കാണിക്കാതെ ബാലിശമായി സംസാരിക്കുകയും, പെരുമാറുകയും ചെയ്യുന്നവരും വൃദ്ധരുടെ കൂട്ടത്തിലുണ്ട്. ഉദാഹരണമായി മറ്റുള്ളവർക്ക് രസിക്കാത്ത വസ്ത്രധാരണവും സ്വന്തം ഇഷ്ടം നോക്കിമാത്രം ചിലതെല്ലാം ലഭിക്കുവാൻവേണ്ടി ശാഠ്യം പിടിക്കുന്നതും ബാലിശമാണ്.

വാർദ്ധക്യം എപ്പോൾ അവസാനിക്കുമെന്നറിയാം (മരണത്തോടെ). എന്നാൽ എപ്പോൾ തുടങ്ങുന്നുവെന്ന് ഉത്തരം പറയാൻ വിഷ

മം. ജരാനരകൾ വാർദ്ധക്യത്തിന്റെ ലക്ഷണമാണെങ്കിലും അവ ബാധിക്കുന്ന ആൾ ദുർബലനും ഉപയോഗശൂന്യനുമാണെന്ന് അയാളും മറ്റുള്ളവരും സങ്കൽപിക്കുന്നത് ശരിയല്ല. അനേകം പേർ എഴുപതും എൺപതും വയസ്സ് കഴിഞ്ഞശേഷം പോലും ജീവിതമണ്ഡലത്തിൽ പല നേട്ടങ്ങളും നേടിയതായി കാണാം.

തനിക്കും മറ്റുള്ളവർക്കും സഹിക്കാനും താങ്ങാനാകാത്തതുമായ ഒരു ജീവിതകാലഘട്ടമാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയെന്നുള്ളതാണ് ഏറ്റം പ്രധാനപ്പെട്ട കാര്യം.

## 35. "സ്ത്രീധനം – സ്ത്രീയെന്ന ധനം"

വ്യാകരണപ്രകാരം സ്ത്രീധനം എന്ന വാക്ക് നിർദ്ദേശിക തൽപുരുഷനായും, സംബന്ധികാ തൽപുരുഷനായും പരിഗണിക്കാം. ഉടെ (ന്റെ) എന്ന സംബന്ധികപ്രത്യയം ചേർത്ത് സ്ത്രീ+ഉടെ=സ്ത്രീയുടെ എന്ന് സംബന്ധിക തൽപുരുഷൻ. പ്രത്യയം ഇല്ലാത്ത നിർദ്ദേശിക തൽപുരുഷനാകുമ്പോൾ സ്ത്രീയെന്ന ധനം എന്നുകിട്ടും.

ഇതിൽ സംബന്ധിക തൽപുരുഷനായിട്ടാണ് ഏറിയകുറും ആളുകൾ പരിഗണിക്കുന്നത്. ഈ വ്യാകരണനിയമം അറിയുന്നവരായാലും അറിയാത്തവരായാലും ശരി, വിവാഹസമയത്ത് വിവാഹബന്ധത്തിൽ സ്ത്രീയുടെ വീട്ടുകാരിൽനിന്ന് കിട്ടേണ്ട ധനത്തെക്കുറിച്ചാണ് പരിഗണിക്കുന്നത്.

സ്ത്രീധനത്തെപ്പറ്റിയുള്ള വാദകോലാഹലങ്ങളും അഭിപ്രായാന്തരങ്ങളും സമൃദ്ധമായി നടക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. ഇന്നുള്ളതുപോലെയുള്ള ഒരു നീറുന്ന പ്രശ്നമായിരുന്നില്ല ഒരു നൂറ്റാണ്ടു മുമ്പുള്ള കാലഘട്ടം. അന്നൊക്കെ ഭർത്താവിന്റെ വീട്ടുകാരും തമ്മിൽ വളരെ സൗമ്യമായ രീതിയിൽ പണമോ മറ്റു വസ്തുവകകളോ പറഞ്ഞൊക്കുന്ന വിധത്തിൽ കൊടുത്ത് വിവാഹം മംഗളമായി നടത്തുമായിരുന്നു. വിവാഹശേഷം പണത്തേയോ പൊന്നിനേയോ ചൊല്ലി യാതൊരു പ്രശ്നവും കലഹവും ഉണ്ടാകുമായിരുന്നില്ല.

എന്നാൽ ഇന്നത്തെ സ്ഥിതി ഇതാണോ? മകന്റെ ഭാര്യയാകുവാൻ പോകുന്ന വീട്ടുകാരിൽനിന്ന് എത്രത്തോളം പണവും സ്വർണ്ണവും

ഈടാക്കുവാൻ സാധിക്കുമോ, അത്രത്തോളം വാങ്ങിയിട്ടുമാത്രമേ വിവാഹത്തിന് സമ്മതിക്കുകയുള്ളു. ഭാര്യയാകുവാൻ പോകുന്ന സ്ത്രീയുടെ വീട്ടുകാരുടെ സാമ്പത്തികസ്ഥിതി മറ്റേ കൂട്ടർക്ക് പ്രശ്നമല്ല. വേറെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുവാനുണ്ടെന്ന കാര്യവും അവർ പരിഗണിക്കുകയില്ല. കിടപ്പാടം വിറ്റാണെങ്കിലും തങ്ങൾക്ക് കിട്ടേണ്ട പണം കിട്ടിയേ മതിയാകു.

ചിലപ്പോൾ കുറെ കടം പറഞ്ഞ് വിവാഹം നടത്തിയെന്നുവരാം. നവവധു ഭർതൃഗൃഹത്തിൽ ചെന്ന് ഏതാനും മാസങ്ങൾ പോലും പൂർത്തിയാകുന്നതിനുമുമ്പ് 'സ്ത്രീപീഡനം' ആരംഭിക്കും. അമ്മായിയമ്മയും നാത്തൂന്മാരും കുത്തുവാക്കുകൾ പറയുന്ന പീഡനമായിരിക്കും ആദ്യം. "എന്നെ അതിയാൻ കെട്ടിക്കൊണ്ട് ഇവിടെ വരുമ്പോൾ എന്റെ താഴെകാതിൽ വാളിക, മേക്കാതിൽ കുണുക്ക്, കഴുത്തിൽ പത്തുപവന്റെ മാല, വിരലുകൾ നിറയെ മോതിരം, കൈകളിൽ വളകൾ എന്നുവേണ്ട പൊന്നിൽ പൊതിഞ്ഞിരുന്നു. നിന്റെ കാതിലും കഴുത്തിലും എന്തുണ്ടടീ?" അമ്മായിയമ്മയുടെ വീമ്പുപറച്ചിലും ചോദ്യവും. "ഞങ്ങൾക്കെല്ലാം ആവശ്യത്തിന് ആഭരണങ്ങളും പണവും തന്നാണ് അപ്പച്ചൻ കെട്ടിച്ചുവിട്ടത്" നാത്തൂന്മാർ. ഈ കുത്തുവാക്കുകൾ കേട്ട് ഹൃദയം നൊന്ത് കരഞ്ഞുകൊണ്ട് ഭർത്താവിന്റെ അടുത്ത് പരാതി പറഞ്ഞാൽ, "അവരുപറയുന്നത് നേരാടീ. നിന്റെ വീട്ടുകാര് തരാനുള്ളതെല്ലാം വാങ്ങിക്കൊണ്ടുവാ, നീ പൊയ്ക്കോ.."

പാവം! ആ യുവതിക്കറിയാം വീട്ടിൽചെന്നാൽ കിട്ടാനൊരു സാധ്യതയുമില്ലെന്ന്. അതിനാൽ അവൾ എല്ലാം സഹിച്ച് അവിടെതന്നെ കഴിഞ്ഞുകൂടും. എന്നാൽ അധികനാൾ വേണ്ടിവരുകയില്ല. അതിനകം ഗൂഢാലോചനകൾ നടന്നിരിക്കും. മണ്ണെണ്ണയോ കത്തിയോ ഒക്കെ കരുതിയിരിക്കും. അവയിലേതെങ്കിലുമുപയോഗിച്ച് അമ്മായിയമ്മയും അവളുടെ ഭർത്താവും യുവതിയുടെ ഭർത്താവും കൂട്ടുചേർന്ന് ആ വധുവിന്റെ ജീവിതം കവർന്നെടുക്കും. അവർക്ക് കിട്ടാനുള്ള പണത്തിനുപകരം ജഡം അവശേഷിക്കും. എത്ര വലിയ നീചത്തവും മൃഗീയതയും ക്രൂരതയുമൊക്കെയാണ് സ്ത്രീയുടെ ധനത്തെച്ചൊല്ലി നടക്കുന്നത്.

വാസ്തവത്തിൽ സ്ത്രീയുടെ ധനത്തെക്കാൾ പ്രധാനം സ്ത്രീതന്നെയാണ്. ഈയർത്ഥത്തിലാണ് സ്ത്രീയെന്ന ധനമെന്നു വിശേഷിപ്പിക്കുന്നത്. സൂക്ഷ്മമായി ചിന്തിക്കുന്നവർക്കും ഹൃദയവിശാലതയുള്ളവർക്കും സ്ത്രീകളുടെ മാഹാത്മ്യം ഒരിക്കലും അവഗണിക്കുവാൻ കഴിയുകയില്ല. സ്ത്രീയെ കൂടാതെ സമുദായമില്ലെന്ന് പറയുന്നത് അതിശയോക്തിപരമല്ല. ദൈവസഹായത്തോടും അനുഗ്രഹത്തോടുംകൂടി മനുഷ്യരെ ലോകത്തിന് നൽകുന്നത് സ്ത്രീകളാണ്. മനുഷ്യരെ സ്നേഹിക്കുന്നതും ശുശ്രൂഷിക്കുന്നതും അവരാണ്. മറ്റുള്ളവർക്ക് ആഹാരം വച്ച് വിളമ്പിക്കൊടുക്കുന്നതും അവരല്ലാതെ മറ്റാരുമല്ല. മറ്റുള്ളവർക്ക് ആഹാരം കൊടുത്തശേഷമേ അവർ ഭക്ഷിക്കുകയുള്ളൂ. ചിലപ്പോൾ തികായാതെവന്നാൽ അവരായിരിക്കും പട്ടിണി കിടക്കുന്നത്. സ്ത്രീകളനുഭവിക്കുന്ന വേദനയ്ക്കും യാതനയ്ക്കും കൈയും കണക്കുമില്ല. സ്ത്രീകൾ ചൊരിഞ്ഞിട്ടുള്ള കണ്ണുനീരുകൾ ശേഖരിച്ചാൽ ഒരു കുളമല്ല തടാകംതന്നെ ഉണ്ടാക്കാൻ സാധിക്കും.

അമ്മ, ഭാര്യ, സഹോദരി തുടങ്ങിയവർ സാന്നിദ്ധ്യത്താലും ഭാഷണത്താലും ആരേയും ആഹ്ലാദിപ്പിക്കുന്നു. ഇങ്ങനെയുള്ള വ്യക്തി എന്ന നിലയിൽ ഏറ്റം മഹത്തായ സേവനവും സഹായവുമാണ് എല്ലാവർക്കും സ്ത്രീകൾ നൽകുന്നത്.

അതിനാൽ സ്ത്രീ ധനമാണെന്ന വിഗ്രഹമാണ് സ്ത്രീയുടെ ധനം എന്നതിനേക്കാൾ സ്വീകാര്യമായിട്ടുള്ളത്.

## 36. "വികാരങ്ങൾ വിവേകപൂർവ്വം നിയന്ത്രിക്കണം"

മനുഷ്യൻ ഒരു വികാരജീവിയാണെന്നു പറയുന്നതിൽ വളരെ കുറച്ചുമാത്രമേ ശരിയുള്ളൂ. മനുഷ്യൻ വിചാരജീവിയാണെന്നു പറയുന്നതാണ് കൂടുതൽ ശരി. മനുഷ്യന്റെ ജീവിതം മനസ്സിന്റെ ജീവിതമാണെന്നു പറയാറുണ്ടല്ലോ. വിചാരം അഥവാ ചിന്ത മനസ്സിന്റെ വ്യാപാരമാണ്. വികാരം ബാഹ്യേന്ദ്രിയങ്ങളുടെ പ്രചോദനത്താലും നൈസർഗ്ഗികവാസനയുടെ പ്രേരണയാലും മനുഷ്യനിൽ ജനിക്കുന്ന അവസ്ഥാവിശേഷമാണ്.

മൃഗങ്ങൾ തികച്ചും വികാരജീവിയാണ്. മനുഷ്യന്റെ വികാരങ്ങൾക്കും മൃഗങ്ങളുടെ വികാരങ്ങൾക്കും തമ്മിൽ അന്തരമുണ്ട്. മൃഗത്തിന് മനസ്സും, വിചാരവും, വിവേകവുമില്ല. നൈസർഗ്ഗികവാസനയ്ക്കനുസരിച്ച് അവയുടെ ഇന്ദ്രിയങ്ങളുടെ വ്യാപാരങ്ങളും അതുവഴി ജീവിതവും തുടർന്നുപോകുന്നു.

മനുഷ്യനിൽ മൃഗീയവാസനയ്ക്ക് തുല്ല്യമായ വികാരങ്ങളുണ്ട്. എന്നാൽ പ്രകൃതിദത്തമായ വികാരങ്ങൾക്ക് മൃഗങ്ങൾ അടിമകളാണ്. ആ വാസനയനുസരിച്ച് പ്രവർത്തിയ്ക്കാതിരിക്കുവാൻ അവയ്ക്കു സാധ്യമല്ല. പ്രവർത്തിയ്ക്കുന്നതിൽ ഉചിതമെന്നോ, ഉചിതമല്ലാത്തതെന്നോ വിവേച്ചിക്കാൻ വേണ്ട വിവേകവും അവയ്ക്കില്ല. ഉദാഹരണമായി ഏതാനും പട്ടികൾ കുടിനിൽക്കുന്നതിന്റെ നടുക്ക് കുറെഏറെ മാംസം കൊണ്ടിട്ടാൽ അത് വിഭജിച്ച് ഭക്ഷിക്കുന്നതിനുപകരം അന്വേന്യം കലഹിക്കുകയും, കടിച്ചോടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതായി കാണാം. മനുഷ്യർ അങ്ങനെ ചെയ്യാറില്ലല്ലോ. അത് വിവേകപൂർണ്ണമായ നിയന്ത്രണത്താലാണ്.

വിവേകം (Prudence) എന്നു പറയുന്നത് പ്രായോഗികബുദ്ധിയാണ്. കൂടുതൽ വിശദമായി പറഞ്ഞാൽ മനസ്സിന്റെ വ്യാപാരമായ ചിന്തയിൽ നിന്ന് ഉരിത്തരിയുന്ന ഒരു ഗുണമാണ്. പ്രവർത്തനസ്വാതന്ത്ര്യമുള്ള മനുഷ്യൻ ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ തുടങ്ങുമ്പോൾ ഏതാണ് ഗുണകരം, ഏതാണ് ദോഷകരം എന്ന് തുലനം ചെയ്തശേഷം തെരഞ്ഞെടുക്കുവാൻ സഹായിക്കുന്നത് വിവേകബുദ്ധിയാണ്. വിവേകമനുസരിച്ചുള്ള തെരഞ്ഞെടുപ്പ് വികാരങ്ങൾ നിയന്ത്രിച്ചുള്ളവയാകണം. എങ്കിലെ അത് ഗുണകരമായിരിക്കുകയുള്ളു.

മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങളായ കണ്ണ്, നാക്ക്, ചെവി, കൈകാലുകൾ എന്നിവയും ആന്തരികേന്ദ്രിയങ്ങളായ ബുദ്ധിയും, മനസ്സും സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവയിൽ മനസ്സിന്റെ (Will) വ്യാപാരം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ഇംഗ്ലീഷിലെ Mind (ചിന്താശക്തി) എന്ന അർത്ഥത്തിലും മനസ്സ് എന്ന വാക്ക് മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നുമുണ്ട്. ഇച്ഛാനിയന്ത്രണശക്തി (Will) എന്ന അർത്ഥത്തിലാണ് മനസ്സ് ഇവിടെ പ്രയോഗിക്കപ്പെടുന്നത്.

ആത്മനിയന്ത്രണം (Self control) എന്നാൽ സ്വയം നിയന്ത്രണം എന്നർത്ഥം. വാസ്തവത്തിൽ മനസ്സാണ് എല്ലാ വികാരങ്ങളേയും അഭിലാഷങ്ങളേയും നിയന്ത്രിക്കേണ്ടത്. ഇങ്ങനെയുള്ള നിയന്ത്രണം വിവേകപൂർവ്വം നടത്തുകയും വേണം. ആത്മനിയന്ത്രണമില്ലാത്ത ഒരു മനുഷ്യവ്യക്തിയുടെ ജീവിതം കുത്തഴിഞ്ഞ ഒരു പുസ്തകം പോലെയായിരിക്കും. അയാൾ തനിക്കും തന്നോട് ബന്ധപ്പെട്ടവർക്കും തകർച്ച വരുത്തും. തന്റെയും മറ്റുള്ളവരുടേയും ആനന്ദം നശിപ്പിക്കുകയും ചെയ്യും.

ഒരു പുരാണത്തിൽ മനുഷ്യജീവിതയാത്ര ഒരു രഥത്തിലെ യാത്രയോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. കുതിച്ചുപായുന്ന അഞ്ച് കുതിരകളെ പൂട്ടിയ രഥം, ഈ രഥത്തിൽ ഉൽകൃഷ്ടനായ ഒരു യാത്രക്കാരനുണ്ട്. രഥവും, യാത്രക്കാരനും ഒരാപത്തുംകൂടാതെ, ലക്ഷ്യസ്ഥാനത്തെത്തണമെങ്കിൽ കുതിരകളെ നിയന്ത്രിക്കുന്ന ഒരു തേരാളിവേണം. ഇവിടെ രഥമെന്നുപറയുന്നത് മനുഷ്യവ്യക്തിതന്നെയാണ്. ശ്രേഷ്ടനായ യാത്രക്കാരൻ – ആത്മാവ്, കുതിച്ചുപായുന്ന കുതിരകൾ–പഞ്ചേന്ദ്രിയങ്ങൾ, കുതിരയുടെ കടിഞ്ഞാൽ–വിവേകം, തേരാളി–മനസ്സ്.

മനുഷ്യാത്മാവിനെ ലക്ഷ്യസ്ഥാനമായ മോക്ഷത്തിൽ എത്തിയ്ക്കണമെങ്കിൽ എങ്ങോട്ടെങ്കിലുമൊക്കെ വഴിമാറിച്ചാടിപോകാവുന്ന ഇന്ദ്രിയങ്ങളേയും അവ വഴിയുള്ള വികാരങ്ങളേയും മനസ്സാകുന്ന തേരാളി സസൂഷ്മം നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. കുതിരകൾ അപഥത്തിൽ സഞ്ചരിച്ചാൽ തേരും യാത്രക്കാരനും തകരുകയും ഭയങ്കരമായ നാശത്തിൽ ചെന്നെത്തുകയും ചെയ്യും. മനസ്സും, വിവേകവും വികാരങ്ങളെ നിയന്ത്രിച്ചില്ലെങ്കിൽ വ്യക്തിത്വത്തിന് ഭീമമായ ആപത്തായിരിക്കും വന്നു ഭവിയ്ക്കുക.

മദ്യപാനികളും, ഭോജനപ്രിയരുമായ ആയിരക്കണക്കിന് ആളുകൾക്ക് വന്നുഭവിച്ച വലിയ നാശനഷ്ടങ്ങൾ ആത്മനിയന്ത്രണമില്ലായ്മയുടെ കയ്പ്പേറിയ ഫലങ്ങളായി എല്ലാവരുടേയും മനസ്സിലും, കൺമുമ്പിലുമുണ്ടല്ലോ. അതിനാൽ ആത്മനിയന്ത്രണത്തിന്റെ അത്യാവശ്യത്തെക്കുറിച്ച് കൂടുതൽ പറയേണ്ടതില്ല.

## 37. "അകൃത്യം ചെയ്‌വതിനായ് തുനിയുന്ന ദശാന്തരേ, അരുതെന്നൊരുശബ്ദം ഉള്ളിൽ നിന്നുളവായ്‌വരും"

മനസ്സാക്ഷിയുടെ വ്യാപാരത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചുമാണ് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. മനുഷ്യൻ ഏതെങ്കിലും തിൻമ പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ ഇപ്രകാരം ചെയ്യരുതെന്ന് ഒരു വിലക്കുകല്പന ഉള്ളിൽ കേൾക്കും. (അകൃത്യം=തിൻമ, ദശാന്തരേ=അവസരത്തിൽ)

ഉള്ളിൽ നിന്ന് വരുന്ന ഈ വിലക്ക് ആരുടേത്? അത് മനസ്സാക്ഷിയുടേതാണ്. (മനോസാക്ഷി എന്നു പ്രയോഗിക്കുന്നത് തെറ്റാണ്. മന:സാക്ഷി എന്നോ മനസ്സാക്ഷി എന്ന പ്രയോഗമോ ആണ് ശരി). എന്താണ് മനസ്സാക്ഷി എന്നു പറയുന്നത്? വാസ്തവത്തിൽ അത് ദൈവത്തിന്റെ സ്വരം അഥവാ കല്പനയാണ്. മനുഷ്യന്റെ പ്രവൃത്തികളെ മുമ്പും, പിമ്പും വിധിക്കുന്ന ഒരു ആന്തരിക കോടതിയാണ് ഇത് (Internal Court). ഇപ്രകാരം മനുഷ്യവ്യാപാരങ്ങളെ നിയന്ത്രിക്കുന്ന ഒരു ഉൾക്കോടതി സ്ഥാപിച്ചിരിക്കുന്നതും ന്യായവും, അന്യായവുമനുസരിച്ച് വിധി പറയുവാൻ പ്രേരിപ്പിക്കുന്നതും ദൈവമാണ്.

മനസ്സാക്ഷി എന്നുപറയുന്നത് മനുഷ്യന്റെ ഉള്ളിന്റെയുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു വിശുദ്ധസ്ഥലമാണ്. അവിടെ സൃഷ്ടി സ്രഷ്ടാവിന്റെ സ്വരം ശ്രവിക്കുന്നു. ഈ സ്വരമനുസരിച്ച് പ്രവർത്തിച്ചാൽ തിൻമയിലേയ്ക്ക് വഴുതിവീഴുകയില്ല. പക്ഷെ സ്വാതന്ത്ര്യബുദ്ധിയുള്ളതിനാൽ പത്തു കല്പനകളിൽ ഏതെങ്കിലും ലംഘിക്കുന്നതുപോലെ ഉള്ളിലെ ദൈവികസ്വരമായ മനസ്സാക്ഷിയെ മറികടന്ന് മനുഷ്യൻ പ്രവർത്തിച്ചെന്നുവരും. മറ്റ് കല്പനകളുടെ ലംഘനം പോലെ തന്നെ മനസ്സാക്ഷിയുടെ കല്പനയും ലംഘിക്കുന്ന മനുഷ്യൻ തിൻമയിലേയ്ക്ക് വഴുതിവീഴുകയാണ്.

പല കാരണങ്ങളാലും നല്ല മനസ്സാക്ഷി ദുഷിച്ചെന്നുവരാം. വികാരങ്ങൾക്ക് അടിമപ്പെട്ട് ജീവിക്കുന്ന മനുഷ്യന്റെ മനസ്സാക്ഷിയുടെ തീഷ്ണത നശിച്ചുപോകും. ദുഷിച്ച തഴക്കങ്ങളിൽ പഴകിപ്പോകുന്ന മനുഷ്യന്റെ മനസ്സാക്ഷി വായ്ത്തലമടങ്ങിപ്പോയ ഒരു കത്തിപോലെ

യാകും. മനസ്സാക്ഷി പ്രവർത്തനരഹിതമാകും. നല്ല ഉപദേശങ്ങളും പ്രേരണകളും നൽകാൻ അങ്ങനെയുള്ള മനസ്സാക്ഷിയ്ക്ക് കഴിയാതെ വരും. ഉദാഹരണമായി മദ്യപാനം ശീലിച്ചുതുടങ്ങിയപ്പോൾ "അരുത്" എന്ന് മനസ്സാക്ഷിയുടെ സ്വരം കേൾക്കാതെ വീണ്ടും വീണ്ടും മദ്യപിച്ച് അതിൽ തഴക്കവും പഴക്കവും വരുമ്പോൾ നൻമ തിൻമകൾപോലും തിരിച്ചറിയാൻ കഴിയാതെ വരും. മുഴുകുടിയനായി ലക്കുകെട്ട് വീട്ടിൽ ചെല്ലുമ്പോൾ ഭാര്യയുടെ പരിഭവവും, ചിലപ്പോൾ ശാസനയുമുണ്ടായാൽ അവളെ ക്രൂരമായി മർദ്ദിക്കുകയും ചിലപ്പോൾ കൊല്ലുകയും ചെയ്തെന്നുവരും. ഉറങ്ങികിടന്ന പിഞ്ചുകുഞ്ഞിനെ കയ്യിലെടുത്ത് "ഈ കുപ്പിയുടെ അടപ്പ് തുറക്കട്ടെ" എന്നുപറഞ്ഞ് ആ കുഞ്ഞിന്റെ കഴുത്ത് വളച്ചൊടിച്ച് കൊന്ന കഥ അതിശയോക്തിപരമാണോ എന്നറിഞ്ഞുകുടാ. മനസ്സിന്റെയും മനസ്സാക്ഷിയുടേയും പ്രവർത്തനം നിലച്ച മനുഷ്യൻ ഹിംസ്രജന്തുവിന് തുല്ല്യമാണ്.

അന്ധകാരശക്തിയായ സാത്താന്റെ പ്രലോഭനങ്ങളാലും പ്രേരണകളാലും മനസ്സാക്ഷിയും അതിന്റെ പ്രവർത്തനങ്ങളും ദുഷ്ടതനിറഞ്ഞതായി ത്തീരുമെന്ന് ഈശ്വരവിശ്വാസികൾ വിശ്വസിക്കുന്നു.

മനസ്സാക്ഷിയുടെ പ്രവർത്തനം നല്ലമനുഷ്യർക്ക് എപ്പോഴും മനസ്സിലാക്കുവാൻ കഴിയും. സത്പ്രവൃത്തികൾ ചെയ്തുകഴിയുമ്പോൾ "നന്നായി" എന്നും ദുഷ്പ്രവൃത്തികൾ ചെയ്യുമ്പോൾ "കഷ്ടമായി പോയി, വേണ്ടായിരുന്നു" എന്നും ഉള്ളിൽ മന്ത്രിക്കുന്നതായി നമുക്ക് തോന്നും മനസ്സാക്ഷിയുടെ അഭിനന്ദനം നമുക്ക് ഏറ്റവും ആനന്ദം നൽകും. അതിന്റെ കുറ്റപ്പെടുത്തൽ കുറ്റബോധം മുലം നമുക്ക് അശ്ശാന്തിയും ദു:ഖവും വരുത്തും.

## 38. "ബുദ്ധിമാന്റെ നാവ് ഹൃദയത്തിലും ഭോഷന്റെ ഹൃദയം നാവിലുമാണ്"

ദൈവം മനുഷ്യന് നൽകിയിട്ടുള്ള ഏറ്റം പ്രയോജനപ്രദവും അനുഗ്രഹകരവുമായ കാര്യമാണ് സംസാരശക്തി. ഇതര ജീവികൾക്കും നാവ് ഉണ്ടെങ്കിലും അത് ഉപയോഗിച്ച് സംസാരിക്കുവാൻ അവർക്ക് കഴിയില്ല.

മറ്റുള്ളവരുമായി ബന്ധം പുലർത്താനുള്ള മാർഗ്ഗമാണ് നാവ് വഴിയുള്ള സംസാരശക്തി. ഒന്നാമതായി സ്രഷ്ടാവായ ദൈവത്തെ വ്യക്തിപരമായും, കൂട്ടായും സ്തുതിക്കാനാണ് നാവ് ഉപയോഗിക്കേണ്ടത്. പ്രപഞ്ചത്തിലെ മറ്റെല്ലാ കാര്യങ്ങളും അവയുടെ മൂകമായ അസ്ഥിത്വം കൊണ്ട്തന്നെ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈയർത്ഥത്തിലാണ് സങ്കീർത്തകൻ പറയുന്നത് "ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു". കിളികളും മറ്റും കളകള (അവ്യക്തം) ശബ്ദത്താൽ ദൈവത്തെ സ്തുതിക്കുകയാണെന്ന് പറയാം.

ചിന്താശക്തിയും, സംസാരശേഷിയുമുള്ള മനുഷ്യൻ ദൈവത്തെ സ്തുതിക്കാതിരിക്കുന്നത് ഒരു തരത്തിൽ പ്രകൃതി നിയമത്തിനുതന്നെ വിരുദ്ധമാണ്. അത് നിൽക്കട്ടെ. ഉദ്ധരിച്ച സുഭാഷിതത്തിലേയ്ക്ക് കടക്കാം. ബുദ്ധിമാൻ നാവ് പ്രയോഗിക്കുന്നത് (സംസാരിക്കുന്നത്) അവന്റെ ഉള്ളിന്റെയുള്ളിൽ ചിന്തിച്ചും വിവേചിച്ചും വേണ്ടത് തെരഞ്ഞെടുത്ത ശേഷമാണ്. തോന്നുന്നതെല്ലാം വെട്ടിതുറന്ന് പറയാൻ അയാൾ മടിയ്ക്കും. പ്രത്യേകിച്ച് രഹസ്യമായി സൂക്ഷിക്കേണ്ട കാര്യങ്ങൾ. ഹൃദയമൗനത്തിൽനിന്ന് ഉരിത്തിരിയുന്ന ഇരുത്തം വന്ന വാക്കുകൾ തെരഞ്ഞെടുത്ത് സംസാരിക്കും. അങ്ങനെയുള്ള സംസാരം ആർക്കും അനിഷ്ടം വരുത്തുകയില്ല. എല്ലാവർക്കും പ്രിയങ്കരമായിരിക്കുകയും ചെയ്യും. അങ്ങനെയുള്ള ആളുകളുമായുള്ള സംസർഗ്ഗം മറ്റുള്ളവർ ഇഷ്ടപ്പെടും. ഇപ്രകാരമാണ് സുഭാഷിതത്തിന്റെ ആദ്യഭാഗത്തെക്കുറിച്ചുള്ള ഒരു ചെറിയ വിശദീകരണം.

ഭോഷന്റെ ഹൃദയം നാവിലാണെന്ന് പറയുമ്പോൾ അയാൾ ഒന്നും ചിന്തിക്കാതെ എന്തും വെട്ടിത്തുറന്ന് പറയുന്നവനാണന്നർത്ഥം. "വായിൽ തോന്നുന്നതെല്ലാം കോതയ്ക്ക് പാട്ട്" എന്ന മട്ടിൽ സംസാരിക്കുന്ന ഭോഷൻമാരെ ആർക്കും ഇഷ്ടമാകുകയില്ല. ഈ ഭോഷൻമാർ കൂട്ടത്തിലാകുമ്പോൾ വാതോരാതെ സംസാരിച്ചുകൊണ്ടിരിക്കും. മറ്റുള്ളവർ പറയുന്നത് കേൾക്കാൻ കൂട്ടാക്കുകയില്ല. മറ്റുള്ളവർക്ക് സംസാരിക്കുന്നതിന് തടസ്സം വരുത്തുകയും ചെയ്യും. നാവ് ഒരു ഇരുമുന വാൾ പോലെയാണ്. ഒരു തീപ്പൊരി വനം ദഹിപ്പിക്കുന്നതുപോലെ ചെറിയ അവയവമായ നാവ് വ്യക്തിയ്ക്കും സമുദായത്തിനും വലിയ

ദോഷം വരുത്തും. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഉരിത്തിരിയുന്ന സ്നേഹവും, വരും വരായ്മകളെക്കുറിച്ചുള്ള ചിന്തയുമില്ലാത്ത ഭോഷൻമാരുടെ നാവാണ് ഇപ്രകാരമുള്ള ആപത്ത് വരുത്തുന്നത്. ഒരു ചിന്തകൻ ഇപ്രകാരം പറയുന്നു: "മുപ്പത്തിരണ്ട് പല്ലുകൾ ചേർന്ന ഒരു തടവറയിലാണ് ദൈവം നാവ് അടച്ചിരിക്കുന്നത്. ഇങ്ങനെചെയ്തത് നാവിന് എന്തും സംസാരിക്കുവാനുള്ള സ്വാതന്ത്ര്യം ഒരുതരത്തിൽ നിഷേധിക്കുവാൻ വേണ്ടിയാണ്."

ഭോഷൻമാരുടെ സംസാരം അവർക്കും മറ്റുള്ളവർക്കും നാശം വരുത്തുമ്പോൾ ബുദ്ധിമാന്റെ നാവ് തനിയ്ക്കും മറ്റുള്ളവർക്കും ഗുണം ചെയ്യും. മറ്റുള്ളകാര്യങ്ങളിലെന്നപോലെ സംസാരത്തിലും ആത്മനിയന്ത്രണം അത്യാവശ്യമാണെന്ന് പറയാം. ഭോഷൻ വായാടിയാണെന്ന കാര്യം ഏവർക്കും മനസ്സിലാകും.

## 39. "അന്ധ പംഗു ന്യായം"

അന്യോന്യം സഹകരിച്ചാൽ ഓരോരുത്തർക്കും ലാഭകരമായിരിക്കും. സമുദായത്തിൽ സഹകരണത്തിന്റെ ആവശ്യവും, പ്രയോജനവും താഴെപ്പറയുന്ന മുദ്രാവാക്യത്തിലുണ്ട്. "ഓരോരുത്തരും എല്ലാവർക്കുവേണ്ടി, എല്ലാവരും ഓരോരുത്തർക്കുവേണ്ടി" (Each for all and all for each) സഹകരണ സംഘത്തിന്റെ ഈ മുദ്രാവാക്യം തെളിയിക്കുന്ന ഒന്നാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്ന ന്യായം.

ന്യായം എന്ന വാക്കിന് സയുക്തികമായ അഭിപ്രായം എന്താണർത്ഥം. ഇതിന് പഴഞ്ചൊല്ലിനോട് അല്പം സാദൃശ്യമുണ്ട്. അനേകം ന്യായങ്ങൾ നടപ്പിലുണ്ട്. ഏതാനും ഉദാഹരണങ്ങൾ: കാകതാലീ ന്യായം (കാക്കയും വന്നു പനംപഴവും വീണു; ഘുണാക്ഷരന്യായം യാദൃശ്ചിക സംഭവം; (ഘുണം = പുഴു; മണലിൽകൂടി പുഴു ഇഴഞ്ഞുപോകുമ്പോൾ ചില അക്ഷരങ്ങളുടെ വടിവ് മണലിൽ പതിഞ്ഞു കാണാം. അത് മനഃപുർവ്വം എഴുതിയതല്ല.

ഇതുപോലെയുള്ള ന്യായങ്ങളിൽപ്പെടുന്നതാണ് അന്ധപംഗുന്യായം. ഇതിൻപ്രകാരം അന്ധന് കണ്ണുകാണാൻ പാടില്ലെങ്കിലും കാലുകൾക്ക് കുഴപ്പമില്ല. ഇങ്ങനെയാകുമ്പോൾ മുടന്തനെ തോളിൽ

കയറ്റി പംഗുപറയുന്ന പ്രകാരം യാത്രചെയ്യുവാൻ കഴിയും. (പംഗു =മുടന്തൻ). വേണമെങ്കിൽ ഓരോരുത്തർക്കും ഇഷ്ടമുള്ളിടത്തേയ്ക്കും പോകാം. ആദ്യം പറഞ്ഞ പരസ്പര സഹായത്തിന്റെയും ആവശ്യം ഈ ന്യായം വ്യക്തമാക്കുന്നു. ഇപ്രകാരം ഓരോരുത്തരുടേയും ആവശ്യവും കുറവും അറിഞ്ഞ് സഹകരിച്ചും, സഹായിച്ചും പ്രവർത്തിച്ചാൽ എത്ര വിജയപ്രദവും ശോഭനവുമായിരിക്കും.

അന്യോന്യമുള്ള സഹകരണവും സഹായമനോഭാവവും ഇക്കാലത്തുള്ള ആളുകളിൽ കുറവാണെന്ന് പറയാം. സഹകരണസംഘങ്ങളും സഹായഹസ്തം നീട്ടുവാനുള്ള സംഘടനകളും മിക്കവൊറും എല്ലായിടത്തും കണ്ടെന്നുവരാം. എന്നാൽ അവയുടെ പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ ആവശ്യക്കാർക്ക് ഉതകുന്നുണ്ടോയെന്നുള്ളതാണ് സംശയം. ആ സംഘടനകൾ നിയന്ത്രിക്കുന്നവരുടെ തൻ കാര്യവും, ഉൽസാഹക്കുറവുമാണ് ഈ വൈകല്യത്തിന് കാരണം. സഹകരണമനോഭാവവും, സഹായിക്കുവാനുള്ള മനസ്ഥിതിയും ഇല്ലാത്ത ആൾ അയൽക്കാർക്ക് പോലും ചിലപ്പോൾ ഉതകുന്നവനല്ല. അയൽപക്കത്തെ ആളുകളുടെ ദുസ്ഥിതിയും ദുരന്തവും അപ്രകാരമുള്ളവർക്ക് ഒരു പ്രശ്നമേയല്ല. "അവർക്ക് അവരുടെ കാര്യം, എനിക്ക് എന്റെ കാര്യം" എന്ന് ചിന്തിച്ചോ പറഞ്ഞോ കഴിഞ്ഞുകൂടും. ഇവരെ സ്നേഹശൂന്യരെന്ന് മാത്രമല്ല മനുഷ്യത്വമില്ലാത്തവരെന്നുപോലും വിശേഷിപ്പിക്കാം. സ്നേഹസമ്പന്നരും മനുഷത്വം മുറ്റിയവരും പൊതുരംഗത്ത് പ്രവർത്തിച്ചാൽ കുടുംബങ്ങൾക്കും സമൂഹത്തിനും കൂടുതൽ നന്മ വരും.

## 40. "സത്യം വദ, ധർമ്മം ചര"

സത്യം പറയുക, ധർമ്മത്തിൽ ചരിക്കുക എന്നാണിതിന്റെയർത്ഥം. സത്യം പറയുക മാത്രമല്ല പ്രവർത്തിക്കുകയും വേണമെന്ന് ഇവിടെ സുചനയുണ്ട്. കളവ് പറയാതിരിക്കുകയും ചെയ്യാതിരിക്കുകയും ചെയ്യുന്നവനാണ് ഉത്തമമനുഷ്യൻ എന്നത് ഒരു സനാതന തത്വമാണ്. എല്ലാ കാര്യങ്ങളിലും സത്യത്തെ അങ്ങേയറ്റം ബഹുമാനിയ്ക്കുകയും അസത്യത്തിനെതിരായി പടവെട്ടുകയും ചെയ്ത ലോകപ്രസിദ്ധരായ

മഹാൻമാരുടെ ചിത്രങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്.

മഹാത്മാഗാന്ധി സത്യത്തെ ദൈവമായിട്ടുപോലും കരുതി. "സത്യം ഈശ്വരനാണ്, ഈശ്വരൻ സത്യമാണ്" എന്ന ഗാന്ധിജിയുടെ ഐക്യാരോപം (Identity) ലോകപ്രസിദ്ധമാണ്. മഹാത്മജിയുടെ ഒരു ആദ്യകാലജീവചരിത്രം എഴുതിയ സുപ്രസിദ്ധ ഫ്രഞ്ചുസാഹിത്യക്കാരനും ഗാന്ധിജിയുടെ ഒരു സുഹൃത്തുമായിരുന്ന റോമെൻ റോളംഗ് (Romain Rollangd) ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. "മോഹനദാസ് കരംചന്ത് ഗാന്ധിയ്ക്ക് സത്യം ദൈവവും ദൈവം സത്യവുമാണ്. തന്റെ ആത്മകഥയ്ക്ക് ഗാന്ധിജികൊടുത്ത പേര് 'എന്റെ സത്യാന്വേഷണ കഥ' എന്നാണ്. സ്വാതന്ത്ര്യലബ്ധിയ്ക്കുവേണ്ടി താൻ നടത്തിയ സമരമുറയ്ക്ക് കൊടുത്ത പേര് "സത്യാഗ്രഹം" (സത്യത്തെ മുറുകെ പിടിക്കുക) എന്നായിരുന്നു. തന്റെ എല്ലാ പ്രവർത്തനങ്ങളിൽ കൂടിയും സത്യമാകുന്ന ഈശ്വരനെ കണ്ടെത്തുവാൻ ഗാന്ധിജി ശ്രമിച്ചു. ആ ശ്രമം സത്യത്തിനുവേണ്ടി രക്തസാക്ഷിയായി മരിച്ചതുവഴി പൂർണ്ണമാക്കുകയും ചെയ്തു.

പീലാത്തോസിന്റെ കൊട്ടാരത്തിൽ കുറ്റവിധിയ്ക്ക് യേശുവിനെ കൊണ്ടുചെന്ന് നിർത്തിയപ്പോൾ പീലാത്തോസ് ചോദിച്ചു "നീ ഇവർ പറയുന്നതുപോലെ രാജാവാണോ?" യേശു മറുപടി പറഞ്ഞു: "ഞാൻ രാജാവാണ്, പക്ഷെ എന്റെ രാജ്യം ഐഹികമല്ല. ഞാൻ സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ വന്നതാണ്. ഏറ്റം വിചിത്രമായ ഒരു ചോദ്യം പീലാത്തോസ് ഉടനെ ചോദിക്കുന്നു. "സത്യം എന്താണ്?" സത്യം എന്തെന്ന് ആ ന്യായാധിപന് അറിഞ്ഞുകൂടാപോലും. "കാപട്യത്തിന്റെ പരമ കാഷ്ഠ." ഈ കാപട്യം പിന്നീട് കൈകഴുകലിൽ കൂടി അയാൾ വെളിപ്പെടുത്തുകയും ചെയ്തു.

യേശുവിനോട് സദാ ശത്രുത പുലർത്തിയ ഫരിശേയരോട് ഒരിക്കൽ യേശു പറഞ്ഞു "സത്യം നിങ്ങളറിഞ്ഞിരുന്നുവെങ്കിൽ സത്യം നിങ്ങളെ സ്വതന്ത്രരാക്കുമായിരുന്നു". വ്യക്തിത്വത്തിന് എല്ലാ തരത്തിലുള്ള സ്വാതന്ത്ര്യവും നൽകുന്നതാണ് സത്യം അതിനെതിരായ അസത്യം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ കാപട്യത്തിന്റെയും വഞ്ചനയുടേയും തടവറകളിൽ കഴിയുന്നവരാണ്.

അതുകൊണ്ട് സത്യം ഏറ്റവും വലിയ നൻമയും അസത്യം ഏറ്റവും വലിയ തിൻമയുമാണെന്ന് പറയാം.

ഒരു വിധത്തിൽ പറഞ്ഞാൽ സത്യവും ധർമ്മവും തമ്മിൽ വളരെ ഭിന്നമല്ല. അതുപോലെ തന്നെ സത്യം ഉള്ളവർക്ക് ധർമ്മവും ഉണ്ടായിരിക്കും. ഇത് ശരിയാണെങ്കിലും ചതുർവർഗ്ഗമായ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയിൽ ആദ്യത്തേത് തന്നെയാണ് ധർമ്മം. അധർമ്മം പരാജയപ്പെടുമെന്ന് പുരാണങ്ങളിലും മറ്റും പറഞ്ഞുകാണുന്നു. യഥോധർമ്മ: തഥോജയ: (ധർമ്മം എവിടെ അവിടെ വിജയം) എന്ന വേദവ്യാസവാക്യം കുടെക്കൂടെ ഉദ്ധരിയ്ക്കപ്പെടാറുള്ളതാണ്. താൻ രചിച്ച മഹാഭാരതത്തിന്റെ അന്ത്യത്തിൽ കാണപ്പെടുന്ന ഈ പ്രസ്താവനയിൽ ഈ ഇതിഹാസം മുഴുവനും ഉൾക്കൊള്ളിച്ചിരിക്കുകയാണെന്ന് പറയാം. അധർമ്മികളായ കൗരവൻമാരും ധർമ്മികളായ പാണ്ഡവൻമാരും തമ്മിൽ കുരുക്ഷേത്രത്തിൽവച്ച് നടക്കുന്ന യുദ്ധത്തിൽ പതിനെട്ട് അക്ഷഹൗണി (ചതുരംഗപടവിഭാഗം) കളുണ്ടായിരുന്ന കൗരവർ പരാജയപ്പെടുന്നതും എട്ട് അക്ഷഹൗണികൾ മാത്രമുണ്ടായിരുന്ന പാണ്ഡവർ വിജയിക്കുന്നതും ധർമ്മാധർമ്മങ്ങൾ തമ്മിലുള്ള പോരാട്ടത്തിൽ ധർമ്മം ജയിക്കുന്നതും അധർമ്മം പരാജയപ്പെടുന്നതും ധർമ്മവിജയത്തിന്റെ സുചനയായി കണക്കാക്കപ്പെടുന്നു.

നീതിനിഷ്ഠ ധർമ്മത്തിന്റെ ഒരു പ്രധാന ഘടകമാണ്. "ധർമ്മോസ്മൽ കുലദൈവതം" എന്ന മുദ്രാവാക്യം തിരുവിതാംകൂർ രാജാക്കൻമാർ സ്വന്തമായി അംഗീകരിച്ചിരുന്നു. ഇവിടെ ധർമ്മത്തെ സ്വന്തം കുലത്തിന്റെ ദേവതയായിട്ടാണ് പരിഗണിക്കുന്നത്. നീതിപുലർത്തി ധർമ്മം പരിരക്ഷിക്കുമെന്നാണ് ഈ മുദ്രാവാകൃത്തിന്റെ അർത്ഥം. സാൻമാർഗ്ഗികത, പരസ്നേഹം, ദൈവസ്നേഹം തുടങ്ങിയ എല്ലാ വിശിഷ്ട ഗുണങ്ങളും ധർമ്മത്തിൽ അടങ്ങുന്നുണ്ട്.

"നാസ്തികൻമാരായുള്ളോരസത്യവാദികളിൽ
ആസ്ഥായാ വസിക്കുന്നു കലിയെന്നറിഞ്ഞാലും"

വേറൊരിടത്ത് ഇപ്രകാരം പറഞ്ഞു കാണുന്നു:–

"സത്യ ധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാൾ ഏറ്റം പേടിക്കണം"

വിഷം വമിക്കുന്ന സർപ്പത്തെക്കാൾ കൂടുതലായി ഭയപ്പെടേണ്ടത് സത്യവും ധർമ്മവും ഇല്ലാത്ത ആളുകളെയാണ്. "സത്യം വദ, ധർമ്മം ചര" എന്ന ചൊല്ല് ഇപ്പറഞ്ഞ കാര്യങ്ങളിൽ നിന്നെല്ലാം വിശദമായി കാണുമെന്ന് വിചാരിയ്ക്കുന്നു.

## 41. "അസൂയ അസ്ഥികളെ ക്ഷീണിപ്പിക്കുന്നു"

ഈ സുഭാഷിതം ഒരു വേദവാക്യമാണ്. അസൂയ അഹങ്കാരത്തിൽ നിന്ന് ജനിക്കുന്ന ഏറ്റം ദുഷിച്ച ഒരു സന്താനമാണ്. അസൂയക്കാരന് അന്യരുടെ ഗുണവും അഭിവൃദ്ധിയുമൊക്കെ പൊറുക്കുവാൻ കഴിയുകയില്ല. തനിക്കുണ്ടാകുന്ന താഴ്ച ഓർത്ത് സന്തപിക്കുന്നതിനെക്കാൾ കൂടുതൽ അന്യന്റെ മേൻമയിൽ ദു:ഖിക്കുന്നതാണ്. ഒരു ഉദാഹരണം പറയാം. രണ്ട് പെൺകുട്ടികൾ ഒരുമിച്ച് പഠിച്ച് പരീക്ഷയെഴുതി. ഒരാൾക്ക് ക്ലാസ് കിട്ടി, മറ്റെയാൾക്ക് കിട്ടിയില്ല. ക്ലാസ് കിട്ടാത്തയാൾ മോങ്ങിക്കരയുവാൻ തുടങ്ങി. അത് കണ്ട പ്രായമുള്ള ഒരാൾ കരയുന്നവളോട് ചോദിച്ചു "മോളെ നീയെന്തിനാ കരയുന്നത്" അപ്പോൾ അവൾ മോങ്ങികൊണ്ട് മറുപടി പറഞ്ഞു "അവൾക്ക് ക്ലാസ് കിട്ടിയല്ലോ". തനിക്ക് കിട്ടാത്തതിലുള്ള ദു:ഖം കൊണ്ടല്ല അവൾ കരഞ്ഞതെന്ന് വ്യക്തം.

അസൂയയ്ക്കും കഷണ്ടിയ്ക്കും മരുന്നില്ല എന്നപറച്ചിലുണ്ട്. കഷണ്ടിയ്ക്ക് മരുന്നില്ല എന്നുള്ളത് ശരി. വിഗ് വച്ചാലും കഷണ്ടി തൽക്കാലത്തേയ്ക്ക് മറയ്ക്കാമെന്നേയുള്ളൂ. തീർത്തും മാറ്റുവാൻ സാധ്യമല്ല. എന്നാൽ അസൂയയ്ക്ക് മരുന്നുണ്ട്. അതാണ് ആത്മനിയന്ത്രണം. ദൈവാശ്രയം, പരസ്നേഹം, വിനയം തുടങ്ങിയ ഗുണങ്ങൾ, വേണ്ട രീതിയിൽ പാലിച്ചാൽ അസൂയ പൂർണ്ണമായും അകറ്റുവാൻ കഴിയും. തന്റെ നേട്ടങ്ങളെക്കാൾ കൂടുതൽ കോട്ടങ്ങളും വലുപ്പത്തെക്കാൾ കൂടുതൽ ചെറുപ്പവും പരിഗണിക്കുമ്പോൾ തന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കുവാൻ സാധിക്കും. അതുവഴി വലിയ വിനയം സമ്പാദിക്കുവാനും തന്റെ അവസ്ഥയെക്കുറിച്ച് ദു:ഖിച്ച് ജീവിതം പാഴാക്കാതിരിക്കുവാനും കഴിയും. തന്നാൽ കഴിയുന്നത് താൻ നേടുക അന്യർ എന്തും നേടി കൊള്ളട്ടെ. ഇങ്ങനെയുള്ള മനോഭാവം വളർത്തിയാൽ അസൂയ എന്ന ദുർഗ്ഗുണം പിഴുതെറിയുവാൻ കഴിയും.

ഉള്ളിൽ അസൂയ കുടികൊള്ളുന്നവന് എപ്പോഴും അശ്ശാന്തിയും അസ്വസ്ഥതയും അനുഭവിക്കേണ്ടി വരും. അതുകൊണ്ടാണ് അസൂയ അസ്ഥികളെ ക്ഷീണിപ്പിക്കും എന്നുപറയുന്നത്. അസൂയ മൂലം തളർന്ന ഒരുവന് ചിലപ്പോൾ ഒന്നും പ്രവർത്തിക്കുവാൻ പോലും കഴിയാതെവരും. അയൽക്കാരന്റെ മേന്മയിൽ അസൂയപ്പെടുന്ന ഒരുവനിൽ കോപവും, ക്രൂരതയും ജ്വലിച്ചെന്നു വരും. അത് ചിലപ്പോൾ കൊലപാതകത്തിൽ പോലും കലാശിക്കും. ബൈബിളിലെ കായേന്റെയും ഹാബേലിന്റെയും കഥ ഇത് വ്യക്തമാക്കുന്നു. സൻമനസ്സോടെ ബലിവസ്തു കൊണ്ടുവന്നത് ദൈവം സ്വീകരിച്ചു. ദുഷ്ടമനസ്സോടെ ബലി വസ്തു കൊണ്ട് വന്ന് ബലിയർപ്പിച്ചകായേന്റെ ബലി ദൈവം സ്വീകരിച്ചില്ല. അതിനാൽ അസൂയ മൂലം കുപിതനായിത്തീർന്ന കായേൻ സഹോദരനെ വധിച്ചു. അസൂയ എല്ലാത്തരത്തിലും മനുഷ്യനെ ക്ഷീണിപ്പിക്കുന്നതാകയാൽ ഏറ്റം വർജ്ജ്യമാണ്.

## 42. "മനുഷ്യനെ കൊല്ലിയെ കണ്ടു"

'പറച്ചി പെറ്റ പന്തിരുകുലം' എന്ന ഐതിഹ്യത്തോട് ബന്ധപ്പെട്ട ഒന്നാണിത്. വരരുചി എന്ന ബ്രാഹ്മണ പണ്ഡിതന് ഒരു പറയ സ്ത്രീയിലുണ്ടായ പന്ത്രണ്ട് സന്താനങ്ങളേയും വഴിയിൽ ഉപേക്ഷിച്ച് കളഞ്ഞു. അവരെ ഓരോ ജാതിയിൽപ്പെട്ടവർ എടുത്ത് വളർത്തി. അവർ പന്ത്രണ്ടുപേരും വിഭിന്ന കലകളിലും, ശാസ്ത്രങ്ങളിലും വൈദഗ്ധ്യം നേടി. അവരുടെ പേരുകൾ താഴെ പറയുന്നു.– മേഴത്തൂർ അഗ്നിഹോത്രി, രജകൻ, ചെമ്മാൻ തിരുമേനി, ഉളിയന്നൂർ പെരുന്തച്ചൻ, തിരുവനംഗത്ത് പാണനാർ, ഉപ്പുകുറ്റൻ, നാറാണത്ത് ഭ്രാന്തൻ, വടുതല നായർ, കാരയ്ക്കലമ്മ, അകവൂർ ചാത്തൻ, വായില്ലാ കുന്നിലപ്പൻ, പാക്കനാർ ഇവർ ദിവ്യരായി പരിഗണിയ്ക്കപ്പെടുന്നു.

പാക്കനാരെക്കുറിച്ച് മാത്രം പ്രതിപാദിക്കുന്നതിനാൽ മറ്റുള്ളവരുടെ കഥകളെല്ലാം വിട്ടുകളുകയാണ്. പാക്കനാരെ എടുത്ത് വളർത്തിയത് അവന്റെ അമ്മയുടെ ജാതിയിൽപ്പെട്ട ഒരു പറയൻ തന്നെയാണ്. എങ്കിലും ബ്രാഹ്മണനായ പിതാവിന്റെ ബുദ്ധിസാമർത്ഥ്യവും, വേദാന്തചിന്തകളുമെല്ലാം പാക്കനാർക്ക് അത്ഭുതകരമായ രീതിയിൽ ലഭിച്ച സിദ്ധികളായിരുന്നു.

കുലത്തൊഴിലായ മുറവും, വട്ടിയും, കുട്ടയുമൊക്കെ ഈറ കൊണ്ടുണ്ടാക്കി ഗ്രാമങ്ങൾതോറും നടന്ന് വിറ്റ് പാക്കനാർ പണം സമ്പാദിക്കുമായിരുന്നു. എന്നാൽ വലിയ ദാനശീലനായിരുന്നതിനാൽ സാധനങ്ങളും, കിട്ടുന്ന പണവും ഒട്ടുമുക്കാലും ദാനമായികൊടുത്തി രുന്നു. ചിലപ്പോൾ വൈകിട്ട് വെറു കൈയ്യോടേയും ചെല്ലുമായിരു ന്നു. ആൾ വലിയ വിരക്തനും, ഈശ്വരഭക്തനുമായിരുന്നു. ഒരിക്കൽ ശിവൻ പാക്കനാരുടെ വിരക്തി പരിശോധിക്കുവാൻ ഒരു മാർഗ്ഗം കണ്ടു പിടിച്ചു.

പാക്കനാർ ഈറവെട്ടുവാൻ പോകുന്ന കുന്നിൽ ഇനിയും വെട്ടാൻ നിൽക്കുന്ന ഈറകളിൽ ഒന്ന് പൊള്ളയാക്കി അതിന്റെ അകത്ത് സ്വർണ്ണനാണയങ്ങളും സ്വർണ്ണകട്ടികളും നിറച്ചിട്ട് അകലെപ്പോയി നിന്നു. പതിവുപോലെ പാക്കനാർ ഈറവെട്ടുവാൻ വന്നു. ആദ്യം വെട്ടിയത് മുമ്പുപറഞ്ഞ ഈറയാണ്. അപ്പോൾ സ്വർണ്ണനാണയങ്ങളും സ്വർണ്ണകട്ടികളും താഴത്തേയ്ക്ക് തെറിച്ചു വീണു. അവയുടെ തിള ക്കംകണ്ട് അയാളുടെ കണ്ണ് മങ്ങിയെങ്കിലും ബുദ്ധി മങ്ങിയില്ല. വെട്ടു കത്തിപോലും ഉപേക്ഷിച്ച് കുന്നിന്റെ താഴത്തേയ്ക്ക് പാക്കനാർ ഓടി ഇറങ്ങിപ്പോകുകയായിരുന്നു. അപ്പോൾ രണ്ടു കൂട്ടുകാർ ആ വഴി വന്നു അവർ ചോദിച്ചു. എന്താണ് ഇങ്ങനെ ഓടിപ്പോകുന്നത്. അപ്പോൾ അയാൾ പറഞ്ഞു. "ഞാൻ മനുഷ്യനെ കൊല്ലിയെ കണ്ടു." ഇത്രയും പറഞ്ഞിട്ട് പാക്കനാർ ഓടിക്കളഞ്ഞു.

മനുഷ്യനെ കൊല്ലിയെന്നു കേട്ടപ്പോൾ അവർക്ക് ഭയമുണ്ടായെ ങ്കിലും വരുന്നത് വരട്ടെ എന്നു കരുതി അവർ മുന്നോട്ടു പോയി ആ ഈറയുടെ അടുത്തേയ്ക്ക് ചെന്നു. കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചയാണ് കണ്ടത്. സമ്പന്നരാകുവാൻ അതുതന്നെ തക്കമെന്നുകണ്ട് രണ്ടുപേരും താഴെ ഇരുന്ന് സ്വർണ്ണനാണയങ്ങളും സ്വർണ്ണകട്ടികളും ശേഖരിച്ച് അവരുടെ രണ്ടാം മുണ്ടുകളിൽ പൊതിഞ്ഞുകെട്ടി തലയിൽ ചുമ ന്ന്കൊണ്ട് മുന്നോട്ടുപോയി മുന്നോട്ടു നടക്കുമ്പോൾ ഇരുവരും മറ്റേ യാളിന്റെതുകൂടെ കിട്ടിയാൽ കൂടുതൽ സമ്പന്നനാകാമെന്ന് വിചാ രിച്ച് മാർഗ്ഗം അന്വേഷിച്ചു. മുമ്പേപോയ ആൾ പറഞ്ഞു. "എടോ ഇയാൾ ഇവിടെ ഇരിക്ക് നമുക്ക് അല്പം കഞ്ഞിവെച്ച് കുടിച്ചിട്ട് വെയി

ലാറിയിട്ട് തിരികെപ്പോകാം. ഞാൻ താഴെയുള്ള കടയിൽ പോയി അരിയും മറ്റും വാങ്ങികൊണ്ട് വരാം. ഇയാൾ വിറക് ശേഖരിച്ച് വയ്ക്ക്. ഇരുവരും അങ്ങനെ തീരുമാനിച്ചു. കടയിൽപ്പോയ ആൾ അരികൊണ്ട് വന്നു. കഞ്ഞിവെച്ച് തിളയ്ക്കുവാൻ തുടങ്ങി. വിറക് കൊണ്ടുവന്ന ആൾ പാക്കനാരുടെ വെട്ടുകത്തിയും മറച്ചു പിടിച്ചുകൊണ്ടു നിന്നിരുന്നു. കഞ്ഞി തിളയ്ക്കാറായപ്പോൾ അത് വെച്ചുകൊണ്ടിരുന്ന ആൾ, മറ്റേയാൾ കാണാതെ മടിയിൽ കരുതിയിരുന്ന വിഷം കഞ്ഞിയിലിട്ടു. ഉടൻതന്നെ, അല്പം മാറി ഒളിച്ചുനിന്നിരുന്ന കൂട്ടുകാരൻ വെട്ടുകത്തി കൊണ്ട് ഒറ്റവെട്ടിന് കഞ്ഞി വെച്ചോണ്ടിരുന്ന ആളിനെക്കൊന്നു. മറ്റേയാൾ കഞ്ഞി ആറിയപ്പോൾ എടുത്ത് കുടിച്ചു. അയാളും മരിച്ചുവീണു. അങ്ങനെ പാക്കനാർ മനുഷ്യനെ കൊല്ലിയെന്നു പറഞ്ഞ കാര്യം അർത്ഥവത്തായിത്തീർന്നു.

ഇത് ഒരു കെട്ടുകഥയാണെങ്കിലും പാക്കനാർ പറഞ്ഞ വാക്യത്തിന് ഇന്നത്തെ ലോകത്തിൽ വളരെ സാംഗത്യമുണ്ടെന്നുവേണം പറയാൻ. സമ്പന്നൻ കൂടുതൽ സമ്പന്നനാകുവാൻ വേണ്ടി പരക്കം പായുകയാണ്. അതിനുവേണ്ടി കൊള്ളയും, കൊലപാതകവും, കൊള്ളിവയ്പും, കവർച്ചയും എല്ലാം നടത്താൻ യാതൊരു മടിയുമില്ല. ദരിദ്രരും ഇപ്രകാരമൊക്കെ പ്രവർത്തിക്കുവാൻ കൂട്ടാക്കാറില്ല. ധനമോഹം മനുഷ്യന്റെ ഏറ്റം വലിയ ഒരു ദുർബലതയാണ്. അതിനാൽ ആ മോഹങ്ങൾ കലഹകാരണമാണെന്നും അതുകൊണ്ട് ആ മോഹങ്ങൾ വർജ്ജ്യമാണെന്നും താഴെപ്പറയുന്ന പദ്യശകലത്തിൽ കുഞ്ചൻ നമ്പ്യാർ പരിഹാസപൂർവ്വം ഉപദേശിക്കുന്നു:

"കനകമൂലം കാമിനുമൂലം
കലഹം പലതരം ഉലകിൽ സുലഭം"

ഈ മോഹങ്ങൾക്ക് കടിഞ്ഞാണിട്ട് ജീവിക്കുന്നവർ ധന്യരാണ്. അല്ലാത്തവർ നാശത്തിൽ നിപതിയ്ക്കും.

## 43. "കോപമാകുന്നത് വിത്തെന്നറിയണം, പാവമാകുന്ന മരാമരത്തിനെടോ"

കോപം എന്ന ദുർഗ്ഗുണം പാപത്തിന് കാരണമായിത്തീരുമെന്ന്

ഈ വിജ്ഞാനശകലം ഉപദേശിക്കുന്നു. ദുർഗ്ഗുണങ്ങളെല്ലാം തന്നെ മനുഷ്യന് അപകർഷവും ഹീനത്വവും വരുത്തുന്നവയാണ്. എന്നാൽ ഒരാളിൽ കോപം ജ്വലിച്ചു കഴിഞ്ഞാൽ ആരുടെ നേർക്കാണോ കോപിക്കുന്നത് ആ ആളിന്റെ കൊലപാതകത്തിനു കാരണമായിത്തീരും.

കോപം പല രീതിയിലുണ്ട്. മാതാപിതാക്കന്മാരും ഗുരുക്കൻമാരും കോപിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് കുട്ടികളുടെ ഗുണത്തിനും നൻമയ്ക്കും വേണ്ടിയാണ്. അങ്ങനെയുള്ള കോപം പാപമായിത്തീരുകയില്ല. ഗുണദോഷിക്കേണ്ടത് മാതാപിതാക്കൻമാരുടേയും ഗുരുക്കൻമാരുടേയും കടമയാണ്. ആ കടമ നിറവേറ്റുവാൻ വേണ്ടി അല്പം കോപത്തോടെ സംസാരിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാം. ഇമ്മാതിരി കോപത്തെക്കുറിച്ച് ഒരു മഹാൻ ഇപ്രകാരം പറയുന്നു. "കോപിക്കാം എന്നാൽ പാപമാകരുത്"

പാപമാകുന്ന രീതിയിൽ എപ്പോഴും വഴക്കടിക്കുകയും കോപിക്കുകയും ചെയ്യുന്ന ദുഷ്ടൻമാരുടെ കോപത്തെക്കുറിച്ച് ഫലിതകവിസമ്രാട്ടായ നമ്പ്യാർ ഇപ്രകാരം പറയുന്നു.

"കണ്ടാൽ നല്ലൊരു പൂരുഷനവന്,
വേണ്ടാതനവും കോപവുമേറും
കണ്ടുജനത്തൊടു ശുണ്ഠി പിടിക്കും,
രണ്ടാം വാക്കിന് കേറിയടിക്കും."

അനാവശ്യമായ സംഭാഷണം എപ്രകാരം പാപകാരണമായ കോപമായിത്തീരുന്നെന്ന് ഇവിടെ പരിഹാസപൂർവ്വം പറഞ്ഞിരിക്കുന്നു. ചിലപ്പോൾ സംഭാഷണം കോപശീലമുള്ളവനെ കൊലപാതകത്തിനുപോലും പ്രേരിപ്പിച്ചെന്നുവരും. അഹങ്കാരത്തിൽ നിന്ന് ജനിക്കുന്ന തൻകാര്യവും ദുരിഭിമാനവുമാണ് പലരേയും പാപകരമായ കോപത്തിലേയ്ക്ക് പ്രേരിപ്പിക്കുന്നത്. ഇന്ദ്രപ്രസ്ഥത്തിൽ ദേവശില്പിയായ മയൻ പണിതു കൊടുത്ത അത്ഭുതകരമായ കൊട്ടാരം കാണാൻ ചെന്ന കൗരവൻമാർക്ക് സ്ഥലജല വിഭ്രാന്തിമൂലം പറ്റിയ അമളികൾ കണ്ട് പാണ്ഡവൻമാർ പരിഹാസപൂർവ്വം ചിരിച്ചു. പാഞ്ചാലി ഇപ്രകാരം പറഞ്ഞുപോലും "പൊട്ടക്കണ്ണന്റെ മക്കൾ പൊട്ടക്കണ്ണരായിതീർന്നതിൽ അത്ഭുതമില്ല." ഈ പരിഹാസച്ചിരിയും, വാക്കുകളും

കൗരവൻമാരെ, പ്രത്യേകിച്ച് ആദ്യത്തെ രണ്ടുപേരായ ദുര്യോധനനേയും, ദുശ്ശാസ്സനനേയും വളരെയധികം ചൊടിപ്പിച്ചു. ജ്വലിക്കുന്ന കോപത്തോടെയാണ് അവർ ഹസ്തിനപുരിയിലേയ്ക്ക് മടങ്ങിയത്. ജ്വലിക്കുന്ന കോപം ആർക്കും ശമിപ്പിക്കുവാൻ പറ്റിയില്ല. ശ്രീകൃഷ്ണന്റെ ദൗത്യം പോലും പരാജയമടയുകയാണുണ്ടായത്. തൻമൂലം കുരുക്ഷേത്രയുദ്ധം നടക്കുകയും രണ്ടു പക്ഷത്തും അനേകായിരങ്ങൾ കൊല്ലപ്പെടുകയും ചെയ്തു.

കോപം കൂട്ടക്കൊലയ്ക്ക് കാരണമാകുന്നതിനൊരു ഉദാഹരണമാണിത്. കുടുംബങ്ങളിൽ ഭാര്യാഭർത്താക്കൻമാർ തമ്മിലും, സഹോദരങ്ങൾ തമ്മിലും, ചിലപ്പോൾ മാതാപിതാക്കൻമാരും മക്കളും തമ്മിലും ഉണ്ടാകുന്ന കലഹങ്ങൾ അന്യോന്യമുള്ള ഉഗ്രകോപമായി മാറിയാൽ കൊലപാതകങ്ങൾ നടക്കും.

അഗ്നി വെള്ളംകൊണ്ട് കെടുത്താം. എന്നാൽ ജ്വലിക്കുന്ന കോപം കെടുത്താൻ പുറമെ നിന്ന് ആർക്കും ചിലപ്പോൾ സാധിച്ചെന്നു വരുകയില്ല. ആത്മനിയന്ത്രണം മൂലമേ കോപശമനം സാധ്യമാകു. ആരുടെയെങ്കിലും നേർക്ക് കോപം ജനിക്കുകയും ജ്വലിക്കുകയും ചെയ്താൽ ഹൃദയത്തിലും മനസ്സിലും അത് പുകഞ്ഞുകൊണ്ടിരിക്കുവാൻ ഇടയാക്കരുത്. ഹൃദയവും, മനസ്സും ജലസമാനമായ ക്ഷമയാൽ തണുപ്പിയ്ക്കണം. വിദ്വേഷം വച്ചുകൊണ്ടിരിക്കും തോറും വർദ്ധിയ്ക്കും. അതിനാലാണ് ഇപ്രകാരമുള്ള ഒരു മഹദ് വചനമുള്ളത് "നിനക്ക് പ്രഭാതത്തിൽ കോപം വന്നാൽ സുര്യൻ അസ്തമിക്കുന്നതുനുമുമ്പേ അത് ശമിപ്പിക്കണം. ഇപ്രകാരം ചെയ്താൽ കോപം പാപത്തിന് കാരണമാകുകയില്ല." കോപിക്കുന്നവരെല്ലാം ഇതു മനസ്സിലാക്കായിരുന്നെങ്കിൽ വിദ്വേഷവും കലഹവുമുപേക്ഷിച്ച് ജീവിതം ധന്യമാക്കാമായിരുന്നു.

## 44. "സുഖത്തിലുണ്ടാം സഖിമാരനേകം"

മനുഷ്യ ബന്ധത്തിലെ ഒരു വൈകല്യമാണ് ഇവിടെ ഒരു ശ്ലോകത്തിൽ കൂടി ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ ആദ്യത്തെ വരി മുകളിൽ ഉദ്ധരിച്ചിരിക്കുന്നു. ഒരാളിന്റെ സ്നേഹിതൻമാരെന്നുപറഞ്ഞു വരു

ന്നവർ യഥാർത്ഥത്തിൽ സ്നേഹിതൻമാരാകണമെന്നില്ല. അതിനാൽ അടുത്ത വരിയിൽ പറയുന്നു "ദുഃഖം വരുമ്പോൾ പുനരാരുമില്ല."

സമ്പന്നനായ ഒരുവനെ സ്നേഹം നടിച്ച് ആശ്രയിക്കുന്ന പലരും ധനക്ഷയവും, ആപത്തും വരുമ്പോൾ സമ്പന്നനെ വിട്ട് പിരിഞ്ഞു പോകും. ഇതിന് ഒരുദാഹരണം കൂടി ശ്ലോകത്തിൽ പറയുന്നുണ്ട്.

"ഖഗങ്ങൾ മാവിൽ പെരുകും വസന്തേ,
വരാ ശരത്തിൽ അവ ഒന്നുപോലും"

മാവിൽ മാമ്പഴമുള്ള വസന്തകാലത്ത് പക്ഷികൾ (ഖഗങ്ങൾ) ധാരാളം ചെന്നുചേരും. എന്നാൽ ഫലങ്ങളൊന്നുമില്ലാത്ത ശരത്കാലത്ത് അവ ഒന്നുപോലും വരുകയില്ല.

നിഷ്കളങ്കവും ത്യാഗോജ്വലവുമായ സ്നേഹമുള്ള അനേകായിരംപേർ മറ്റുള്ളവരെ ആപത്തിലും രോഗത്തിലുമൊക്കെ ശുശ്രുഷിക്കുവാനും, സേവിക്കുവാനും മുന്നോട്ടുവന്നിട്ടുണ്ട്. അവർ പണമോ, പ്രശസ്തിയോ മോഹിച്ചല്ല അങ്ങനെ ചെയ്തത്. അതിന് രണ്ടുമൂന്നുദാഹരണങ്ങൾ മാത്രം പറയാം. മൊളോക്കോ ദ്വീപിൽ കുഷ്ഠരോഗികളുടെ മധ്യത്തിൽ അനേകവർഷം സേവനം അനുഷ്ടിച്ചശേഷം തന്നെത്താൻ കുഷ്ടരോഗിയായി മരിച്ച ഫാ:ഡാമിയന്റെ കഥ ആർക്കാണ് മറക്കുവാൻ സാധിക്കുന്നത്! അടുത്തകാലത്ത് നമ്മുടെ നാട്ടിൽ മികച്ച ആതുരസേവനം നടത്തിയശേഷം അന്തരിച്ച 'ഭാരതരത്നം' ആയ മദർ തെരേസയെക്കുറിച്ചുള്ള ഓർമ്മ മിക്കവാറും എല്ലാവരിലും പച്ചിച്ച് സ്ഥിതിചെയ്യുന്നുണ്ട്. അതുപോലെ ഇപ്പോഴും ജീവിക്കുന്ന ബാബാ ആംപ്തേയുടെ പ്രവർത്തനങ്ങളും പ്രസിദ്ധങ്ങളാണല്ലോ.

അയൽക്കാരെ ആത്മാർത്ഥമായി സ്നേഹിക്കുന്ന അനസൂയക്കാരായ അയൽക്കാർ സ്വന്തം അയൽക്കാർക്ക് വേണ്ടി ഏത് സേവനവും ചെയ്തുകൊടുക്കും. ഈ ഗ്രന്ഥക്കാരൻ അനുഭവത്തിൽ നിന്നറിഞ്ഞ ഒരു കാര്യം പറയട്ടെ; മക്കളില്ലാത്ത ദമ്പതിമാർ ഒരു വീട്ടിൽ താമസിച്ചിരുന്നു. സാമ്പത്തികമായി അവർ ഒരു ഇടത്തരക്കാർ മാത്രമായിരുന്നു. ഭർത്താവിന് വാർദ്ധക്യാരംഭത്തിൽ തളർവാതം പിടിപ്പെട്ട് കട്ടിലിൽ പറ്റിപിടിച്ചുകിടക്കേണ്ടിവന്നു. സാമാന്യം വൃദ്ധയായ ഭാര്യ

ഭർത്താവിനെ കഴിയും വിധം ശുശ്രൂഷിച്ചുപോന്നു. അയൽപക്കത്തെ ഒരു വീട്ടിലെ ഉത്തമയായ വീട്ടമ്മ പലപ്പോഴും ആ വീട്ടിൽച്ചെന്ന് ആ വൃദ്ധദമ്പതികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഏറെക്കുറെ നിറവേറ്റികൊണ്ടിരുന്നു. വൃദ്ധന്റെ ഭാര്യ കാൽവഴുതിവീണ് കാലൊടിഞ്ഞപ്പോൾ സ്വന്തം വീട്ടിലെ കാര്യങ്ങൾ പോലും വിസ്മരിച്ച് ആ വൃദ്ധദമ്പതികളെ ഏറെ സമയം ചെലവഴിച്ച് ശുശ്രുഷിച്ചു. ഇമ്മാതിരി കഥകൾ പലർക്കും അറിവുള്ളതായിരിക്കുമല്ലോ.

ചുരുക്കിപ്പറഞ്ഞാൽ പ്രതിഫലം കൂടാതെ സേവനം, സമ്പത്തിലായാലും, ദാരിദ്ര്യത്തിലായാലും ആർക്കും ചെയ്തുകൊടുക്കേണ്ടതാണ്. സമ്പന്നർ ഏത് സാഹചര്യത്തിലായാലും, സ്നേഹവും പരിഗണനയും നൽകുകയും വേണം.

സ്നേഹശൂന്യരും അസുയക്കാരുമായ വ്യക്തികൾ അയൽക്കാർക്കെന്നുമാത്രമല്ല, മറ്റുള്ള ആർക്കും ഒരുപകാരവും ചെയ്യുകയില്ല.

## 45. അവന്റെ പുഞ്ചിരിയിൽ കഠാരി ഒളിഞ്ഞിരിപ്പുണ്ട്.

ഷെയ്ക്സ്പിയറിന്റെ ഒരു നാടകത്തിലെ ഒരു കഥാപാത്രം മറ്റൊരു കഥാപാത്രത്തെക്കുറിച്ച് പറയുന്നതാണീവാക്കുകൾ. കൊടിയക്രൂരതയും, കാപട്യവുമുള്ളയാൾ പുഞ്ചിരിയോടെ പ്രത്യക്ഷപ്പെടുമ്പോഴാണ് ആലങ്കാരികഭാഷയിലുള്ള ഈ പ്രസ്താവന ചെയ്യുന്നത്.

ഇന്നത്തെ ലോകത്തിൽ ഈ പ്രസ്താവനയ്ക്ക് വലിയ സാംഗത്യം ഉണ്ടെന്നുവേണം പറയാൻ. കാപട്യവും, വിശ്വാസവഞ്ചനയും ഇന്നത്തെ സമുദായമധ്യത്തിൽ നടമാടുകയാണ്. ആർക്കും ആരേയും വിശ്വസിക്കുവാൻ വയ്യാത്ത സാഹചര്യം വന്നുചേർന്നിട്ടുണ്ട്. സുഹൃത്ത് എന്ന മട്ടിൽ ഒരാളുടെ തോളിൽ കൈവച്ചുകൊണ്ട് നടക്കുന്നയാൾ ഏതെങ്കിലും കാരണത്താൽ മറ്റവനെ കുത്തിമലർത്തിയെന്നുവരാം. ധനമോഹവും, മാംസദാഹവും ഉള്ളവർ ആരോടും കൂട്ടുചേർന്ന് കാര്യലാഭം നടത്താൻ നോക്കും. ഹൃദ്യമായി പുഞ്ചിരിക്കുകയും നർമ്മഭാഷണം ചെയ്യുകയും ചെയ്യുന്നവൻ ഏത് സാഹസമാണ് നമ്മോടുകാട്ടാൻ പോകുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. നർമ്മഭാഷണത്തിലും, പുഞ്ചിരിയിലും വിഷം കലർന്നിരിക്കും. ഹൃദയത്തിലുള്ളത് പുറമെ കാട്ടുകയില്ല.

സ്നേഹപൂർവ്വം ലാളിച്ച് വളർത്തിയ ഒരു വളർത്തുമകൻ എപ്പോഴും സ്നേഹം നടിക്കുമായിരുന്നു. എന്നാൽ ധനമോഹം അവന്റെ സ്നേഹത്തെ കലുഷിതമാക്കി. സ്നേഹസമ്പന്നനായ ആ വളർത്തു പിതാവിനെ വെട്ടികൊല്ലുവാൻ ആ യുവാവ് മടിച്ചില്ല. പക്ഷെ നിയമത്തിന്റെ മുമ്പിൽ അവൻ കീഴടങ്ങേണ്ടിവന്നു. ജീവിതത്തിന്റെ നല്ല ഭാഗം മുഴുവനും ജയിലിൽ ചെലവഴിക്കേണ്ടിയും വന്നു. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. നൂറുകണക്കിന് ഇമ്മാതിരി കഥകൾ മാധ്യമങ്ങൾ വഴിയായും, അല്ലാതേയും എല്ലാവർക്കും അറിവുള്ളതാണ്.

കാപട്യം അഥവാ ആത്മാർത്ഥതയില്ലായ്മ ഏറ്റം അസഹനീയവും അരോചകവുമായ ഒരു ദോഷമാണ്. ദൈവത്തോടുപോലും ആത്മാർത്ഥതകാണിക്കാത്ത മനുഷ്യരുണ്ട്. കപടഭക്തി ദൈവത്തോടുകാട്ടുന്നത് ആത്മാർത്ഥതയില്ലായ്മയുടെ ഒരു പര്യായമാണ്. ദൈവാലയത്തിൽ പ്രാർത്ഥനയിലോ, ബലിയർപ്പണത്തിലോ സംബന്ധിക്കുമ്പോൾ പരിശുദ്ധമായ മനസ്സോടും കളങ്കരഹിതമായ ഹൃദയത്തോടും ആരാധനയിൽ സംബന്ധിക്കേണ്ടതാണ്. അങ്ങനെയുള്ളവർക്ക് മാത്രമേ സ്വയം ഈശ്വരന് സമർപ്പിക്കുന്നതുവഴിയുള്ള ആത്മാനുഭൂതി അനുഭവപ്പെടുകയുള്ളു.

മറ്റു മനുഷ്യരോടുള്ള പെരുമാറ്റത്തിൽ ആത്മാർത്ഥതയ്ക്ക് വലിയ സ്ഥാനമുണ്ട്. ആത്മാർത്ഥതയില്ലാത്തവരെ അവരുടെ വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും തിരിച്ചറിയുവാൻ പ്രയാസമില്ല. സ്വന്തക്കാരോടുപോലും ആത്മാർത്ഥമായി പെരുമാറാത്തവരുണ്ട്.

ഉള്ളിലെ മനസ്സാക്ഷിയുടെ സ്വരം മറികടന്നും തെറ്റുചെയ്യുവാൻ പാടില്ലെന്നബോധം കാറ്റിൽ പറത്തിയും പ്രവർത്തിക്കുന്നവർ ആത്മവഞ്ചന നടത്തുന്നവരാണ്. ഇപ്രകാരം ഏത് രീതിയിലുള്ള കാപട്യം കാണിക്കുന്നവർക്ക് മനശ്ശാന്തിയും സമാധാനവും നഷ്ടപ്പെടുമെന്നതാണ് ഏറ്റം വലിയ നഷ്ടം. ഇത് ആത്മനാശത്തിലേയ്ക്ക് പോലും നയിച്ചെന്നുവരാം.

## 46. “വിദ്യാവിഹീനഃപശുഃ”

ഈ സുഭാഷിതം സുപ്രസിദ്ധവും കൂടെക്കൂടെ ഉദ്ധരിയ്ക്കപ്പെടാറുള്ളതുമാണ്.

വിദ് = അറിയുക, ഈ ധാതുവിൽ നിന്നാണ് വിദ്യ എന്ന നാമരൂപം വ്യുല്പന്നമാകുന്നത്. അറിവിന്റെ ഏറ്റവും വലിയ പ്രാധാന്യവും ആവശ്യവും ഈ കൊച്ചുസുഭാഷിതത്തിൽ അടങ്ങിയിരിക്കുന്നു. പശു എന്ന വാക്കിന് ഇവിടെ വീടുകളിൽ പാല് കിട്ടുവാൻവേണ്ടി വളർത്തുന്ന നാൽക്കാലിമൃഗമെന്നല്ല അർത്ഥം. ഒരു ഉത്തമമനുഷ്യനായി ജീവിക്കുവാൻവേണ്ട മുല്യങ്ങളെക്കുറിച്ചും, ജീവിതരീതികളെക്കുറിച്ചുമൊക്കെ നൽകുന്ന അറിവ് ലഭിക്കാത്ത ഇരുകാലിമൃഗമായ മനുഷ്യനെന്നാണ് മനസ്സിലാക്കേണ്ടത്. ഇപ്പറഞ്ഞ അറിവ്, വിദ്യ അഭ്യസിക്കുന്നതുവഴിയാണ് കിട്ടുന്നത്. വിദ്യയുടെ അഭ്യാസം (പഠനം) വഴി ലഭിക്കുന്നതാണ് അറിവ്. അപ്പോൾ വിദ്യാഭ്യാസമില്ലാത്തവന് അറിവ് ഇല്ലെന്ന് സിദ്ധിക്കുന്നു.

മനുഷ്യനെ നാൽക്കാലികളിൽനിന്നും മറ്റ് ജന്തുക്കളിൽ നിന്നും ഭിന്നനാക്കുന്നത് അവന്റെ ജൻമസിദ്ധമായ ബുദ്ധിശക്തിയും മനസ്സുമാണ്. ഇവയുടെ വ്യാപാരങ്ങൾ വികസിപ്പിച്ചെടുക്കുമ്പോൾ മാത്രമേ ജീവിതമൂല്യങ്ങളെക്കുറിച്ചും, രീതികളെക്കുറിച്ചും മറ്റുമുള്ള അറിവും പ്രവർത്തനശേഷിയും ലഭിക്കുകയുള്ളൂ. ഈ വികസനം വിദ്യാഭ്യാസം വഴിയാണ് നടക്കേണ്ടത്.

വിദ്യാഭ്യാസം എവിടെ ആരംഭിക്കുന്നു? ഉത്തരം ഇതാണ്. കുടുംബമാണ് ആദ്യത്തെ വിദ്യാലയം. അവിടുത്തെ ഗുരുക്കൻമാർ മാതാപിതാക്കൾ തന്നെയാണ്. പശുതുല്ല്യനായ ശിശുവിനെ സമുദായത്തിൽ ജീവിക്കുന്നതിന് കഴിവുള്ളവനായും, തനിക്കും, കുടുംബത്തിനും നാട്ടുകാർക്കും കൊള്ളാവുന്നവനായും വളർത്തിയെടുക്കേണ്ട ആദ്യത്തെ ചുമതല മാതാപിതാക്കൻമാർക്കാണ്. (വിശേഷിച്ച് മാതാവിന്). വാക്കുകളാലും ജീവിതമാതൃകയാലുമാണ് മാതാപിതാക്കൻമാർ കുട്ടികളെ പഠിപ്പിക്കേണ്ടത്. അക്ഷരാഭ്യാസമില്ലാത്ത മാതാപിതാക്കൻമാർപോലും അവരുടെ അനേകവർഷത്തെ അനുഭവങ്ങളിൽ നിന്നും മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്നുമൊക്കെ കണ്ടും കേട്ടും പഠിച്ച അത്യാവശ്യമായ കാര്യങ്ങൾ കുട്ടികളെ പറഞ്ഞ് മനസ്സിലാക്കണം. ശിശുക്കളും കുട്ടികളും തെറ്റ്ചെയ്യുവാൻ തുടങ്ങുമ്പോഴോ ചെയ്തുകഴിഞ്ഞാലോ അവരെ മാതാപിതാക്കൾ ഗുണദോഷിക്കണം. ചെയ്ത അല്ലെങ്കിൽ ചെയ്യുവാൻ പോകുന്ന പ്രവൃത്തികളുടെ ഗുണവും ദോഷവും സ്വന്തം

അനുഭവത്തിലെ അറിവ്വെച്ചുകൊണ്ട് പറഞ്ഞ് മനസ്സിലാക്കുന്നതാണ് ഗുണദോഷം.

ഉദാഹരണമായി കത്തുന്ന വിളക്കിന്റെ അടുത്തിരിക്കുന്ന ശിശു തീനാളത്തിൽ വിരൽ കൊണ്ട് വയ്ക്കുവാൻ തുടങ്ങുമ്പോൾ "മകനെ അങ്ങനെ ചെയ്താൽ നിന്റെ വിരൽ പൊള്ളും" എന്നുപറഞ്ഞ് അവനെ വിലക്കുകയും വിരൽ പിടിച്ച് മാറ്റുകയും ചെയ്യണം.

സ്വന്തം അനുഭവങ്ങളിൽ നിന്ന് പിന്നീട് ശിശുക്കളും ബാലൻമാരും പലതും മനസ്സിലാക്കി തുടങ്ങും. വീട്ടിൽ നിന്നുകിട്ടുന്ന അറിവ് പരിമിതവും ചിലപ്പോൾ സങ്കുചിതവുമായിരിക്കും. എങ്കിലും സമുദായമധ്യത്തിൽ ജീവിക്കുന്നതിന് അത്യാവശ്യമായ അറിവ് ബാലകർ നേടിയിരിക്കും. അക്ഷരാഭ്യാസമില്ലാതെ അവർ വളർന്ന് ജീവിച്ചാലും മാനുഷികഗുണങ്ങൾ മാത്രം അടിസ്ഥാനമാക്കി അവർ ജീവിക്കും.

യഥാർത്ഥ വിദ്യാഭ്യാസംവഴി ലഭിക്കേണ്ടതും നേടേണ്ടതും വിദ്യാലയങ്ങളിലാണ്. ഇവിടെ വേണ്ട ശിക്ഷണം നൽകേണ്ടതിനുള്ള ചുമതല ഗുരുക്കൻമാരുടേതാണ്. മാതാപിതാക്കളുടെയും സർക്കാരിന്റെയും സഹകരണം ഇവിടെ ആവശ്യമാണ്. ഗുരുക്കൻമാർ ശരിയായ അറിവ് നേടിയവരും കുട്ടികളുടെ ഭാവി ശോഭനമാക്കുന്നതിൽ പ്രതിബദ്ധതയുള്ളവരും ആയിരിക്കണം. വേതനം ലഭിക്കുവാൻവേണ്ടിമാത്രം വിദ്യാലയത്തിലേയ്ക്ക് കടന്നുവരുന്ന ഗുരുക്കൻമാർ വാസ്തവത്തിൽ സമുദായ ദ്രോഹികളാണെന്ന് പറയാം.

ഗ്രന്ഥങ്ങൾ വായിച്ച് മനസ്സിലാക്കുവാൻ തക്കവണ്ണമുള്ള അക്ഷരാഭ്യാസവും, അറിവും നേടിക്കഴിഞ്ഞാൽ പുസ്തകങ്ങൾ സ്വന്തമായി വായിച്ച് കൂടുതൽ അറിവ് സമ്പാദിക്കുവാൻ കുട്ടികൾ ശ്രമിക്കണം. പ്രയോജനപ്രദമായ ഉത്തമഗ്രന്ഥങ്ങൾ വായിച്ച് ആശയങ്ങൾ സ്വാംശീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. പരന്ന വായനയും പഠനവും ഒരുവനെ പൂർണ്ണ മനുഷ്യനാക്കിതീർക്കും. എത്രത്തോളം അറിവ് നേടുവാൻ സാധിക്കുമോ അത്രത്തോളം ഗുരുമുഖത്തുനിന്നും ഗ്രന്ഥങ്ങളിൽ നിന്നും നേടണം. ഇതിന് അദ്ധ്വാനം ആവശ്യമാണ്. സുഖിമാനായി അലസ ജീവിതം നയിച്ചാൽ വിദ്യ ലഭിക്കുകയില്ലെന്ന് താഴെപ്പറയുന്ന പദ്യശകലത്തിൽ പ്രതിപാദിക്കുന്നു.:-

"വിദ്യയില്ല സുഖിക്ക്, കോശമില്ല അലസന്"

അറിവ് ഒരു വലിയ ശക്തിയാണ്. ജീവിതത്തിലെ പ്രതികൂലസാഹചര്യവുമായി ഏറ്റുമുട്ടി വിജയം വരിക്കുന്നതിന് ഈ ശക്തികൂടിയേതീരു.

## 47. "സുഖവും ദു:ഖവും ജീവിതത്തിൽ സമ്മിശ്രമായി വരും"

ഇരുട്ടും വെളിച്ചവുമെന്നപോലെ സുഖവും ദു:ഖവും ജീവിതത്തിൽ എല്ലാവർക്കും അനുഭവവേദ്യമാണ്. ഏത് സുഖത്തിലും അല്പം ദു:ഖവും ഇടകലർന്നുണ്ടായിരിക്കും. ഒരാൾ റോസാപ്പൂവ് ചെടിയിൽ നിന്ന് പറിച്ചെടുക്കുമ്പോൾ കൈവിരലുകളിൽ മുള്ള് കൊണ്ടെന്നുവരും. എന്നാൽ പൂവിന്റെ സൗന്ദര്യവും സൗരഭ്യവും ആസ്വദിക്കുമ്പോൾ മുള്ള് കൊണ്ട വേദന മറന്നുപോകും.

'ജലപങ്കംപോലെ' സമ്മിശ്രമാണ് സുഖദു:ഖങ്ങളെന്ന് ഒരു പുരാണവാക്യമുണ്ട്. വെള്ളവും, ചെളിയും (പങ്കം=ചെളി) ഇടകലർന്ന് കാണപ്പെടുന്നതു പോലെ തന്നെയാണ് സുഖവും, ദു:ഖവും അനുഭവപ്പെടുന്നത്. സുഖം മാത്രം അനുഭവിക്കുന്നവരായി ആരും ഉണ്ടെന്ന് തോന്നുന്നില്ല. സമ്പത്തും, സ്ഥാനമാനങ്ങളും, മറ്റെല്ലാ ജീവിതസൗകര്യങ്ങളുമുള്ള ഒരാൾ സുഖിമാനാണെന്ന് മറ്റുള്ളവർക്ക് തോന്നിയേക്കാം. എന്നാൽ ആ തോന്നൽ ശരിയല്ല. സുഖിമാൻമാരെന്നും ഭാഗ്യവാൻമാരെന്നും മറ്റും വിശേഷിപ്പിക്കപ്പെടുന്നവർ പല കാരണങ്ങളാലും ഒട്ടു വളരെ മാനസ്സികവ്യഥ അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. ഈയർത്ഥത്തിൽ ഒരു മഹാകവി ഇപ്രകാരം പറയുന്നു:-

"കൊട്ടാരം, ചിന്തയാൽ ജാഗരം കൊള്ളുന്നു,
കൊച്ചു കുടിലിലത്രേ നിദ്രാസുഖം"

കൊട്ടാരത്തിൽ ഉറങ്ങാൻ കിടക്കുന്ന രാജാവ് ഉറക്കം വരാതെ (ജാഗരണം) വിഷമിക്കുന്നു. അലട്ടുന്ന ചിന്തകളാണ് വിഷമത്തിന് കാരണം. അതേസമയം കൊച്ചുകുടിലിൽ ഉറങ്ങാൻ കിടക്കുന്ന കുടുംബനാഥൻ സസ്സുഖം ഉറങ്ങുന്നു.

എത്രതന്നെ ജീവിതസൗകര്യങ്ങളുണ്ടായാലും മനസ്സിലെ "അലച്ചിലും ചിലച്ചിലും" ഉപേക്ഷിക്കാത്തവർക്ക് ജീവിതസുഖം അനു

ഭവിക്കുവാൻ പ്രയാസമാണ്. വികാരക്ഷോഭവും, പ്രശ്നങ്ങളെക്കുറിച്ചുള്ള അലട്ടലുമാണ് ഈ അലച്ചിലും ചിലച്ചിലും. ശരിയായ ആത്മനിയന്ത്രണം ഒന്നുകൊണ്ട് മാത്രമേ ഇവ അകറ്റാൻ കഴിയൂ.

ഈശ്വരധ്യാനം, പ്രാർത്ഥന തുടങ്ങിയ ഉപാധികളിൽ കൂടിയും ശോകങ്ങളും അലട്ടലുകളും നിയന്ത്രിക്കുവാൻ സാധിക്കും. സുഖം ആനന്ദമായി കരുതിയാൽ ഇഹത്തിൽ പൂർണ്ണമായും അത് ലഭിക്കുകയില്ല. പരലോകത്തിൽ ഈശ്വരദർശനം വഴി പൂർണ്ണമായ ആനന്ദം ലഭിക്കുവാൻ കഴിയും. അതാണ് സാക്ഷാൽ മോക്ഷം അഥവാ സായൂജ്യം, സ്വർഗ്ഗസൗഭാഗ്യം.

ദുഃഖം മനുഷ്യന് പല രീതിയിൽ വരാം. രോഗംമൂലമുള്ള വേദന ദുഃഖത്തിന് ഒരു പ്രധാന കാരണമാണ്. അതുപോലെ കൊടിയ ദാരിദ്ര്യവും ദുഃഖത്തിന് നിദാനമാണ്. ചില വേദനയും ദു:ഖവുമൊക്കെ മരുന്നുകളുടെ സഹായത്താലും, സ്നേഹമുള്ളവരുടെ ശുശ്രൂഷയാലും അകറ്റാൻ സാധിച്ചെന്നുവരും. പ്രിയപ്പെട്ടവരുടെ വേർപാട്, കുറെ കാലത്തേയ്ക്ക് വേദനയും ദു:ഖവും വരുത്തുമെങ്കിലും കാലപ്പഴക്കം കൊണ്ട് അത് തണുക്കാറുണ്ട്. “സാമ്പ്രതം വേപ്പിനും സ്വാദുണ്ട് ശീലിച്ചാൽ, പാമ്പും പഴകിയാൽ നല്ലതത്രേ”. ഈ കവിവാക്യം പൂർണ്ണമായും അംഗീകരിക്കുവാൻ കഴിയുകയില്ലെങ്കിലും കാലപഴക്കം പലതിനും ഒരുപശാന്തിയാണെന്ന് പറയുന്നതിൽ രണ്ടുപക്ഷമില്ല.

സുഖം മാത്രമേ വരാവൂ എന്നും ദു:ഖം വേണ്ടെന്നും ശാഠ്യം പിടിക്കുന്നതിൽ ഒരർത്ഥവുമില്ല. ജീവിതത്തിൽ അനുഭവിക്കേണ്ടത് അനുഭവിച്ചേ തീരു. എന്നുവച്ച് കഴിവുള്ള വിധത്തിൽ സുഖം നേടാനും ദു:ഖം ഒഴിവാക്കാനും യത്നിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. സമതുലിതാവസ്ഥ ജീവിതത്തിൽ പാലിക്കുന്നവർക്ക് മാത്രമേ ഈ കടമ നിറവേറ്റുവാൻ കഴിയുകയുള്ളൂ.

## 48. “ദുസ്സംഗം ഉപേക്ഷിച്ചാലും, സൽസ്സംഗം സ്വീകരിച്ചാലും”

ദുഷ്ടൻമാരുമായുള്ള കൂട്ടുകെട്ട് ഉപേക്ഷിക്കുകയും ഉത്തമൻമാരുമായുള്ള കൂട്ടുകെട്ട് സ്വീകരിക്കുകയും വേണമെന്ന് ജീവിതാനുഭവത്തിൽ നിന്ന് ഉരിത്തിരിഞ്ഞ ഒരു ചൊല്ലാണിത്. ദുഷ്ടരുടെ വാക്കു

കൾ കേൾക്കുകയും അവരുടെ പ്രവൃത്തികൾ അനുകരിക്കുകയും ചെയ്താൽ നാശമായിരിക്കും ഫലം. ദുഷ്ടരുമായുള്ള സംസ്സർഗംമൂലം ശിഷ്ടർ എപ്രകാരം ദുഷിച്ചുപോയി. ഇതിനൊരു ദൃഷ്ടാന്തവും പറയുന്നുണ്ട്. ഒരു വിഷവൃക്ഷത്തിൽ ചുറ്റിപടർന്ന് വളരാൻ തുടങ്ങുന്ന ഒരു നല്ല വള്ളി കാലക്രമത്തിൽ വിഷമുള്ളതായിത്തീരുന്നു. വൃക്ഷങ്ങളുടെ കൂട്ടത്തിൽ "ചാര്" എന്നുപേരുള്ള ഒന്നുണ്ട്. ഇതിന്റെ അടുത്ത് ചെല്ലുകയോ ഇലകളിലോ ശാഖകളിലോ സ്പർശിക്കുകയോ ചെയ്താൽ പെട്ടെന്ന് ദേഹമാസകലം ചൊറിച്ചിൽ അനുഭവപ്പെടും. അത് മാറ്റാൻ മരുന്നൊന്നുമില്ലതാനും. അനേകം മണിക്കൂർ നീണ്ടു നിൽക്കുകയും ചെയ്യും.

ഇതുപോലെയാണ് ദുഷ്ടസംസ്സർഗം മുലമുണ്ടാകുന്ന വിന. അവർ നൽകുന്ന ദുരുപദേശങ്ങൾ മറ്റുള്ളവരെ വേദനയിലേയ്ക്കും അസ്വസ്ഥതയിലേയ്ക്കും നയിക്കും.

ഇന്നത്തെ സമുദായത്തിൽ ശിഷ്ടരോടെന്നതിനെക്കാൾ ദുഷ്ടരോട് കൂട്ടുചേരാനുള്ള ഒരു പ്രവണതയാണ് പലരിലും കാണുന്നത്. അങ്ങനെയുള്ള കൂട്ടുകെട്ടാണ് കവർച്ചകളിലേയ്ക്കും കൊലപാതകങ്ങളിലേയ്ക്കും മറ്റും നയിക്കുന്നത്. മാഫിയ സംഘടനകളും, വാടകക്കൊലയാളികളും ഗുണ്ടാസംഘവും ഈ ദുഷിച്ച കൂട്ടുകെട്ടിന്റെ ഫലങ്ങളാണ്. പാമ്പിനെ താലോലിക്കുന്നവൻ പാമ്പുകടിയേറ്റ് മരിക്കുന്നതുപോലെ ദുഷ്ടസംസ്സർഗം മൂലം ആളുകൾക്ക് വരുന്ന നാശനഷ്ടങ്ങൾ പറഞ്ഞാൽ ഒടുങ്ങുകയില്ല.

സത്തമരുടെ സംസ്സർഗം എപ്പോഴും ആനന്ദപ്രദമായിരിക്കും. തങ്ങളോട് കൂട്ടുചേരുന്നവരുടെ നന്മ മാത്രമേ അവർ കാംക്ഷിക്കുകയുള്ളു. ഒരിക്കലും കൂട്ടുകാർക്ക്, അവർ അനിഷ്ടം വരുത്തുകയില്ല. സത്തമരുടെ ഉത്തമസ്വഭാവവിശേഷങ്ങൾ അവരുടെ കൂട്ടുകാരിലേയ്ക്ക് അറിയാതെതന്നെ പകർന്നുകൊടുക്കും.

> "മുല്ലപൂമ്പൊടിയേറ്റുകിടക്കും, കല്ലിനുമുണ്ടാം ഒരു സൗരഭ്യം"

സ്വഭാവവൈകല്ല്യമുള്ളവർപോലും സ്വഭാവഗുണമുള്ളവരുമായി ഇടപഴകുമ്പോൾ സ്വഭാവവൈകല്ല്യം പൊയ്പ്പോകും. മഹാനായ

ഏബ്രാഹാം ലിങ്കന്റെ ജീവിതത്തിലെ ഒരു സംഭവം താഴെപ്പറയുന്നു:-

ഒരു യുദ്ധത്തിൽ ഏബ്രഹാം ലിങ്കന്റെ സൈന്യം വിജയിച്ചു. ശത്രു സൈന്യത്തിൽപ്പെട്ടവരെ തടങ്കൽ പാളയത്തിൽ പാർപ്പിച്ചിരുന്നു. ഒരു ദിവസം ലിങ്കൺ ഈ തടവുകാരെ സന്ദർശിക്കുവാൻപോയി. അവരിൽ പലരുമായും ഹൃദ്യമായ രീതിയിൽ കുശലപ്രശ്നം നടത്തി. അതിനുശേഷം തന്റെ വസതിയിലേയ്ക്ക് തിരികെപ്പോയി. അവിടെ ചെന്നപ്പോൾ ഒരു സുഹൃത്ത് ലിങ്കനോട് ചോദിച്ചു. "പ്രഭോ അങ്ങ് ശത്രുക്കളുടെ പാളയത്തിലേയ്ക്ക് പോയതെന്തിനാണ്." "ശത്രുക്കളെ മിത്രങ്ങളാക്കാൻ" ഇതായിരുന്നു ലിങ്കന്റെ മറുപടി.

സ്നേഹനിർഭരമായ പെരുമാറ്റംകൊണ്ട് ശത്രുക്കളെ മിത്രങ്ങളാക്കിമാറ്റാൻ ഉത്തമരായ ആളുകൾക്ക് കഴിഞ്ഞെന്നുവരും. "സംസ്സർഗം കൊണ്ടാണ് ഗുണവും ദോഷവും ഭവിക്കുന്നത് എന്ന ഉപദേശവും ഇവിടെ സ്മരണീയമാണ്.

## 49. "ഗുണികൾ ഊഴിയിൽ നീണ്ടുവാഴാ"

കേരളത്തിലെ മഹാകവികളിൽ ഏറ്റം വലിയ ഒരു ചിന്തകനും തത്വോപദേശകനുമായിരുന്ന "കവിത്രയ" ത്തിൽപെടുന്ന കുമാരനാശാന്റെ "വീണപൂവ്" ചിന്തോദ്ദീപകമായ ഒരു ഹൃസ്വകാവ്യമാണ്. അതിലെ അർത്ഥസമ്പുഷ്ടമായ ഒരു വരിയുടെ ഭാഗമാണ് മുകളിൽ ഉദ്ധരിച്ച സുഭാഷിതം. ഗുണമുള്ളയാളും, ഗുണം ചെയ്യുന്നയാളും "ഗുണി" എന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്നു. ഈ ഗുണികൾക്ക് ഭൂമി (ഊഴി) യിൽ നീണ്ടവാഴ്ച (ജീവിതകാലഘട്ടം) ഇല്ലെന്ന് കവി, പ്രസ്താവിക്കുന്നു.

അഴക്, ശുദ്ധി, മൃദുത്വം, ആഭ (ശോഭ), സാരള്യം (നിഷ്കളങ്കത), ഇങ്ങനെയുള്ള ഗുണങ്ങളെല്ലാം ഉണ്ടായിരുന്ന പനിനീർപ്പൂവ് കുറച്ചുകാലം മാത്രം തണ്ടിൽ ഒരു രാജ്ഞിയെപോലെ ശോഭിച്ചശേഷം വീണ് മണ്ണടിയുവാൻ പോകുന്ന സാങ്കല്പികമായ കാഴ്ച കവിയെ വേദനിപ്പിക്കുന്നു. വിടർന്ന്, സൗന്ദര്യവും, സൗരഭ്യവും മറ്റുള്ളവർക്ക് പകർന്നുകൊടുത്ത ശേഷമാണ് ഇപ്രകാരമുള്ള പതനം സംഭവിക്കുന്നത്.

സുഗുണങ്ങൾക്കും സത്പ്രവൃത്തികൾക്കും ഉടമകളായ അനേകായിരം മനുഷ്യർ അകാലത്തിൽ (ഗുണം ചെയ്തുകൊണ്ടിരിക്കവെ തന്നെ) ചരമമടഞ്ഞിട്ടുണ്ട്. ഈ മഹാകവിയുടെ ജീവിതം തന്നെ ഇതിന് ഒരുദാഹരണമാണ്.

ശ്രീനാരായണ ഗുരുവിനോടൊത്ത് വസിച്ച് ആ ഗുരുവിൽ നിന്ന് അനേകം കാര്യങ്ങൾ പഠിച്ചശേഷം പല സ്ഥലത്തുനിന്നുകിട്ടിയ വിദ്യാഭ്യാസം വഴിയായി കൂടുതൽ പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്ത ആശാൻ അനേകവിഷയങ്ങൾ ആസ്പദമാക്കി വിശിഷ്ട ഗ്രന്ഥങ്ങൾ രചിച്ചു. സമുദായത്തിലെ അനാചാരങ്ങളും ദുരാചാരങ്ങളും നിശിതമായി വിമർശിക്കുകയും പല മാറ്റങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്തു. വലിയ ഗുണങ്ങളാണ് അദ്ദേഹം സമുദായത്തിന് ചെയ്തത്. സമുദായോദ്ധാരണത്തിനുവേണ്ടി അനവരതം യത്നിക്കുകയും ചെയ്ത ആശാൻ അകാലത്തിൽ ചരമമടയുകയാണുണ്ടായത്. അൻപത്തൊന്നാമത്തെ വയസ്സിൽ പല്ലനയാറ്റിൽവച്ചുണ്ടായ "റെഡിമർ" ബോട്ടപകടത്തിൽപ്പെട്ടാണ് ആ മരണം സംഭവിച്ചത്.

അനേകം വിശിഷ്ടഗുണങ്ങൾക്കിരിപ്പിടമായിരുന്ന ആശാൻ സമുദായത്തിന് ധാരാളം ഗുണങ്ങൾ ചെയ്യുകയും ചെയ്തു. ആ അകാലചരമത്തിന്റെ ഒരു പ്രവചനമായിരുന്നുപോലും "ഗുണികൾ ഊഴിയിൽ നീണ്ടുവാഴാ" എന്ന പ്രസ്താവന.

"അവനിവാഴ്വ് കിനാവുകഷ്ടം" എന്ന് വീണപൂവിൽതന്നെ വേറൊരിടത്ത് പ്രതിപാദിച്ചിരിക്കുന്നു. "കഷ്ടം മാനുഷഗർവൊക്കെ ഇവിടെ പുക്കസ്തമിക്കുന്നു, ഇവിടെമാണ് ആധ്യാത്മിക വിദ്യാലയം" എന്ന് പ്രരോദനത്തിൽ എ.ആറിന്റെ മരണത്തെക്കുറിച്ച് വിലപിക്കുന്നിടത്തും ആശാൻ മുൻകൂട്ടി തന്റെ മരണം ദർശിച്ചോയെന്ന് സംശയം തോന്നും. ഇങ്ങനെ മുൻകൂട്ടിയുള്ള ദർശനം മൂലം അറംപറ്റിയാണ് ആശാൻ മരിച്ചതെന്ന അഭിപ്രായത്തിന് എത്രത്തോളം കഴമ്പുണ്ടെന്നറിഞ്ഞുകൂടാ. ഏതായാലും ഒന്നേ പറയുവാനുള്ളൂ. "ഗുണികൾ ഊഴിയിൽ നീണ്ടുവാഴാ" എന്ന കവിവാക്യം കവിയെകുറിച്ച് ഏറ്റം അന്വർത്ഥമായിത്തീർന്നു.

ലോകത്തിലെ വലിയ ആചാര്യൻമാരും, മഹാൻമാരും അകാല

ത്തിൽ മരിക്കുകയോ, കൊല്ലപ്പെടുകയോ ചെയ്തിട്ടുണ്ട്. അവരുടെ ചുരുങ്ങിയ കാലഘട്ടത്തിലെ ജീവിതത്തിൽ ലോകത്തിന് ഏറ്റം വലിയ ഗുണം (നന്മ) ചെയ്ത ശേഷമാണ് അവർ ചരമമടഞ്ഞിട്ടുള്ളത്. ഏറ്റം മഹത്തായ ഉദാഹരണം ലോകരക്ഷകനായ യേശുക്രിസ്തു തന്നെയാണ്. അമേരിക്കയിലെ മാർട്ടിൻ ലൂഥർകിംഗ് എന്ന മഹാൻ തന്റെ കൂട്ടരായ കറുത്തവർഗ്ഗക്കാരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതി. മറ്റനേകം ഗുണങ്ങൾ അദ്ദേഹം സമുദായത്തിന് ചെയ്തു. അദ്ദേഹം ഒരു വെള്ളക്കാരന്റെ വെടിയേറ്റ് മരിച്ചു. മഹാത്മജിയുടെ കാര്യം ഏവർക്കുമറിയാം.

ഇങ്ങനെ നോക്കുമ്പോൾ "ഗുണികൾ ഊഴിയിൽ നീങ്ങുവാഴാ" എന്ന പ്രസ്താവന ഏറ്റം അർത്ഥവത്താണെന്നുകാണാം.

## 50. "ശവപ്പറമ്പിൽ എല്ലാവരും സമൻമാർ"

ഈ ലോകത്തിൽ എക്കാലത്തും മനുഷ്യർ തമ്മിൽ സമത്വത്തിനുവേണ്ടി മുറവിളികൂട്ടുകയും സമത്വം സ്ഥാപിക്കാനായി പലതരത്തിലുള്ള വിപ്ലവങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് ഉദാഹരണമായി പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ചുവിപ്ലവവും പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന റഷ്യൻ ബോൾഷേവിക്ക് കമ്മ്യൂണിസ്റ്റ് വിപ്ലവവും ചൂണ്ടികാണിക്കാനുണ്ട്. ഈ വിപ്ലങ്ങളിലെല്ലാം അതിഭയങ്കരമായ രക്തചൊരിച്ചിലും, എണ്ണിയാലൊടുങ്ങാത്ത മനുഷ്യക്കുരുതികളും നടന്നിട്ടുണ്ട്. എന്നാൽ യഥാർത്ഥ സമത്വം ഒരിക്കലും നടപ്പിൽ വന്നില്ലെന്നു വേണം പറയാൻ.

ഫ്രഞ്ചുവിപ്ലവത്തിൽ രാജകുടുംബത്തിലേയും, ഉയർന്ന മണ്ഡലങ്ങളിലുള്ള ആളുകളേയും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യത്തിന്റെ പേരിൽ "ഗില്ലറ്റിൻ" എന്ന തലവെട്ടുയന്ത്രം ഉപയോഗിച്ച് കൂട്ടക്കൊലയ്ക്ക് വിധേയരാക്കി. എന്നാൽ സമത്വം സ്ഥാപിക്കുവാൻ അവിടേയും കഴിഞ്ഞില്ല. സമത്വം സ്ഥാപിക്കുവാൻ ശ്രമിച്ചവർതന്നെ അധികാരസ്ഥാനത്തിനുവേണ്ടി പരസ്പരം മൽസരിച്ച് ഗില്ലറ്റിൻ യന്ത്രത്തിൽകൂടിതന്നെ മരണം വരിച്ചു. ഏതാനും വർഷം കഴിഞ്ഞ് നെപ്പോളിയൻ സ്വയം ചക്രവർത്തിയായി പ്രഖ്യാപിച്ച് മറ്റു

ള്ളവരെയെല്ലാം അടിച്ചമർത്തി. അങ്ങനെ അവിടെ സമത്വസ്ഥാപനം ഒരു സ്വപ്നമായി കലാശിച്ചു.

റഷ്യയിലെ ബോൾഷേവിക്ക് വിപ്ലവത്തിൽ സാർ (TSAR) ചക്രവർത്തിമാരേയും മറ്റനേക ലക്ഷങ്ങളേയും കൊന്നൊടുക്കിയശേഷമാണ് ലനിനും മറ്റും അധികാരത്തിൽ വന്നത്. അവിടെയും സാധാരണജനസഞ്ചയം സ്വപ്നം കണ്ടസമത്വം സ്ഥാപിക്കുവാൻ കഴിയാതെപോയി.

ഇന്നത്തെ ലോകത്തിലും സമത്വസ്ഥാപനത്തിനുവേണ്ടി വാതോരാതെ പ്രസംഗിക്കുകയും, തന്ത്രങ്ങളും ക്രൂരമാർഗ്ഗങ്ങളും പ്രയോഗിച്ച് അധികാരം പിടിച്ചെടുക്കുകയും ചെയ്യുന്നിടത്തെല്ലാം യാതൊരു സമത്വവും നാം കാണുന്നില്ല. അധികാരത്തിൽ കഴിയുന്നവരും അവരുടെ കൂട്ടരും ആവോളം സുഖമനുഭവിയ്ക്കുകയും സാധാരണജനങ്ങളെ ദു:ഖത്തിനും, ദുരിതത്തിനും വിധേയരാക്കുകയും ചെയ്യുന്നതാണ് നാം കാണുന്നത്. ഇതിന് ഉദാഹരണം തേടി അകലെ പോകേണ്ടതില്ല. നമ്മുടെ നാടുതന്നെ ഉത്തമ ഉദാഹരണമാണ്.

രാഷ്ട്രീയത്തെക്കുറിച്ച് പറയാൻ ഒരു ഉദ്ദേശവുമുണ്ടായിരുന്നില്ല. പ്രസംഗവശാൽ അല്പം പറഞ്ഞെന്നുമാത്രം. മനുഷ്യൻ ജീവിച്ചിരിക്കുന്നിടത്തോളം സമത്വം സ്ഥാപിക്കുക സാധ്യമല്ല. ഓരോ മനുഷ്യനും മറ്റൊരുമനുഷ്യനിൽനിന്ന് ഭിന്നനാണെന്നതാണ് കാരണം.

എന്നാൽ ഒരു സ്ഥലത്ത് മാത്രം എല്ലാവർക്കും സമൻമാരായിത്തീരാം. അതാണ് ശവപ്പറമ്പ്. ഇവിടെ ആരും സമത്വം സ്ഥാപിക്കുകയല്ല ചെയ്യുന്നത്. താനെ സമത്വം വന്നുചേരുകയാണ്. ഇന്നലെ രാജാവ്, ഇന്ന് ജഡം, നാളെ ശവക്കുഴി. ശവക്കുഴികളിൽ കഴിയുന്ന മുതലാളികളും തൊഴിലാളികളും സമൻമാരാണ്. ആ സമത്വത്തിനുവേണ്ടി ഒരു സമരവുമുണ്ടാകുന്നില്ല. ഈ ഗ്രന്ഥക്കാരൻ U.S.A യിലെ ആർലിംഗ്ടൺ (ARLINGTON) ശവപ്പറമ്പ് സന്ദർശിക്കുവാൻ ഇടയായി. അവിടെ അനേകമേക്കർ വിസ്താരമുള്ള ആ ശവപ്പറമ്പിൽ പ്രസിഡന്റ് ജോൺ കെന്നഡി മുതൽ അനേകം പ്രഗൽഭൻമാരുടേയും അനേകായിരം സാധാരണക്കാരുടേയും ശവക്കുഴികളുണ്ട്. എല്ലാവരും സമൻമാർ. ശവക്കുഴിയ്ക്കുള്ളിൽ മുകൻമാരായിരുന്നതിനാൽ കുടു

തൽ വലുപ്പം ആരും അവകാശപ്പെടുന്നില്ല. ഏത് സ്ഥലത്തുള്ള ശവപ്പറമ്പ് സന്ദർശിച്ചാലും ഈ അനുഭവം നമുക്കുണ്ടാകും.

പലയിടത്തും പലരുടേയും ശവക്കുഴിയ്ക്കു മുകളിൽ കല്ലറകളും എഴുത്തോടുകൂടിയ ശിലകളും കാണാറുണ്ട്. ഇങ്ങനെയുള്ള എഴുത്തിന് എപ്പിറ്റാപ്പ് (EPITAPH) എന്ന് പറയപ്പെടുന്നു. ഇതു സംബന്ധിച്ച് രസകരമായ ഒരു കഥയുണ്ട് ജീവിതകാലത്ത് യാതൊരു ഗുണവും ആർക്കും ചെയ്യാത്ത ഒരു ധനവാൻ മരണക്കിടക്കയിൽ ആസന്നമരണനായി കിടക്കുകയാണ്. അയാൾക്ക് അല്പം ബോധം ഉണ്ടായിരുന്നു. "അപ്പാ ഏത് എപ്പിറ്റാപ്പ് ആണ് വേണ്ടത്, അപ്പന് വല്ലതും പറയാനുണ്ടോ" മകൻ ചോദിച്ചു. പതിഞ്ഞ സ്വരത്തിൽ ആസന്നമരണൻ ഇപ്രകാരം മന്ത്രിച്ചു. "Here lies a fool" (ഇവിടെ ഒരു ഭോഷൻ ശയിക്കുന്നു) എന്നെഴുതുക.

ആ അന്ത്യനിമിഷത്തിലെങ്കിലും ആ മനുഷ്യന് കുറ്റബോധമുണ്ടായത് നന്നായി. നല്ല ജീവിതം നയിക്കാതെ ശവക്കുഴിയിലേയ്ക്ക് പോകുന്നവർ പലരും നിരാശരും കുറ്റബോധമുള്ളവരു ആയിരിക്കും.

ക്രിസ്തുനാഥൻ ഉറപ്പിച്ചു പഠിപ്പിച്ചതും ക്രിസ്ത്യാനികളിൽ പലകൂട്ടരും ഉറച്ചുവിശ്വസിക്കുന്നതുമായ ഒരു പരമസത്യമുണ്ട്. യേശുവിന്റെ വാക്കുകളിൽ തന്നെ ആ സത്യം ഉദ്ധരിച്ചുകൊണ്ട് ഈ സുഭാഷിതങ്ങൾ അവസാനിപ്പിക്കുന്നു. "കല്ലറകളിൽ ശയിക്കുന്നവരെല്ലാം വീണ്ടും ജീവൻ പ്രാപിക്കുന്ന ഒരു കാലഘട്ടം വരും അപ്പോൾ നൻമ പ്രവർത്തിച്ച് മരിച്ചവർ ജീവന്റെ ഉയിർപ്പിനും (ദൈവദർശനം ലഭിക്കുന്ന നിത്യസ്വർഗ്ഗസൗഭാഗ്യം) തിൻമ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനും (ദൈവദർശനം നഷ്ടപ്പെട്ട നിത്യനരകദു:ഖം) ആയിട്ടായിരിക്കും പുറത്തുവരുന്നത് ".

# അനുബന്ധങ്ങൾ

## I. റവ.ഫാ. ഡാനിയേൽ അയ്യനേത്ത് - മുൻ പ്രിൻസിപ്പൽ ഒരു ലഘു തൂലികാ ചിത്രം

**(വാചസ്പതി പ്രൊഫ : പി.സി. ദേവസ്യ-എം.എ.ഡി.ലിറ്റ്)**

സാഹിത്യത്തിലെന്നപോലെ പല കർമ്മരംഗങ്ങളിൽ, പ്രസിദ്ധി നേടിയവരാണ്, അയ്യനേത്ത് കുടുംബക്കാർ. പരേതനായ ഹെഡ്മാസ്റ്റർ ശ്രീ തോമസ് അയ്യനേത്ത്, സങ്കൽപ്പ ശക്തി കളിയാടുന്ന രണ്ടു മൂന്നു ഗ്രന്ഥങ്ങളുടെ രചയിതാവ് എന്ന നിലയിൽ അറിയപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ സഹോദരനായ ശ്രീ. പി. അയ്യനേത്ത് പ്രസിദ്ധനായ കഥാകൃത്തും, പ്രസാധന കലാകോവിദനുമത്രേ. തോമസ് സാറിന്റെ മറ്റൊരു സഹോദരനാണ് ഈ തുലികാ ചിത്രത്തിന് വിഷയിഭൂതനായ വൈദികോത്തംസം, ഡാനിയേൽ അയ്യനേത്ത്.

ഈ സഹോദരന്മാരിൽ ഒരുവനല്ലെങ്കിലും അവരുടെ കുടുംബാംഗമായ ഒരു കലാവിശാരദനുണ്ട്- ഫാ: ഒ. അയ്യനേത്ത്. സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും സമുന്നത പദവിയിലെത്തിയ മഹൽ വ്യക്തിയാണ്. ഇപ്പോൾ വിശ്രമജീവിതത്തിലും അവിശ്രാന്തനായി, സാഹിത്യകലാനിരതനായി കഴിയുന്നു.

ഫാദർ ഡാനിയേൽ തിരുവനന്തപുരം മൈനർ സെമിനാരിയിലും, ശ്രീലങ്കയിലെ കാൻഡിയിലുണ്ടായിരുന്ന പേപ്പൽ സെമിനാരിയിലും പത്തു വർഷത്തെ പഠനം നടത്തിയ ശേഷം കാൻഡിയിൽ വച്ചു തന്നെയാണ് വൈദികപട്ടം സ്വീകരിച്ചത്.

തിരിച്ചെത്തിയശേഷം താൻ പഠിച്ച മൈനർ സെമിനാരിയിൽതന്നെ വൈസ് റെക്ടറായും (Vice-Rector) സുറിയാനി, ലത്തീൻ എന്നീ ഭാഷകളിൽ പ്രൊഫസ്സറായും, മൂന്നുവർഷം സേവനം അനുഷ്ഠിച്ചു.

അതിനുശേഷം യൂണിവേഴ്സിറ്റി കോളേജിൽ ചേർന്ന് മലയാളത്തിൽ എം.എ. ബിരുദം നേടി. ബിരുദ ലബ്ധിക്കുശേഷം മാർ ഈവാനിയോസ് കോളേജിൽ ലക്ചറർ, ഹോസ്റ്റൽ വാർഡൻ, എന്നീ നിലകളിലുള്ള സേവനം ആരംഭിച്ചു.

ഈ അവസരത്തിലാണ് ആ കോളേജിലെ മലയാള വിഭാഗം അധ്യക്ഷനായി ഈ ലേഖകൻ ചെന്നു ചേരുന്നത്. ഡാനിയേൽ അച്ചനെ

ക്കൂടാതെ ശ്രീ.എൻ.കെ. ജോൺ, ശ്രീ.കെ.വി. ചാക്കോ എന്ന രണ്ടു പേർകൂടി ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്നു. ഈ രണ്ടുപേരും ദിവംഗതരായി. ഇവരിൽ ശ്രീ.എൻ.കെ.ജോൺ ഒരു കവികൂടിയായിരുന്നു. സുവിശേഷഭാഗങ്ങൾ അടിസ്ഥാനമാക്കി "സ്നേഹഗീത" എന്ന പേരിൽ അദ്ദേഹം രചിച്ച കാവ്യസമാഹാരത്തിന് ഞാൻ ഒരു മംഗള ശ്ലോകം എഴുതുക്കൊടുക്കുകയുണ്ടായി. ശുദ്ധഹൃദയനായ ആ സുഹൃത്തിനെ സ്മരിക്കാൻ കൂടി ഈ അവസരം വിനിയോഗിക്കുന്നു.

അന്യോന്യം നല്ല സമ്പർക്കം പുലർത്തിയുള്ള ആ കോളേജ് ജീവിതം അങ്ങനെ കടന്നുപോയി. ഇടയ്ക്കു വച്ച് ഫാ. അയ്യനേത്ത്, പുതുതായി സ്ഥാപിക്കപ്പെട്ട അഞ്ചൽ സെന്റ് ജോൺസ് കോളേജിലേക്ക് സ്ഥലം മാറിപ്പോയി. അവിടെ അദ്ദേഹം ലക്ചറർ, പ്രൊഫസ്സർ, പ്രിൻസിപ്പൽ എന്നീ നിലയിൽ 18 വർഷം സേവനം അനുഷ്ഠിച്ചശേഷം കോളേജിൽനിന്ന് വിരമിച്ച്, അടുത്തുള്ള സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ആത്മീയ ശുശ്രൂഷ നടത്തി വിശ്രമജീവിതം നയിക്കുന്നു.

ഒന്നു രണ്ടു വർഷങ്ങൾക്കുമുൻപ് ഫാ. ഡാനിയേൽ, ഇസ്രായേൽനാട് സന്ദർശിക്കാൻ പോകുന്നതിനുമുമ്പ് എന്റെ അടുത്ത് വരികയുണ്ടായി. ഇസ്രായേൽ നാടിനെ സംബന്ധിക്കുന്ന ഏതെങ്കിലും ഗൈഡോ മറ്റു പുസ്തകമോ എന്റെവശം ഉണ്ടോ എന്ന് തിരക്കി. ഡോ. ജോർജ്ജ് ഓണക്കൂർ രചിച്ച "ഒലിവു മരങ്ങളുടെ നാട്ടിൽ" എന്ന ഗ്രന്ഥം തപ്പിയെടുത്തു കൊടുത്തു. അത് അദ്ദേഹത്തിന് ഉപകരിച്ചതായും പിന്നീട് അറിഞ്ഞു. ഈ ഡോ. ഓണക്കൂറും മാർ ഈവാനിയോസ് കോളേജിൽ മലയാളം ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിച്ച ആളാണെന്നുള്ളതും പ്രസ്താവ്യമത്രേ.

ഫാ. ഡാനിയേൽ അയ്യനേത്ത് ഒരു നല്ല സഹൃദയനും സാഹിത്യകാരനും കൂടിയാണ്. അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടില്ലെങ്കിലും "അൻപത് സുവർണ്ണ സുഭാഷിതങ്ങൾ" എന്ന പ്രയോജനപ്രദമായ ഒരു ഗ്രന്ഥം അച്ചടിയിലാണ്. "വ്യാകുലമാതാവ്, "മാനസ്സാന്തരത്തിലെ അതികായൻമാർ" എന്നീ ഗ്രന്ഥങ്ങളും അച്ചടിക്ക് തയ്യാറായി വരുന്നു. കൂടാതെ പലപ്പോഴായി പല മാസികകളിൽ വിവിധ വിഷയങ്ങൾ അടിസ്ഥാനമാക്കി ഈടുറ്റ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആരോടും കോപിക്കാത്ത, എല്ലാവരോടും മമത പുലർത്തുന്ന സ്നേഹ

സമ്പന്നനും വിനയന്വിതനുമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് ഫാ. ഡാനിയേൽ അയ്യനേത്ത്. ഹൃദയാലുവും ദാനശീലനുമായ ഈ ആത്മ സുഹൃത്തിന് വയോധികനായ ഈ സ്നേഹിതൻ എല്ലാ ആശംസകളും, ഈശ്വരാനുഗ്രവും നേർന്നുകൊണ്ട് ഈ ലഘുതൂലികാ ചിത്രം അവസാനിപ്പിക്കുന്നു.

## II. ആ ഗ്രാമീണ പുരോഹിതൻ

ഒരു സുപ്രസിദ്ധ ഇംഗ്ലീഷ് കവിയായിരുന്ന ഒലിവർ ഗോൾഡ്സ്മിത്ത് (A.D. 1728–1774) അനേകം കാവ്യങ്ങളും ചില നോവലുകളും രചിച്ചിട്ടുണ്ട്. ഇവയിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് "The Vicar of Wakefield" എന്ന നോവൽ.

അദ്ദേഹത്തിന്റെ ഏറ്റം മഹത്തായ നീണ്ട കവിതയാണ് "The Deserted Village" ('ഉപേക്ഷിക്കപ്പെട്ട ഗ്രാമം'). ഇക്കവിതയിൽ, കവി ഒരു ഗ്രാമത്തിന്റെ പൂർവ്വകാലചരിത്രം ഭംഗിയായും തികഞ്ഞ ഭാവനാവിലാസത്തോടും വർണ്ണിക്കുന്നു. ഔബേൺ (Auburn) എന്ന ഗ്രാമത്തിലെ ജനങ്ങൾ നഗരജീവിതത്തിലെ മോടിയിൽ ഭ്രമിച്ച് പട്ടണത്തിലേയ്ക്ക് കുടിമാറിപ്പോയി. ആ ഗ്രാമം പുർണ്ണമായും ഉപേക്ഷിക്കപ്പെട്ടു. ആ ഗ്രാമത്തിലെ അന്നത്തെ അവസ്ഥയുമായി ബന്ധമുണ്ടായിരുന്ന കവി, ഉപേക്ഷിക്കപ്പെട്ട ഗ്രാമത്തിൽ ഇരുപതുവർഷം കഴിഞ്ഞ് കാണുന്ന കാഴ്ചകളാണ് ഭാവനയോടെ ചിത്രീകരിക്കുന്നത്.

ഈ വർണ്ണനയിൽ രണ്ടു വാങ്മയ ചിത്രങ്ങളുണ്ട്. ഒന്ന് ഗ്രാമത്തിലെ പുരോഹിതന്റേതും (Village pastor) മറ്റേത് ഗ്രാമത്തിലെ സ്കൂൾ മാസ്റ്ററിന്റേതുമാണ് ആ ആദ്യ വാങ്മയത്തിന്റെ സ്വതന്ത്ര ഗദ്യ പരിഭാഷയാണ് താഴെച്ചേർക്കുന്നത്.

അതാ! ആ കുറ്റിക്കാടിന് അധികം അകലെയല്ലാതെ
അന്നൊരിക്കൽ ഒരുദ്യാനം പുഞ്ചിരിച്ച് നിൽക്കുന്നുണ്ടായിരുന്നു.
ഇപ്പോഴും അവിടെ പണ്ടത്തെ ഉദ്യാനച്ചെടികളിൽ
ചിലത് കാട്ടുചെടികളായി പുഷ്പിച്ചു കാണുന്നു.
ആ കുറ്റിച്ചെടികളുടെ വിടവിൽക്കൂടി
പുരോഹിതന്റെ എളിയ ഭവനം ദൃശ്യമാണ്.
അദ്ദേഹം നാടിന് പ്രിയപ്പെട്ടവൻ; ഒരു യഥാർത്ഥ മനുഷ്യൻ
ആണ്ടുവട്ടത്തിലെ നാൽപതു പൗണ്ട്

അദ്ദേഹത്തെ സമ്പന്നനാക്കിപോലും !
നഗരത്തിൽ നിന്നകന്ന്, തന്റെ അജഗണത്തെ
    അദ്ദേഹം പരിപാലിച്ചു.
ആ സ്ഥലം വിട്ട് ഒരിക്കലും പോയില്ല.
    പോകാനാഗ്രഹിച്ചുമില്ല.
മണിക്കൂറുകൾ തോറും മാറിവരുന്ന ആശയങ്ങളോട്
    അദ്ദേഹം പൊരുത്തപ്പെട്ടില്ല.
അതിനേക്കാൾ ഉയർന്ന ലക്ഷ്യങ്ങൾ വിലമതിക്കാൻ
    അദ്ദേഹത്തിന്റെ ഹൃദയം പഠിച്ചിരുന്നു.
അവശരെ ഉയർത്തുന്നതിന്, തന്നത്താൻ ഉയരുന്നതിനെക്കാൾ
    പ്രാധാന്യം നൽകി
    (To raise the wretched, than to rise)
അലഞ്ഞു തിരിയുന്നവർക്കെല്ലാം
    അദ്ദേഹത്തിന്റെ ഭവനം ആതിഥ്യംനൽകി
അവരുടെ അലച്ചിലിനേക്കുറിച്ച് പരിഹാസപൂർവ്വം ശാസിച്ചു
    എങ്കിലും അവരുടെ വേദന ശമിപ്പിച്ചു.
നരച്ച രോമങ്ങളോടുകൂടിയ നെഞ്ചിലേക്ക് ഒഴുകിവീണ
    താടിമീശയോടുകൂടിയ ഒരു യാചകൻ,
അദ്ദേഹത്തിന്റെ സ്ഥിരം അതിഥിയായിരുന്നു.
ധൂർത്തടിച്ച് സ്വത്തെല്ലാം നശിച്ചതിനാൽ അഹങ്കാരം ശമിച്ച ഒരാൾ
    ആ ഭവനവുമായി ബന്ധം പുലർത്തി;
    അത് അംഗീകരിക്കപ്പെടുകയും ചെയ്തു.
യുദ്ധത്തിൽ മുറിവേറ്റ് കാലു നഷ്ടപ്പെട്ട ഒരു സൈനികനെ
ക്ഷണിച്ചുവരുത്തികൂടെ താമസിപ്പിച്ചു
ഇരുവരും തീകാഞ്ഞുകൊണ്ട് രാത്രിമുഴുവനും സംഭാഷണത്തിൽ കഴിച്ചു
    മുറിവുകളെക്കുറിച്ച് ഇരുവരും വിലപിച്ചു
    അനുഭവിച്ച ക്ലേശങ്ങൾ സൈനികൻ വിവരിച്ചു.
ഊന്നുവടിയിൽ നിന്നുകൊണ്ട് താൻ എപ്രകാരം
വയലുകൾ താണ്ടിയെന്നു കാണിച്ചുകൊടുത്തു.
അതിഥികളെ ഇഷ്ടപ്പെട്ട ആ നല്ല പുരോഹിതൻ
    തന്റെ പ്രവൃത്തിയിൽ സന്തോഷിച്ചു
ആതുരരെ ആശ്വസിപ്പിക്കുന്നത്
    ഒരഭിമാനമായി അദ്ദേഹം കരുതി
അവരുടെ കുറവുകളെക്കാൾ ഗുണങ്ങളാണ്
    കൂടുതൽ പരിഗണിച്ചത്

ആര്, എപ്പോൾ വിളിച്ചാലും ചെല്ലുന്ന
കൃത്യനിഷ്ഠ നിഷ്കർഷമായി പാലിച്ചു
സകലരുടേയും ക്ലേശങ്ങളെക്കുറിച്ച് ചിന്തിച്ച്
വിതുമ്പികരയുമായിരുന്നു
ആസന്നമരണന്റെ കിടക്കയ്ക്കരികിൽ
ആ ബഹുമാന്യ വീരപുരുഷൻ നിലയുറപ്പിച്ചു
കിടക്കുന്ന ആളിൽ കുറ്റബോധത്തിന്റെയും വേദനയുടേയും
വികാരങ്ങൾ മാറിമാറിവരുന്നതുകണ്ട് അത്ഭുതപ്പെട്ടു.
അദ്ദേഹത്തിന്റെ സാന്നദ്ധ്യത്തിൽ മരണത്തോട് മല്ലടിക്കുന്നവന്റെ
നിരാശയും വേദനയും ഓടിയകന്നു
പിടയുന്ന ആത്മാവിന് ആശ്വാസം ലഭിച്ചു.
അവന്റെ അവസാനത്തെ ഗദ്ഗദം "സ്തുതിപ്പാ" യിരുന്നു
ദേവാലയത്തിൽ ആയിരിക്കുമ്പോൾ
വരപ്രസാദത്തിന്റെയും ശാന്തിയുടെയും ഉടമയായി കാണപ്പെട്ടു
അദ്ദേഹത്തിന്റെ നോട്ടം പോലും ആ വിശുദ്ധ സ്ഥലത്തിന് ഭൂഷണമായിരുന്നു
അധരങ്ങളിൽ നിന്ന് ഉതിർന്നു വീണ സത്യവചനങ്ങൾ
ഇരട്ട സ്വാധീന ശക്തിയുള്ളവയായിരുന്നു
അദ്ദേഹത്തെ പരിഹസിക്കാൻ വന്ന ഭോഷന്മാർ
ആ വാക്കുകൾ കേട്ട് പ്രാർത്ഥിക്കാനായി മുട്ടുകുത്തി
ദേവാലയ ശുശ്രൂഷ കഴിഞ്ഞ് പുറത്തു വരുമ്പോൾ
ആ അസംസ്കൃത ജനക്കൂട്ടത്തിൽനിന്ന് ഒരോരുത്തരായി
അദ്ദേഹത്തിന്റടുത്ത് എത്തുമായിരുന്നു.
സ്നേഹപൂർവ്വം കുസൃതി കാട്ടാൻ കുട്ടികളും ചെല്ലും.
ഹൃദ്യമായ പുഞ്ചിരികാണാൻ പുറങ്കുപ്പായത്തിൽ അവർ അള്ളിപ്പിടിക്കും
നിഷ്കളങ്കമായ പുഞ്ചിരിയിൽ ഒരു പിതൃഹൃദയസ്നേഹത്തിന്റെ ഊഷ്മളത
ഓളം വെട്ടിയിരുന്നു.
എല്ലാവരുടേയും നന്മയിൽ സന്തോഷിച്ചു, യാതനകളിൽ ദുഃഖിച്ചു
അവരുമായി തന്റെ ഹൃദയവും സ്നേഹവും ദുഃഖവും പങ്കുവെച്ചു.
എങ്കിലും ഇതിന്റെയൊക്കെയിടയിൽ തന്റെ ഗൗരവമേറിയ ചിന്തകൾ
സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തിയിരുന്നു.
ഒരു ഉത്തംഗ ഗിരി ശൃംഗത്തിന്റെ താഴ്വരയിലടിക്കുന്ന കാറ്റ്
മധ്യം വരെ എത്തിയാലും, ശിരസ്സ് നിശ്ചലമായി നിൽക്കുന്നതുപോലെ
ആ ശൃംഗത്തിന്റെ മദ്ധ്യഭാഗം മേഘാവൃതമായിരുന്നെങ്കിലും
നിത്യതേജസ്സ് ശിരസ്സിൽ പ്രശോഭിച്ചിരുന്നു.

## III. സൂര്യനും സ്നേഹവും (കവിത)

രാവിന്നു കണ്ണുകളൊരായിരം താൻ[1]
പകലിന്നു നേത്രമൊന്നുമാത്രം.[2]
പ്രശോഭിത ലോകം ഇരുണ്ടുമങ്ങി
സൂര്യൻ മറഞ്ഞങ്ങു മരിച്ചനേരം
മനസ്സിന്നു കണ്ണുകളൊരായിരം താൻ[3]
ഹൃത്തിനു നയനം ഒന്നുമാത്രം[4]
ജീവിതവെളിച്ചം ആകമാനം
സ്നേഹം നീങ്ങിയാലിരുണ്ടുപോകും.

[1] നക്ഷത്രങ്ങൾ
[2] സൂര്യൻ
[3] ചിന്തകൾ
[4] സ്നേഹം

*N.B: ഒരു ഇംഗ്ലീഷ് കവിതയുടെ ആശയത്തോട് കടപ്പാട്.*

## IV. ജീവിതം സുഖദു:ഖ സമ്മിശ്രം (കവിത)

ആത്മാവിൻ ദിവ്യവസ്ത്രത്തിങ്കൽ
സന്താപ സന്തോഷങ്ങളൂടും പാവും [1]
ഓരോ ദു:ഖത്തിന്നടിയിലായി
സന്തോഷ പട്ടുനൂൽ ചേർന്നിരിക്കും.
ഇക്കാര്യങ്ങളോർത്തു കൊണ്ടാൽ
ലോകത്തിൽ, ജീവിതം സുഗമമാക്കാം.

[1] ഊട് = കുറകെയുള്ള ഇഴ
പാവ് = നീളെയുള്ള ഇഴ

*N.B: ഒരു ഇംഗ്ലീഷ് കവിതയുടെ ആശയത്തോട് കടപ്പാട്.*

## V. പ്രശസ്തി (ഗദ്യകവിത)

പ്രശസ്തി, ശവങ്ങളുടെ ഭക്ഷണം
എനിക്കീഭക്ഷണം ഇഷ്ടമല്ല
വീതികുറഞ്ഞ ഇരുളടഞ്ഞ
ചെറിയ അറയ്ക്കുള്ളിൽ, ആ മൂകസ്ഥലത്ത്,
അവർ ഭക്ഷിക്കുന്നു, അവരെ സന്തോഷിപ്പിക്കാൻ,
പ്രിയങ്കരമായ വാക്കു പറയാൻ
സ്നേഹിക്കുന്ന ആരുമില്ല.

സ്നേഹം, സൗഹൃദം നല്ലതാണ്.
അവയെക്കുറിച്ച് പാടുന്നതും നല്ലതാണ്.
ഒരാൾ മരിച്ചു കഴിഞ്ഞാൽ
സ്നേഹിക്കുന്നവരുടെ ഓർമ്മയിൽമാത്രം ജീവിക്കും.
യഥാർത്ഥ സ്നേഹിതൻ, മരിച്ചവരുടെ
ഗുണങ്ങൾ മാത്രമേ ഓർക്കുകയുള്ളൂ.
ദോഷങ്ങൾ മറക്കുകയും ചെയ്യും.

*N.B: ഒരു ഇംഗ്ലീഷ് കവിതയുടെ ആശയത്തോട് കടപ്പാട്.*

## VI. വൃദ്ധ (ഗദ്യകവിത)

വൃദ്ധയുടെ മുഖ സൗന്ദര്യം
എരിഞ്ഞടങ്ങിയ മെഴുകുതിരിപോലെ
ജീവിതയാത്ര അവസാനിപ്പിക്കാറായ സ്ത്രീ
വർഷകാലത്തിലെ സായം സൂര്യന് തുല്ല്യം.
അലട്ടുന്ന ചിന്തകൾ ദുരെപ്പോയി
ഇപ്പോൾ മനസ്സ്, നിശ്ചല ജലാശയം പോലെ

*N.B: ഒരു ഇംഗ്ലീഷ് കവിതയുടെ ആശയത്തോട് കടപ്പാട്.*

## VII. മഹത്വം ആർക്ക്? (ഗദ്യകവിത)

ആരോ, അഹങ്കാര വിദ്വേഷങ്ങൾ കീഴടക്കുന്നു.
ആരോ, ഇന്ദ്രിയങ്ങളെ പ്രലോഭിപ്പിക്കുന്ന
സുഖഭോഗങ്ങൾ പരിത്യജിക്കുന്നു.
ആരോ, വിശുദ്ധ തപശ്ചര്യ പുൽകുന്നു.
ആരോ, പരിഹസിക്കുന്നവരുടെ നേരെ മൗനം ദീക്ഷിക്കുന്നു.
ആരോ, ദ്രോഹിക്കുന്നവരെ തിരിച്ചു ദ്രോഹിക്കാതിരിക്കുന്നു,
ആരോ, അന്ത്യംവരെ സത്യം വദിക്കുന്നു.
ആരോ, സമൃദ്ധമായി ദാനം നൽകുന്നു.
ആരോ, സകലരോടും സൗഹൃദം പുലർത്തുന്നു,
ആരോ, ആസന്നമരണമോർത്ത് ഭീരുവാകാതിരിക്കുന്നു.
ആരോ, അന്യർക്ക് വഴികാട്ടിയാകുന്നു ദീപസ്തംബമായി ശോഭിക്കുന്നു.
ആരോ, ഈശ്വരനെ സ്നേഹിക്കുന്നു; നിയമങ്ങൾ പാലിക്കുന്നു
ആരോ, ജോലിയും പ്രാർത്ഥനയും താൽപര്യത്തോടെ നടത്തുന്നു
ആരോ, സത്യം സൗഹൃദം, ശുദ്ധി എന്നിവ പുലർത്തുന്നു,
ആ ധന്യന്, ശ്രേഷ്ഠ മഹത്വം നൽകണം.

*N.B:-ഒരു ഇംഗ്ളീഷ് കവിതയുടെ ആശയത്തോട് കടപ്പാട്.*

## VIII. വനവാസ സൗഖ്യം (ഹ്യസ്വകവിത)

പച്ചില മരത്തിൻകീഴിൽ
ഇച്ഛയ്ക്കൊത്തു വിശ്രമിക്കാൻ
കൊച്ച് കിളികൊഞ്ചലൊപ്പം
സച്ഛന്ദം ഗാനമുതിർക്കാൻ
വരൂ സഖേ; വരൂ സഖേ
വരൂ തുഷ്ടി നേടാനിഹ
ശത്രുതയില്ലിവിടൊട്ടും
കോടക്കാറ്റും ദുഷ്കാലവും എന്യേ.
തൃഷ്ണകൾ വെടിയുന്നോനും
വെയിൽ വാസം കാംക്ഷിപ്പോനും
തേടും ഭക്ഷ്യം ആശിപ്പോനും.
ലബ്ധ്യത്തിൽ സംതൃപ്തൻ താനും
വരൂ സഖേ; വരൂ സഖേ
തുഷ്ടി നേടാനിഹ
ശത്രുതയില്ലിവിടൊട്ടും
കോടക്കാറ്റും ദുഷ്ക്കാലവും എന്യേ

*(ഷെയ്ക്സ്പിയർ മഹാകവിയുടെ ഒരു ശുഭാന്ത നാടകമായ "As you like it' എന്നതിലുള്ള ഗാനാത്മകമായ കവിതയുടെ സ്വതന്ത്ര പരിഭാഷ)*

# വിവാഹപ്രശ്നം

## (ഒരു ഹാസ്യപ്രഹസനം)

*(സുപ്രസിദ്ധ ഫ്രഞ്ചുനാടകകൃത്തായ മൊളിയേറുടെ (Moliere) "Getting Married" എന്ന "One act play" (ഏകാങ്കനാടകം) അടിസ്ഥാന മാക്കി രചിച്ചത്.*

(കർട്ടൻ ഉയരുമ്പോൾ വില്യവും ജോൺസണും എന്ന വൃദ്ധന്മാർ അഭിമുഖമായി നടന്നടുക്കുന്നു. വില്ല്യത്തിന്റെ കൈയിൽ ഊന്നുവടി യുണ്ട്. അടുത്തുവന്നെത്തിയ ജോൺസണോട്)

വില്ല്യം– അല്ല, തേടിയവള്ളി കാലിൽ ചുറ്റി. ഞാൻ നിന്റെ വീട്ടി ലേയ്ക്ക് നിന്നെ കാണാൻ ഇറങ്ങിയതാ. കടക്കാരാരെ ങ്കിലും വരികയാണെങ്കിൽ, ഞാൻ രണ്ടുദിവസം കഴിഞ്ഞേ വരികയുള്ളെന്നും, പണം ഇങ്ങോട്ട് തരാൻ ആരെങ്കിലും വരികയാണെങ്കിൽ രണ്ടുമിനിറ്റ് കഴിഞ്ഞ് തിരിച്ചുവരു മെന്നും പറയണമെന്ന് വേലക്കാരനെ ചട്ടം കെട്ടിയിട്ടാണ് ഇറങ്ങിയത്.

ജോൺ– എന്താ ചേട്ടാ വിശേഷം? അസുഖമൊന്നുമില്ലല്ലോ.

വില്ല്യം– ആർക്കാ, എനിക്കോ? നല്ല കാര്യം. എനിക്ക് ചെറുപ്പക്കാ രെക്കാൾ ആരോഗ്യമില്ലേ. അതുകൊണ്ടല്ലേ ഞാൻ ഒരു പ്രധാനകാര്യം തീരുമാനിച്ചിരിക്കുന്നത്. നിന്റെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ജോൺ– എന്റെയോ? അപ്പോൾ എന്നെ വലിയ മതിപ്പാണല്ലോ ചേട്ടന്. ആകട്ടെ, എന്താ ഈ അതിപ്രധാനകാര്യം.

വില്ല്യം– നീ മുഖസ്തുതി പറയരുത്. സത്യം വെട്ടിത്തുറന്ന് പറ ഞ്ഞേക്കണം.

ജോൺ– ചേട്ടന്റെ ആഗ്രഹമല്ലേ. സത്യമല്ലാതെ മറ്റൊന്നും പറയു കയില്ലെന്ന് ശപഥം ചെയ്യുന്നു. ഇത് സത്യം, സത്യം, സത്യം.

വില്ല്യം– നിനക്കറിയാമോ ഞാൻ ഏറ്റം കൂടുതൽ വെറുക്കുന്നതാ രെയാണെന്ന്.

ജോൺ– ഭാര്യയെയായിരിക്കും.

വില്ല്യം– ആയിരുന്നു. അവൾ ഒരു വർഷം മുമ്പ് മരിച്ചുപോയ കാര്യം നീ മറന്നുപോയോ. ഇപ്പോൾ ഞാൻ ഏറ്റം വെറുക്കുന്നത്, സത്യം തുറുന്നുപറയാത്ത സുഹൃത്തിനെയാണ്.

ജോൺ– ഞാൻ ശപഥം ചെയ്തല്ലോ. ഇനി എന്നെ വെറുക്കുമോ?

വില്ല്യം– ഇല്ല, എങ്കിലും പറയുന്നെന്നേയുള്ളൂ. ലോകം തിന്മയിൽ നിന്ന് തിന്മയിലേക്ക് കുതിക്കുന്ന കാലം. ഒരുത്തനും ആത്മാർത്ഥത തൊട്ടുതേച്ചിട്ടില്ല. അതുകൊണ്ട് പറഞ്ഞുപോയതാണ്.

ജോൺ– അക്കൂട്ടത്തിൽ നമ്മളും പെടുമോ?

വില്ല്യം– നിന്നെ എനിക്ക് വിശ്വാസമാണ്. അതുകൊണ്ട് കാര്യം പറയാം. ഞാൻ ഉടനെ വിവാഹം കഴിക്കാൻ പോകുന്നു.

ജോൺ– (ആശ്ചര്യപ്പെട്ട്) എന്ത്? ചേട്ടനോ?

വില്ല്യം– അതെ. ഞാൻ തന്നെ. വധു ചെറുപ്പക്കാരിയും സുന്ദരിയുമാണ്. കണ്ടാൽ വലിയ പ്രായവ്യത്യാസം തോന്നുകയില്ല.

ജോൺ– ചേട്ടന്റെ പ്രായം

വില്ല്യം– എനിക്ക് അറുപത്തിരണ്ട് വയസ്സായി. അതിലെന്തിരിക്കുന്നു. പ്രായം ഒരു പ്രശ്നമല്ലെന്നേ. അവൾക്ക് പതിനേഴു വയസ്സുണ്ട്.

ജോൺ– തുറന്നുപറഞ്ഞാൽ ഈ അറുപത്തിരണ്ടാം വയസ്സിൽ ചേട്ടന് വിവാഹം നല്ലതല്ല. ചെറുപ്പക്കാർതന്നെ വിവാഹം കഴിക്കുന്നതിനെക്കുറിച്ച് പലവട്ടം ചിന്തിക്കേണ്ടതാണ്. വിവാഹം ഒരു ഭോഷത്വമാണ്. ഇത്രയും പ്രായമായ ചേട്ടനെങ്കിലും അത് ഗ്രഹിക്കേണ്ടതല്ലേ. ഈ വൈവാഹിക ആശയം എത്രയും പെട്ടെന്ന് ഉപേക്ഷിക്കുന്നതാണ് ഭേദം. ഇപ്പോൾ വിവാഹിതനായാൽ ചേട്ടൻ ഒരു അസ്സൽ വിഡ്ഢിയാണെന്നുവരും.

വില്ല്യം– നീ അസംബന്ധം പുലമ്പുകയാണ്. നീ പറയുന്നത് സത്യമേയല്ല. ഞാൻ നിന്റെ അഭിപ്രായം മാനിക്കുന്നില്ല. തിരുമാനിച്ചുകഴിഞ്ഞു. ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്. ഇന്നു വൈകിട്ട് വിവാഹകർമ്മം നടക്കും.

ജോൺ– കൊള്ളാം, അങ്ങനെയാണോ.

വില്ല്യം– അതെ. അവൾക്കും അവളുടെ അപ്പനും സഹോദരനും സമ്മതമാണ്. എനിക്ക് അവളോട് ഹൃദയം നിറഞ്ഞ സ്നേഹമുണ്ട്.

ജോൺ– അത്രയും സ്നേഹം വേണോ.

വില്ല്യം– തീർച്ചയായും, വിവാഹം കഴിക്കാത്തത് ഭോഷത്തമായി ഞാൻ വിചാരിക്കുന്നു. എന്നെക്കാൾ ഉന്മേഷവും ഊർജ്ജസ്വലതയും ഉള്ള ഏതെങ്കിലും ഒരു ഇരുപത്തഞ്ചുകാരനെ കാണിക്കാമോ? ദിവസം നാലുനേരം കുശാലായി ഞാൻ ഭക്ഷിക്കുന്നു. രാത്രിയിൽ എട്ടുമണിക്കൂർ ഉറങ്ങും.

ജോൺ– അങ്ങനെയെങ്കിൽ ചേട്ടൻ വിവാഹത്തിന് യോഗ്യനാണ്. ചിന്തിക്കാതെ ഞാൻ അഭിപ്രായം പറഞ്ഞുപോയി ക്ഷമിക്കണം.

വില്ല്യം– കൊള്ളാം. ബുദ്ധിപൂർവ്വമായ അഭിപ്രായത്തിന് നന്ദി.

ജോൺ– ആരാണീ അനുഗൃഹീത വധു.

വില്ല്യം– അവളുടെ പേര് "ജോയ് ഫുൾ" ("Joyful") എന്നാണ്. ഇവിടെ അടുത്തുള്ള ഒരു നല്ല കുടുംബത്തിൽപ്പെട്ടവൾ.

ജോൺ– ഓ! അപ്പോൾ അവൾ വെറും ഫുൾ അല്ല. അല്ലേ?

വില്ല്യം– താനെന്ത് തോന്നിവാസമാ ഈ പറയുന്നെ. എന്റെ പദ്ധതി താൻ അംഗീകരിക്കുന്നില്ലേ.

ജോൺ– നിശ്ചയമായും. രണ്ടു ഫൂളുകൾ തമ്മിൽ ഒരുമിക്കട്ടെ; കല്ല്യാണം മംഗളമായി നടക്കട്ടെ.

വില്ല്യം– താൻ വരണം.

ജോൺ– ഓ; ഈ കല്ല്യാണത്തിന് വരാതിരിക്കാൻ പറ്റുമോ. പത്തുമൈൽ നടന്നായിരുന്നാലും വരാതിരിക്കുകയില്ല. മുതുക്കന്റെയും മുതുക്കിയുടേയും കല്ല്യാണമല്ലല്ലോ. ആകട്ടെ; ഞാൻ പോയി വരാം. (അടക്കിചിരിച്ചുകൊണ്ടുപോകുന്നു).

വില്ല്യം– (ആത്മഗതം) കൊള്ളാം; കൊള്ളാം. അവൻ എന്റെ ആശയത്തോട് യോജിച്ചു. അപ്പോൾ ഞാൻ ചെയ്യുന്നത് ശരി തന്നെ. എന്റെ ഭാഗ്യം. (പുറത്തേയ്ക്ക് നോക്കി) അല്ല;

ആരാ വരുന്നത്? എന്റെ പ്രിയപ്പെട്ട ഭാവി വധു. (ജോയ്ഫുൾ പ്രവേശിക്കുന്നു. കൂളിംഗ് ഗ്ലാസ്സും വാനിറ്റി ബാഗും ഉണ്ട്. പ്രവേശിക്കുന്നുടൻ നേരെ ചെന്ന് വില്ല്യത്തിന് കൈ കൊടുത്തുകൊണ്ട്).

ജോയ്– ഗുഡ്മോണിംഗ്, ഡിയർ

വില്ല്യം– ഗുഡ്മോണിംഗ്, മൈ ഡിയർ. വിവാഹത്തിനെല്ലാം ഒരുങ്ങിക്കഴിഞ്ഞോ. നീയെത്ര സുന്ദരിയായിരിക്കുന്നു. നിന്റെ പ്രിയപ്പെട്ട ഭാവി ഭർത്താവിന്റെ ഭാര്യയല്ലേ നീ. നീ ഇപ്പോൾ എങ്ങോട്ടാണ് യാത്ര.

ജോയ്– ഞാൻ കടയിലേയ്ക്ക് പോകുകയാണ്. പോരാത്ത ചില സാധനങ്ങൾ വാങ്ങാനുണ്ട്.

വില്ല്യം– കൊള്ളാം. നീ ബുദ്ധിമതിയാണ്. നിന്റെ സംസാരം എത്ര ഇമ്പകരം.

ജോയ്– നമ്മുടെ വിവാഹനിമിഷത്തിനായി ഞാനും അക്ഷമയോട് കാത്തിരിക്കുകയാണ്. അപ്പൻ ഭയങ്കര കർശനക്കാരനാണ്. ആഴ്ചയിൽ രണ്ടുപ്രാവശ്യം മാത്രമേ സിനിമ കാണാൻ എന്നെ വിടുകയുള്ളൂ. പോക്കറ്റ് മണി തരുകയുമില്ല. ഭാഗ്യത്തിന് അതെല്ലാം ഇപ്പോൾ കഴിയുമല്ലോ. ധനവാനായ ഒരു വൃദ്ധനെ ഞാൻ വിവാഹം കഴിക്കുമ്പോൾ എനിക്കെല്ലാം ഇഷ്ടം പോലെ ചെയ്യാം. മിസ്സിസ് പീറ്റർ എനിക്കെല്ലാം പറഞ്ഞു തന്നിട്ടുണ്ട്. അവൾ എന്തു ചെയ്താലും ഭർത്താവ് അനങ്ങുകയില്ല ഞാൻ ഇപ്പോൾ അനുഭവിച്ചതിനെല്ലാം പകരം വീട്ടാൻ പോകുകയാണ്.

വില്ല്യം– എങ്ങനെ?

ജോയ്– എനിക്കിഷ്ടമുള്ളിടത്തെല്ലാം ഞാൻ പോകും. ലോകപരിജ്ഞാനമുള്ള അങ്ങ് ഒന്നിനും എന്നെ തടയുകയില്ലെന്ന് എനിക്കറിയാം. അങ്ങയുടെ ഭാര്യ ഒരു മുരാച്ചിയാകാൻ പാടില്ല. പരിഷ്കാരിയായിരിക്കാനാണല്ലോ ആഗ്രഹം.

വില്ല്യം– ആരുടെ ആഗ്രഹം? എന്റെയോ? നിന്റെയോ?

ജോയ്– അങ്ങേയ്ക്ക് ഓഫീസുണ്ട്. ക്ലബ്ബുണ്ട്. ഇഷ്ടംപോലെ വിഹരിക്കാം. ഞാൻ എന്റെ വഴിയ്ക്കും. അങ്ങ് അങ്ങയുടെ വഴിക്കും. അങ്ങയുടെ ഒരു കാര്യത്തിലും ഞാൻ ഇടപെ

ടുകയില്ല. എന്റെ ഇഷ്ടത്തിന് അങ്ങും ഇടപെടരുത്. അങ്ങനെ നല്ല രീതിയിൽ നമുക്ക് മുന്നോട്ടു പോകാം.

വില്ല്യം– രീതികൊള്ളാം. പക്ഷെ നടക്കുമോ? കണ്ടറിയണം.

ജോയ്– ഭാര്യമാരെ വീട്ടിനുള്ളിൽ അടച്ചുപുട്ടി ഇഷ്ടംപോലെ വിഹരിക്കുന്ന കാട്ടുപോത്തുക്കളായ ചില ഭർത്താക്കന്മാരുണ്ട്. അങ്ങ് അവരിൽ ഒരാളല്ലെന്ന് എനിക്ക് വിശ്വാസമുണ്ട്. അങ്ങനെയാകാൻ പാടില്ല.

വില്ല്യം– എരുമകളെപ്പോലെയാകാമോ?

ജോയ്– എന്റെ ചുറ്റും ധാരാളം പേർ ഉണ്ടായിരിക്കുന്നതാണ് എനിക്കിഷ്ടം. ധാരാളം നേരംപോക്കും വേണം. അതിന് പണം തന്നാൽ മതി. പ്രായമായ അങ്ങ് കുടെവന്ന് പരിഹാസം ഏറ്റുവാങ്ങരുത്.

വില്ല്യം– പരിഹസിക്കപ്പെടുന്നത് ആർക്കാണ് ഇഷ്ടം.

ജോയ്– എന്റെ സഹോദരനും, കൂട്ടുകാരനും എന്നെകൊണ്ടുപോകും.

വില്ല്യം– ആരുടെ കുട്ടുകാരൻ (ചിന്താമൂകനായി അൽപം വിവശനായി കാണപ്പെടുന്നു)

ജോയ്– അല്ല, എന്തുപറ്റി അങ്ങേയ്ക്ക്. അസുഖം വല്ലതും തോന്നുന്നോ?

വില്ല്യം– നല്ല സുഖം തോന്നുന്നില്ല. തലയ്ക്കൊരു മാന്ദ്യം. സാരമില്ല. ചിലപ്പോഴൊക്കെ വരാറുണ്ട്.

ജോയ്– ഞാൻ വരുമ്പോൾ അതെല്ലാം മാറും. അല്ല; ഞാൻ ധൃതി വയ്ക്കേണ്ടിയിരിക്കുന്നു. പലതും വാങ്ങാനുണ്ട്. പുതിയ വസ്ത്രങ്ങൾ, മോടിയുള്ള ആഭരണങ്ങൾ, പൗഡർ, ലിപ്സ്റ്റിക്, നഖം പൂശുന്ന ചായം, പിന്നെ പലതും. അണിഞ്ഞൊരുങ്ങി വരുമ്പോൾ ഞാൻ വേറെ ആളായിരിക്കും. അങ്ങയുടെ ഭാര്യ അണിഞ്ഞൊരുങ്ങി സുന്ദരിയായി വരുന്നത് അങ്ങേയ്ക്ക് അഭിമാനകരമല്ലേ.

വില്ല്യം– അത് കണ്ടറിയാം.

ജോയ്– എന്നാൽ ഞാൻ പോയി വരാം. റ്റാ റ്റാ ഡാർലിംഗ് (പോ

കുന്നു. (വില്ല്യം ചിന്താമൂകനും അസന്തുഷ്ടനുമായി നില കൊള്ളുന്നു. ജോൺസൺ പ്രവേശിക്കുന്നു.)

ജോൺ– അല്ല! വില്യം ചേട്ടനിപ്പോഴും ഇവിടെ നിൽക്കുകയാണോ. ഞാൻ അന്വേഷിച്ച് വന്നതാണ്. ആ സ്വർണ്ണക്കടക്കാരൻ പറഞ്ഞു ചേട്ടനൊരു നല്ല മോതിരം ചോദിച്ചിട്ടുണ്ടെന്ന്. ഇപ്പോൾ അയാളുടെ പക്കൽ ഒന്നുണ്ടെന്നു പറഞ്ഞു. പണവുമായി ചെന്നാൽ കിട്ടും.

വില്ല്യം– ഓ, അയാൾക്കെന്താ ഇത്ര ധൃതി. കുറച്ചു കഴിഞ്ഞ് മതിയെന്നുപറ. ജോൺസൺ, വിവാഹം മാറ്റി വയ്ക്കേണ്ടി വരും.

ജോൺ– എന്ത്? മുമ്പ് എത്ര ഉൽസാഹത്തോടെയാണ് വിവാഹക്കാര്യത്തെക്കുറിച്ച് സംസാരിച്ചത് ഇപ്പോൾ എന്തുപറ്റി.

വില്ല്യം– സത്യം ഇതാണ്. നീ പോയശേഷം വൈവാഹിക ആശയത്തെക്കുറിച്ച് കുടുതൽ താത്വികമായും ആഴമായും ഞാൻ ചിന്തിച്ചുതുടങ്ങി. കുറച്ചു നാൾ മുമ്പുണ്ടായ ഒരു സ്വപ്നവും ഓർമ്മയിൽ വരുന്നു.

ജോൺ– ചിത്രം! വിചിത്രം! എന്തായിരുന്നു സ്വപ്നം.

വില്ല്യം– ഞാൻ കാറിൽ യാത്ര ചെയ്യുന്നതായും, യാത്രാ മധ്യേ കാറിന്റെ ഓരോ ഭാഗവും അടർന്നു വീഴുന്നതായും കണ്ടു. ഇതായിരുന്നു സ്വപ്നം. ഇതിനൊരു വ്യാഖ്യാനം നൽകാമോ.

ജോൺ– എനിക്ക് പറ്റില്ല. തത്വചിന്തകന്മാരെ കണ്ടാൽ മതി. എനിക്ക് പരിചയമുള്ള രണ്ടു തത്വചിന്തകന്മാർ ഇവിടെ അടുത്തു താമസമുണ്ട്. ഞാൻ അവരോട് പറയാം രണ്ടുപേർക്കും തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് ഉണ്ട്. (മുമ്പോട്ടു നോക്കിയിട്ട്) അതാ, അവരിൽ ഒരാൾ ദൂരെ നിന്ന് ഇങ്ങോട്ടു വരുന്നു. ഞാൻ ഈ വഴിയേ പോയേക്കാം. ചേട്ടൻ ചോദിക്ക് (ജോൺസൺ പോകുന്നു).

(തത്വചിന്തകൻ സ്റ്റേജിന്റെ അറ്റത്ത് കയറി നിന്ന് പിന്നിലേക്ക് ആംഗ്യം കാണിച്ചുകൊണ്ട്)

ത:ചി.– നിന്റെ അജ്ഞത അപാരം എന്നു ഞാൻ പറയും.

വില്ല്യം– (അടുത്തുചെന്ന്) സർ, ഡോക്ടർ

ത:ചി.– (അങ്ങോട്ടു നോക്കാതെ വെളിയിൽ തന്നെ നോക്കി) നിനക്ക് തർക്കശാസ്ത്രത്തിന്റെ പ്രാഥമിക പാഠം പോലും അറിഞ്ഞുകൂടാ.

വില്ല്യം– (ആത്മഗതം) എന്നെ കുറിച്ചാണോ. (ഉച്ചത്തിൽ) സർ, ഡോക്ടർ എനിക്കൊരു കാര്യം പറയാനുണ്ട്. കേൾക്കണം.

ത:ചി.– (വില്ല്യത്തിന്റെ നേരെ തിരിഞ്ഞ്) ഗുഡ്മോണിംഗ്, ഗുഡ്മോണിംഗ് (വീണ്ടും വെളിയിലേക്ക് നോക്കി ഉച്ചത്തിൽ) നിന്റെ മൈനർ (ചെറിയ പ്രസ്താവന) തെറ്റാണ്. മേജർ (വലിയ പ്രസ്താവന) ചേരുന്നതല്ല. അതിനാൽ അനുമാനം ഭോഷത്വമാണ്. എടാ തെമ്മാടി, നീയൊരു സാധാരണക്കാരനെക്കാൾ അൽപം മെച്ചമെന്നേയുള്ളു.

വില്ല്യം– (ആത്മഗതം) തെമ്മാടിയെന്നോ, എന്നെയാണോ വിളിച്ചത്. (ഉച്ചത്തിൽ) സർ, ഡോക്ടർ, ഒന്നു കേൾക്കു.

ത:ചി.– (വില്ല്യം പറയുന്നത് ശ്രദ്ധിക്കാതെ പഴയതുപോലെ) നീ വാദിച്ചതുപോലെ വാദിക്കുന്ന ഒരു കാളയുടെ ഉടമയാകുവാൻപോലും ഞാൻ ലജ്ജിക്കുന്നു.

വില്ല്യം– (ആത്മഗതം) കാളയെന്ന്, എന്നെയോ. (ഉച്ചത്തിൽ) സർ, ഡോക്ടർ, പ്ലീസ്, ഒന്നു ശ്രദ്ധിക്കു,.

ത:ചി.– (വില്ല്യത്തിന്റെ നേരെ തിരിഞ്ഞ്) ഗുഡ്മോണിംഗ്. നിങ്ങൾ രണ്ടുപേരെയാണോ വിളിച്ചത് (വീണ്ടും വെളിയിലേയ്ക്ക് നോക്കി) ഇഡിയറ്റ്.

വില്ല്യം– (ആത്മഗതം) ഇതും എന്നെ കുറിച്ചാണോ. സർ, ഡോക്ടർ അങ്ങ് ഇത്രത്തോളം ക്ഷോഭിക്കത്തക്കവണ്ണം അവൻ എന്തു ചെയ്തു.

ത:ചി.– (ശ്രദ്ധിക്കാതെ) അവനെ പോലീസിലേൽപ്പിക്കേണ്ടതാണ്. ഫൂൾ, കുറ്റാവാളി.

വില്ല്യം– (ആത്മഗതം) അവനെ ആയിരിക്കും ഫൂളെന്ന് വിളിച്ചത്. എന്നെ ആയിരിക്കുകയില്ല.

തഃചി.– (വില്ല്യത്തിന്റെ നേരെ തിരിഞ്ഞ്) പറഞ്ഞാൽ താങ്കൾക്ക് വിശ്വസിക്കുവാൻ പോലും പറ്റുകയില്ല. ഒരു മുറിയുടെ കതക് അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് ഞങ്ങൾ വാദിച്ചത്. വാസ്തവത്തിൽ മുറിയല്ലേ അടയ്ക്കുന്നത്. കതകാണോ. അവന്റെ തെറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ അവൻ എന്നോട് കയർത്തു. ഈ തെറ്റായ ആശയം പ്രചരിപ്പിക്കാനും അവൻ മടിയ്ക്കുകയില്ല.

വില്ല്യം– കൊള്ളാമല്ലോ, ഞാൻ വിചാരിച്ചു, പോലീസിലും മറ്റും ഏൽപ്പിക്കണമെന്നു പറഞ്ഞപ്പോൾ അയാൾ കൊലപാതകമോ മറ്റോ ചെയ്തുകാണുമെന്ന്. ഏതായാലും അങ്ങ് സമാധാനപ്പെടണം.

തഃചി.– ഞാൻ സമാധാനപ്പെടണമെങ്കിൽ അവനെ ഒരു പാഠം പഠിപ്പിക്കണം. അതിനു ശേഷം.

വില്ല്യം– സർ, ഡോക്ടർ, എനിക്കൊരു അത്യാവശ്യകാര്യം പറയാനുണ്ടായിരുന്നു. പ്ലീസ്, ഒന്നു കേൾക്കു.

തഃചി.– (ശ്രദ്ധിക്കാതെ വെളിയിലേക്ക് നോക്കി) വിഡ്ഢി, പരമവിഡ്ഢി.

വില്ല്യം– (ആത്മഗതം) എന്നെയാണോ. അല്ല, അവനെ തന്നെ ആയിരിക്കണം.

തഃചി.– (ആത്മഗതം) കതക് തുറക്കുന്നു പോലും, പരമഭോഷൻ.

വില്ല്യം– സാർ പറയുന്നതായിരിക്കും ശരി.

തഃചി.– നിനക്ക് ബുദ്ധിയുണ്ടോ, വിവേകമുണ്ടോ.

വില്ല്യം– (ആത്മഗതം) എന്നോടാണോ. (ഉറക്കെ) സർ, ഞാനും അവനെ ശകാരിക്കാം. സാറൊന്നടങ്ങ്.

തഃചി.– ഭൂമി പിളർന്ന് അവനെ വിഴുങ്ങിയാലും തരക്കേടില്ലായിരുന്നു.

വില്ല്യം– അത്രത്തോളം വേണോ. സർ, ഡോക്ടർ എന്റെ കാര്യം കേൾക്കൂ. ഏകദേശം അരമണിക്കൂറായി ഞാൻ സാറിനോട് സംസാരിക്കുകയാണ്. എന്നിട്ട് ഒന്ന് ശ്രദ്ധിച്ചില്ലല്ലോ.

തഃചി.– ഐ ആം സോറി, ഞാൻ ക്ഷോഭിച്ചുപോയി. ആകട്ടെ, നിങ്ങളുടെ കാര്യം പറയുക. ഞാൻ സഹായിക്കാം. പ്രകൃതിശാസ്ത്രം സംബന്ധിക്കുന്ന കാര്യം വല്ലതുമാണോ?

വില്ല്യം– അല്ല.

തഃചി.– സസ്യശാസ്ത്രം സംബന്ധിക്കുന്നതാകാം.

വില്ല്യം– അല്ല.

തഃചി.– അസ്ഥിത്വവാദത്തെക്കുറിച്ചുള്ളതാണോ?

വില്ല്യം– അതും അല്ല.

തഃചി.– ശരീരശാസ്ത്രം സംബന്ധിച്ചുള്ളതായിരിക്കാം.

വില്ല്യം– ഏകദേശം.

തഃചി.– മനഃശാസ്ത്രപരമാണോ?

വില്ല്യം– ആ പ്രശ്നം സാറിനുണ്ടല്ലോ. എനിക്കും അൽപം ഉണ്ട്.

തഃചി.– എന്നാൽ പ്രശ്നം എന്താണെന്ന് പറയുക. വിസ്തരിച്ച് പറയണം. പുർണ്ണമായും. മനുഷ്യന് സംസാര ശക്തിയുള്ളത് അവന്റെ ആശയങ്ങൾ വിസ്തരിച്ച് പറയാൻ വേണ്ടിയാണ്. നമ്മുടെ ആശയങ്ങൾ പുറമേയുള്ള വസ്തുക്കളുടെ പ്രതിച്ഛായയാണ്. വാക്കുകൾ ആശയങ്ങളുടെ പ്രതിച്ഛായയും.

വില്ല്യം– സർ, ഡോക്ടർ ഈ തത്വചിന്തകൊണ്ട് എന്നെ വധിക്കാതിരിക്കൂ. എന്റെ പ്രശ്നം ഇതാണ്. ഞാൻ വിവാഹിതനാകാൻ ആഗ്രഹിക്കുന്നു. വധു ഒരു യുവ സുന്ദരിയെങ്കിലും വലിയ പുരോഗമനക്കാരിയാണെന്നുള്ളത് ഇപ്പോഴാണ് മനസ്സിലാകുന്നത്.

തഃചി.– മനസ്സിലാക്കിയ പുരോഗമനക്കാരിയെ വശത്താക്കരുത്. കൂടുതൽ സംസാരിക്കുന്നവൾ കുടുതൽ സഞ്ചരിക്കും. വായാടികൾ കൊള്ളുകയില്ല. ഏതിനെ കുറിച്ചെങ്കിലും തീർത്ത് അഭിപ്രായം പറയാൻ ആർക്ക് കഴിയും. അഭിപ്രായം ഇരുമ്പുലക്കയല്ലെങ്കിലും കല്ലുലക്കയാണെന്ന് പ്ലേറ്റോയോ മറ്റോ പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് ഒരഭിപ്രാ

യവും ആവശ്യമില്ല. തലയ്ക്ക് നെല്ലിക്കാത്തളം ഇട്ടാൽ മതി. അതിന് ആ യുവതി ഉപകരിക്കും.

വില്ല്യം– (ക്ഷോഭിച്ച്) നിന്റെ മറ്റവന്റെ തലയ്ക്കാ തളം ഇടേണ്ടത് (കയ്യിലിരിക്കുന്ന വടി ഓങ്ങുന്നു).

ത:ചി.– വൃദ്ധാ തല്ലല്ലേ (എന്നു പറഞ്ഞ് ചുളി ഓടിപ്പോകുന്നു)

വില്ല്യം– അങ്ങനെ ഓട്. തലയ്ക്ക് തളത്തിനു പകരം വടി കിട്ടുമായിരുന്നു. ഈ തത്വചിന്ത എന്നു പറയുന്നത് എന്തൊരു വിഡ്ഢിത്തമാണ്. (മുന്നോട്ടു നോക്കി) അതാ, രണ്ടാമത്തെ ഡോക്ടർ വരുന്നു. അയാളോട് അരക്കൈ നോക്കിക്കളയാം (അടുത്തെത്തിയ രണ്ടാം ഡോക്ടറോട്).

വില്ല്യം– സർ, ഡോക്ടർ ഒന്നു നിൽക്കണേ.

ത:ചി.– എന്താ, നിങ്ങൾ രണ്ടു പേരെയാണോ വിളിച്ചത്.

വില്ല്യം– അല്ല, സാറിനെമാത്രം. സാറ് രണ്ടുമാണല്ലോ.

ത:ചി.– ഞാൻ ചികിൽസിക്കുന്ന ഡോക്ടറല്ല. ചിന്തിക്കുന്ന ഡോക്ടറാണ്. നിങ്ങൾക്കെന്തുവേണം?

വില്ല്യം– എനിക്ക് വേണ്ടത് ചിന്ത, അഭിപ്രായം.

ത:ചി.– ചിന്തയിൽ നിന്ന് അഭിപ്രായം ഉരിത്തിരിയുന്നു. അഭിപ്രായത്തിൽ നിന്ന് മുടികളും, വടികളും, അടികളും.

വില്ല്യം– എന്റെ പ്രമേയം ഇതാണ്.

ത:ചി.– പ്രമേയവും, പ്രമേഹവും, പ്രേമവും തമ്മിൽ വലിയ വ്യത്യാസമില്ല. എന്നാൽ പ്രമേഹമുള്ളവന് പ്രേമം കണ്ടെന്നുവരും. പ്രേമമുള്ളവന് പ്രമേഹം വേണമെന്നില്ല.

വില്ല്യം– എനിക്ക് രണ്ടേയുള്ളു. പ്രമേയവും, പ്രേമവും. മറ്റു വിധത്തിൽ പറഞ്ഞാൽ പ്രേമത്തെ സംബന്ധിക്കുന്ന പ്രമേയം.

ത:ചി.– വിവാഹത്തെ സംബന്ധിക്കുന്ന പ്രശ്നമാണോ?

പ്രേതത്തെ സംബന്ധിക്കുന്നതല്ലല്ലോ.

വില്ല്യം– പ്രേതത്തെ സംബന്ധിക്കുന്നതാകരുത്. അതിനാണ് അഭിപ്രായം ചോദിക്കുന്നത്.

ത:ചി.– എന്തിനെക്കുറിച്ച്.

വില്ല്യം– ഞാനൊരു യുവതിയെ വിവാഹം കഴിക്കുന്നതിനെക്കുറിച്ച്.

ത:ചി.– അത് ധരിക്കാൻ പ്രയാസം

വില്ല്യം– അവൾ ചെറുപ്പക്കാരിയാണ്, സുന്ദരിയാണ്.

ത:ചി.– പ്രായമായവർ ശരിയായി ധരിക്കില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ.

വില്ല്യം– ഞാൻ അങ്ങനെയൊന്നുമല്ല.

ത:ചി.– ധാരണ ഉന്മേഷമുള്ള മനസ്സിന്റെ വ്യാപാരമാണ്. ആ ശക്തിയിൽ നിന്നാണ് ആശയവും, ആശയത്തിൽ നിന്ന് വാക്കും ജനിക്കുന്നത്.

വില്ല്യം– (ആത്മഗതം) കണ്ടന്റെ കൂട്ടുകാരൻ കോരൻ തന്നെ.

ത:ചി.– എന്ത്! നിങ്ങൾ എന്താണ് പിറുപിറുക്കുന്നത്.

പിറുപിറുപ്പ് മനസ്സിന്റെ വികൃതിയാണ്. വികൃതസന്താനം.

വില്ല്യം– എനിക്ക് സന്താനത്തെക്കുറിച്ചൊന്നും അറിയണമെന്നില്ല. നിങ്ങൾക്കും നെല്ലിക്കാത്തളമാണ് ആവശ്യം.

ത:ചി.– എനിക്കോ! ഞാൻ ആരാണെന്ന് നിങ്ങൾക്കറിയാമോ? കോസ്മോളജി, ഒന്റോളജി, ലോജിക്ക്, എപ്പിസ്റ്റമോളജി തുടങ്ങിയ ശാസ്ത്രങ്ങൾ അരച്ചു കലക്കി കുടിച്ചവനാണ് ഞാൻ.

വില്ല്യം– കുടിയാണ് വഴിപിഴപ്പിക്കുന്നത്. മാജിക്കും, മോളജിക്കും ഒക്കെ അകത്താക്കിയതിനാലാണ് ഈ ഭ്രാന്ത് പിടിച്ചത്.

ത:ചി.– മണ്ടൻ കിഴവാ, യുവതിയെ കെട്ടാൻ നടക്കുന്ന നിനക്കല്ലേ ഭ്രാന്ത്.

വില്ല്യം– ഛീ; എന്ത്, എന്തു പറഞ്ഞു. ഞാൻ മണ്ടനും ഭ്രാന്തനുമെന്നോ, എന്നാൽ ഇപ്പോൾ കാണിച്ചുതരാം (കോപിച്ച് വടി ഓങ്ങുന്നു).

ത:ചി.– തല്ലല്ലേ വൃദ്ധാ, വേണമെങ്കിൽ യുവതിയെ കെട്ടിക്കോളൂ. (ഒഴിഞ്ഞുമാറി ഓടിപ്പോകുന്നു).

വില്ല്യം– (ആത്മഗതം) അങ്ങനെ രണ്ടുപേരും ഓടി. രണ്ടുപേരും പറഞ്ഞതിൽ നിന്ന് ഒരു കാര്യം മനസ്സിലായി. വിവാഹം

കഴിക്കുകയോ, കഴിക്കാതിരിക്കുകയോ ചെയ്യാം എന്ന അഭിപ്രായം

വില്ല്യം- (മുമ്പോട്ടു നോക്കി) അല്ല. പെണ്ണിന്റെ ആങ്ങളയാണല്ലോ വരുന്നത്.

(തിടുക്കത്തിൽ ഒരു യുവാവ് പ്രവേശിച്ച്)

യുവാവ്- അല്ല, മണവാളൻ വല്ല്യപ്പൻ, അല്ല അളിയൻ ഇവിടെ നിൽക്കുയാണോ. വിവാഹസമയം അടുത്തുവരുന്നു. അതിഥികൾ എല്ലാം എത്തിയിട്ടുമുണ്ട്. എന്താ വരാൻ താമസം.

വില്ല്യം- വരട്ടെ, ധൃതിവയ്ക്കാതെ.

യുവാവ്- ഇനിയും താമസിക്കണമെന്നോ. സാധ്യമല്ല ഉടൻ വരണം.

വില്ല്യം- എടാ കൊച്ചനേ, ഇതിനെക്കുറിച്ച് അൽപംകൂടി ചിന്തിക്കേണ്ടതുണ്ട്. പെട്ടെന്ന് തീരുമാനം എടുക്കാൻ കഴിയുകയില്ല. ചിന്തിക്കണം.

യുവാവ്- വേണ്ടതുപോലെ ചിന്തിച്ചാണല്ലോ തീരുമാനം എടുത്തത്. ഇനി എന്ത് ചിന്തിക്കാനിരിക്കുന്നു.

വില്ല്യം- അങ്ങനെയല്ല. എനിക്ക് പ്രായം കൂടിപ്പോയി, നിന്റെ സഹോദരി ചെറുപ്പക്കാരി, മിടുമിടുക്കി, പുരോഗമനക്കാരി. എനിക്ക് അവളെയല്ല ഒരു നേഴ്സിനെയാണ് വേണ്ടത്.

യുവാവ്- ഇത് തമാശയായിട്ടു പറയുന്നോ, അതോ ഗൗരവത്തോടെയാണോ.

വില്ല്യം- തികച്ചും ഗൗരവത്തോടെ.

യുവാവ്- വന്ദ്യവയോധികനായ അളിയാ അളിയന്റെ ഉരുണ്ടുകളിയൊന്നും ഞങ്ങളോട് പറ്റില്ല. ഒന്നുകിൽ വാഗ്ദാനപ്രകാരം ജോയിഫുള്ളിനെ കെട്ടണം. അല്ലെങ്കിൽ ഞങ്ങൾ നിങ്ങളെകെട്ടും.എന്നുവച്ചാൽ കെട്ടിയിട്ട് തല്ലിക്കൊല്ലും. ഇപ്പോഴേ തുടങ്ങിയേക്കാം. പ്രായമായ അളിയനെ തല്ലുന്നത് ദൈവം ക്ഷമിക്കട്ടേ. (ഒറ്റ കുതിപ്പിന് മുമ്പോട്ടു കടന്ന് വില്ല്യമിന്റെ വടിപിടിച്ചു വാങ്ങി ഒന്നു രണ്ടടി അടിയ്ക്കുന്നു).

വില്ല്യം- (കരഞ്ഞ് തടഞ്ഞുകൊണ്ട്) എടാ, നിർത്ത് എന്നെ തല്ലരുത്. നിന്നോടൊത്ത് വരാം, വിവാഹം നടക്കട്ടെ.

യുവാവ്- അങ്ങനെ വാ. അടിച്ചതിൽ ദു:ഖമുണ്ട്, ക്ഷമിക്കണം ഇനിയും അളിയന്മാരാണല്ലോ. നമുക്ക് മേലിൽ സ്നേഹത്തിൽ കഴിയാം. എന്നാൽ ഉടനെപോകാം. കല്ല്യാണവും സദ്യയും ഭംഗിയായി നടത്താം.

വില്ല്യം- എല്ലാം എത്ര ഭംഗിയാകുമെന്ന് കണ്ടറിയണം. പോംവഴിയില്ലല്ലോ. വാ നമുക്ക് പോകാം. (രണ്ടുപേരും ഒരുമിച്ച് പോകുന്നു)

( - കർട്ടൻ - )